KNANAYADEEPAM

# ക്നാനായദീപം


SINCE 1989

Vol: 34 / Issue: 5 May 2023 ₹:10/-



## 3 – ാം ചരമവാർഷികം

19–05–2023



# വി.സി. ചാക്കോ (കുഞ്ഞൂഞ്ഞ്)

**വാഴുവേലിൽ, ഇരവിപേരൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

SINCE 1989

# ക്നാനായ ദീപം

2023 മേയ് പുസ്തകം 34     ലക്കം 5

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

സ്നാപകയോഹന്നാൻ 08
സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ

അഭിമാന നിമിഷം 10
ബിജു ജേക്കബ് കൈതാരം

പറന്നുയരട്ടെ നമ്മുടെ കുട്ടികൾ 19
സുനിൽ ഡി. കുരുവിള

ബഹുജനം പലവിധം 21
റ്റി.സി. തോമസ് തോപ്പിൽ

ഒന്നും ഇല്ലാത്തവനായി വന്നു 22
അമ്മാൾ രാജൻ പുളിമൂട്ടിൽ

ശൂന്യ 23
ഡോ. ഐബി ജോസ് കിഴക്കേടത്ത്

പെൻസിൽ പ്രമാണങ്ങൾ 26
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

ഏവൻഗേലിയോൻ ദീപം 27
ഫാ. തോമസുകുട്ടി എം. എസ്. മങ്ങാട്ട്

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 30

39 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

41 പുഞ്ചിരിച്ചുകൊണ്ട് ഒരു ചിരി ദിനം
ഡോ. രോണി ജെയിൻ രാജു

42 മല്പാനോട് ചോദിക്കാം

43 ഹാ മരണമേ നിന്റെ ജയമെവിടെ
സീമ തോമസ് കന്നിയേൽ

45 ദൈവം വിൽക്കപ്പെടുന്നു, വിശ്വാസവും
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

46 കാൽപ്പാടുകൾ
എബി

48 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




ക്രിസ്തു യേശുവിൽ പ്രിയ ക്നാനായ ദീപത്തിന്റെ വായനക്കാർക്ക് യേശുക്രിസ്തുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹ വന്ദനങ്ങൾ.

മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാമൂഹ്യ, രാഷ്ട്രീയ, സാംസ്ക്കാരിക, വ്യവസ്ഥിതികളുടെ മദ്ധ്യത്തിൽ മാറ്റമില്ലാത്ത സുവിശേഷം, സങ്കീർണ്ണങ്ങളായ മാനുഷിക പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗമായി വ്യക്തികൾക്കും സമൂഹങ്ങൾക്കും അനുഭവിച്ചറിയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നതാണ് ദീപത്തിന്റെ ലക്ഷ്യം. സ്ക്കുളുകളും കോളജുകളും മദ്ധ്യവേനൽ അവധികഴിഞ്ഞ് തുറക്കുവാൻ തുടങ്ങുന്നു. ലക്ഷകണക്കിന് കുട്ടികളും വിദ്യാഭ്യാസത്തിനായി ഒരുങ്ങുന്നു. അറിവു തേടി ഇറങ്ങിത്തിരിച്ചിരിക്കുന്ന കേരളത്തിലെ കോടിക്കണക്കിനു വരുന്ന വിദ്യാർത്ഥികൾക്ക് എന്താണ് ലഭിക്കുക? വിജ്ഞാനം പകരുക എന്നതാണ് എക്കാലത്തും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വിജ്ഞാനം പകരുക എന്നതിൽ അടങ്ങിയിരിക്കുന്നത് കുറെ അക്ഷരങ്ങളും അക്കങ്ങളും എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുക മാത്രമാണോ? അതല്ലെന്ന് എല്ലാവരും സമ്മതിക്കും. പക്ഷേ ഇന്നത്തെ വിദ്യാഭ്യാസരംഗം വീക്ഷിച്ചാൽ ഏതെങ്കിലും ഒരു ജോലി ലഭിക്കുവാനുള്ള ഒരു ഉപാധി എന്നതിൽ കവിഞ്ഞ് മറ്റൊന്നും ആരും ചിന്തിക്കുന്നുണ്ടെന്ന് തോന്നുന്നില്ല. ജീവിതം ആസ്വദിക്കുവാനുള്ളതാണെന്നും അതിനു സമ്പത്തുണ്ടാക്കിയാലെ പറ്റു എന്നും വിദ്യാഭ്യാസം സമ്പത്തുണ്ടാക്കാനുള്ള ഒരു മാർഗ്ഗം മാത്രമാണെന്നും മറ്റുമാണ് പലരും ധരിച്ചിരിക്കുന്നത്. ഈ ധാരണയ്ക്ക് മാറ്റം വന്നേ മതിയാവു. ധാർമ്മീക മൂല്യങ്ങളുടെ ഊടും ഭാവവുമില്ലാത്തൊരു വിദ്യാഭ്യാസം അഭിവൃദ്ധിയിലേക്കല്ല പ്രത്യുത അപകടത്തിലേക്കാണ് ചെന്നെത്തുക. ഉത്തമമായ ജീവിതം നയിക്കുന്നതിന് ഒരുക്കുക എന്നതായിരിക്കണം ലക്ഷ്യം. കണക്കും ഭാഷയും ശാസ്ത്രവും പഠിപ്പിക്കുന്നതിനോടൊപ്പം സത്യസന്ധത, നിസ്വാർത്ഥത, കൂട്ടുത്തരവാദിത്വം, സഹാനുഭൂതി, ദൈവ വിശ്വാസം എന്നിവകൂടി വിദ്യാർത്ഥികളിൽ ഉളവാകുവാൻ ബോധപൂർവ്വമായ ഒരു പരിശ്രമവും ഉണ്ടാവണം. ആധുനിക ശാസ്ത്രജ്ഞന്മാർ ഭൂമണ്ഡലത്തെക്കുറിച്ചും മനുഷ്യ വംശത്തെക്കുറിച്ചും പുതിയ ശാസ്ത്രീയ ഗവേഷണങ്ങളും കണ്ടുപിടിത്തങ്ങളും നടത്തുന്നു. ഡോക്ടർമാർ മാറാരോഗങ്ങൾക്ക് പുതിയ മരുന്നുകൾ സൃഷ്ടിക്കുന്നു. ഇങ്ങനെ ശാസ്ത്രം പലവിധ പ്രക്രിയകളിൽകൂടി പുരോഗതിയിൽനിന്നും പുരോഗതിയിലേക്ക് കുതിച്ചുയരുന്നു. ഒന്നാം നൂറ്റാണ്ടിലെ ശാസ്ത്രീയ കണ്ടു പിടിത്തങ്ങളല്ല 21-ാം നൂറ്റാണ്ടിൽ ഉള്ളത്. മനുഷ്യ സഹായം കൂടാതെ പ്രവർത്തിക്കുവാനും പ്രവർത്തിപ്പിക്കുവാനും കഴിവുള്ള ഒട്ടനവധി ആധുനിക യന്ത്രങ്ങൾ ഇന്ന് ഉണ്ട്. അതിൽ ഉപരിയായി ലോകത്തെ മൊത്തമായി ഒട്ടനവധി പ്രാവശ്യം നശിപ്പിക്കുന്നതിന് തക്കതായ ആധുനിക ഉപകരണങ്ങളും പല രാജ്യക്കാരുടെയും കൈവശം ഉണ്ട്. ഇതുപോലെ ക്രിസ്തീയ ലോകത്തിലും വളരെയധികം ഉയർച്ചകളും പുരോഗതികളും, ആത്മീയ അധ:പതനങ്ങളും സംജാതമായികൊണ്ടിരിക്കുന്നു. അംബര ചുംബികളായ ദൈവാലയങ്ങളും അനേകം സ്ഥാപനങ്ങളും വളരെ വേഗത്തിൽ പുരോഗമിക്കുന്നു. എന്നാൽ ദൈവവചന അടിസ്ഥാനത്തിൽ അല്ലാത്തതായ ആദർശങ്ങളും തത്വചിന്തകളും മനുഷ്യ മസ്തിഷ്ക്കത്തെ കലുഷം ആക്കുന്ന ആശയങ്ങളും പരിഷ്ക്കാരങ്ങളും ആത്മീകരുടെ ആത്മീകം നഷ്ടപ്പെടുത്തുവാൻ ഇടയാകുന്നു. ഇങ്ങനെ ഉള്ള തത്വചിന്തകളുടെ ഫലമായി ആരാധനാലയങ്ങളിലും ഭവനങ്ങളിലും വ്യക്തികളിലും അഭക്തിയുടെയും ജഢീകത്തിന്റെയും വിത്ത് വിതക്കപ്പെടുകയും അത് വളർന്നു പന്തലിച്ച് കോളിളക്കങ്ങളും കോലാകലങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നു. ദൈവവചനം ശക്തിയോടെ അറിയിക്കുവാൻ എതിർപ്പുകളും വിവിധ സ്ഥലങ്ങളിൽ പീഢകളും വർദ്ധിച്ചു വരുന്നു. ആകയാൽ ദൈവമക്കൾ ദൈവവചനം വെളിച്ചത്തിൽ ആത്മിക പ്രകാശവും സന്തോഷവും ലഭിക്കുന്ന പഴയ പാതകളിലേക്ക് തിരിച്ചു വരേണ്ട സമയം വൈകിയിരിക്കുന്നു. ഒന്നാമത് പഴയ പ്രാർത്ഥനാ ജീവിതത്തിലേക്കു മടങ്ങി വരണം. ഒരു വ്യക്തിക്ക് ദൈവവുമായി ആത്മീക സംസർക്കം പുലർത്തുവാനും അനുഗ്രഹം പ്രാപിപ്പാനും പ്രാർത്ഥനയിൽ കൂടി സാധിക്കും. പ്രാർത്ഥന ആത്മാവിന്റെ ശ്വാസോച്ഛ്വാസമാണ്. അതില്ലാത്തവൻ മരിച്ചവനാണ്. നമ്മുടെ കർത്താവ് പിതാവിനോടുള്ള സംസർഗ്ഗത്തിൽ എപ്പോഴും കഴിഞ്ഞു കൂടിയെങ്കിലും അതിനു പുറമെ നിയമാനുസൃതമായ പ്രാർ ത്ഥനകൾ നടത്തിയിരുന്നു. പത്രോസും യോഹന്നാനും ഒമ്പതാം മണിയുടെ പ്രാർത്ഥനയ്ക്ക് പള്ളിയിലേക്കു പോയതായി കാണുന്നതിൽനിന്നും അവർ നിയമാനുസൃതമായ ക്രമങ്ങൾ നടത്തിയിരുന്നുവെന്നും കർത്താവിനോടൊന്നിച്ചുള്ള ജീവിതത്തിലും അവർ അത് പാലിച്ചിരുന്നുവെന്നുമാണ് ഗ്രഹിക്കുന്നത്. തനതു പ്രാർത്ഥനയുണ്ടെന്നു ഭാവിച്ച് നിയമാനുസൃത പ്രാർത്ഥനകൾ ഉപേക്ഷിക്കുന്നതും നിയമാനുസൃത പ്രാർത്ഥനകൾ എങ്ങനെയെങ്കിലും കാട്ടികൂട്ടി ആന്തരീയമായ പ്രാർത്ഥന ജീവിതം നഷ്ടപ്പെടുത്തുന്നതും നല്ലതല്ല.

മനപ്രാർത്ഥനയുടെ പേരിൽ ചിലയിടത്തു നടക്കുന്ന പ്രാർത്ഥനാ സമ്പ്രദായങ്ങൾ കൊണ്ട് സത്യ വിശ്വാസത്തിൽനിന്നും പലരും തള്ളപ്പെട്ടിരിക്കുകയാണ്. നിയമാനുസൃത പ്രാർത്ഥന നമ്മുടെ കർത്താവിന്റെ പ്രാർത്ഥനയിലും, മാലാഖമാരുടെ സ്തുതിപ്പുകളിലും സങ്കീർത്തനങ്ങളിലും പരിശുദ്ധാത്മ ലിഖിതങ്ങളിലും അടിസ്ഥാനപ്പെട്ടിരിക്കുന്നതിൽ അവ വർജ്യങ്ങളായോ അധികപറ്റായോ ആരും കണക്കാക്കേണ്ടതായ ആവശ്യമില്ല. കുരിശുവര, വണക്കം, കുമ്പിടീൽ, നോമ്പാചരണം പട്ടക്കാരുള്ളപ്പോൾ ധൂപ പ്രാർത്ഥന മുതലായ അനുഷ്ഠാനങ്ങൾ പ്രാർത്ഥനയോടു ചേർന്നുള്ളതാണ്. പ്രാർത്ഥനകൾ തികക്കാത്തതും, വ്രത നിഷ്ഠകൾ പാലിക്കാത്തതും കൂദാശക്രമങ്ങളിൽ പിതാക്കന്മാർ എഴുതി തന്നിട്ടുള്ള പ്രാർത്ഥനകൾ മുഴുവനും ചെല്ലാത്തതും ഒരു "ക്വാളിഫിക്കേഷൻ ആയിട്ടോ", "ഫാഷൻ" ആയിട്ടോ പട്ടക്കാരുടെയും മേൽപട്ടക്കാരുടെയും ഇടയിൽ തീർന്നിട്ടുള്ളത് സഭയുടെ ഗുരുതരമായ ഒരുരോഗ ലക്ഷണമായി കണക്കാക്കുന്നതിൽ തെറ്റില്ല. സഭയെ പുരോഗമിപ്പിക്കുന്നവർക്ക് ഇതൊന്നും സാരമായി തോന്നാനിടയില്ല. ഓർത്തഡോക്സ് പട്ടക്കാർ നോമ്പുകാലത്ത് ഹോട്ടലിൽപോയി വിഭവസമൃദ്ധമായ ഡിന്നർ കഴിക്കുന്നതും കണ്ട് ഹോട്ടൽ മാനേജരന്മാർപോലും മൂക്കിൽ കൈവെച്ചു പോകാറുണ്ട്. നോമ്പും, കുമ്പിടിലും, വ്രതങ്ങളും വെട്ടിച്ചുരുക്കിയതുകൊണ്ട് ഇവ ഒരു കാലയളവിൽ ആർക്കും പരിചയമില്ലാത്ത പദ പ്രയോഗങ്ങളായി തീർന്നേക്കാം. നോമ്പും നമസ്ക്കാരങ്ങളും അരമനകളിലും ഭവനങ്ങളിലും കുറഞ്ഞു പോയതാണ് ഇന്നത്തെ സഭയുടെ അധ:പധനത്തിന്റെ കാരണം. നോമ്പും നമസ്ക്കാരവും ശിക്ഷണവുമാകുന്ന ഇമ്പമുള്ള നുകം സന്തോഷത്തോടും പിറുപിറുപ്പില്ലാതെയും വഹിക്കുന്ന വൈദീകരിലും മേൽപ്പട്ടക്കാരിലും കൂടെ മാത്രമെ സഭ ഉയരു. അവർക്കു മാത്രമേ ജനത്തെ നടത്തുവാൻ കെൽപ്പുണ്ടാകു. പ്രാർത്ഥനാ സ്വഭാവമുള്ള ജനത്തിന്റെ മുമ്പിൽ പ്രാർത്ഥനയില്ലാത്ത പട്ടക്കാരൻ പരാജിതനാകുന്നതിൽ അത്ഭുതപ്പെടുവാനില്ല. ആയതിനാൽ നമ്മുടെ പിതാക്കന്മാർ ഏൽപ്പിച്ചുതന്ന പ്രാർത്ഥനകൾ വെട്ടി ചുരുക്കാതെ പ്രാർത്ഥിച്ചു പിതാക്കന്മാർ കാണിച്ചുതന്ന വഴികളിൽകൂടി നടക്കാം.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

**സ്വർഗ്ഗാരോഹണത്തിന് സാക്ഷികളായ ശിഷ്യർക്ക് ലഭിച്ച ഉൾവിളി കർത്താവ് രണ്ടാമത് വരുമെന്ന വലിയ സന്ദേശമാണ്. ഇത് അനുതാപജീവിതത്തിനും, നിരന്തരം കർത്താവുമായുള്ള ബന്ധം നിറഞ്ഞ ജീവിത ത്തിലേക്കും നമുക്ക് ആഹ്വാനമാകുന്നു.**



കർത്താവിൽ പ്രിയരെ,

ഉയിർത്തെഴുന്നേറ്റ കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തതിന്റെ സ്മരണയായ സ്വർഗ്ഗാരോഹണപ്പെരുന്നാൾ മെയ് 18 ന് നാം ആചരിക്കുകയാണല്ലോ. മനുഷ്യരെ രക്ഷിക്കുക എന്ന ദൗത്യത്തോടെ സ്വർഗ്ഗത്തിൽ നിന്ന് എഴുന്നള്ളിയ കർത്താവ്, ഉയിർപ്പിന് ശേഷം ഭൂമിയിൽ തന്റെ ശുശ്രൂഷ നിവൃത്തിച്ച് നാല്പതാം ദിവസം എവിടെ നിന്ന് താൻ ആഗതനായോ അവിടേക്ക് മടങ്ങുന്നു. ഇതിലൂടെ താൻ മരണത്തെ കീഴടക്കിയ ദൈവപുത്രനാണെന്ന സന്ദേശം നൽകുന്നു. സ്വർഗ്ഗാരോഹണത്തിന് സാക്ഷികളായ ശിഷ്യർക്ക് ലഭിച്ച ഉൾവിളി കർത്താവ് രണ്ടാമത് വരുമെന്ന വലിയ സന്ദേശമാണ്. ഇത് അനുതാപജീവിതത്തിനും, നിരന്തരം കർത്താവുമായുള്ള ബന്ധം നിറഞ്ഞ ജീവിതത്തിലേക്കും നമുക്ക് ആഹ്വാനമാകുന്നു. അതിനാൽ നമുക്ക് ലഭിക്കുന്ന ആയുസ്സിൽ വിശുദ്ധിയുടെ നിറകുടങ്ങളായി ജീവിക്കുവാനുള്ള ആഹ്വാനത്തെ വിസ്മരിക്കുവാൻ സാധിക്കുകയില്ല. സ്വർഗ്ഗാരോഹണപ്പെരുന്നാൾ നൽകുന്ന ആഹ്വാനമായ അനുതാപവും, വിശുദ്ധിയും നിറഞ്ഞ ജീവിതത്തിലേക്കും നമുക്ക് എത്തിച്ചേരാം.

സ്വർഗ്ഗാരോഹണപ്പെരുന്നാളിനു ശേഷം പത്തുദിവസങ്ങൾ കഴിയുമ്പോൾ പെന്തിക്കോസ്തിപ്പെരുന്നാൾ ആകുന്നുവല്ലോ. ഇതാകട്ടെ സഭയുടെ ജന്മദിനം ആക്കുന്നുവല്ലോ. അന്ന് യേശുവിന്റെ കല്പനയനുസരിച്ച് കാത്തിരുന്നവർക്ക് പരിശുദ്ധാത്മ അഭിഷേകം ലഭിച്ചുവെങ്കിൽ, നാമാകുന്ന വിശ്വാസികൾ പെന്തിക്കോസ്തി പെരുന്നാളിൽ പങ്കെടുക്കുന്നതിലൂടെ നമ്മിൽ പരി. മാമ്മൂദീസായിലൂടെ ലഭിച്ച പരിശുദ്ധാത്മാവിനെ ഉജ്ജ്വലിപ്പിക്കുന്ന അനുഭവം യാഥാർത്ഥ്യമാകണം. പരിശുദ്ധാത്മാവ് നയിക്കുന്ന ജീവിതം നയിക്കേണ്ടതുണ്ട്. അതുപോലെ പരിശുദ്ധാത്മ ഫലങ്ങൾ നമ്മിൽ നിന്ന് ഉണ്ടാകണം.

1678-ാമത് സിറിയൻ കുടിയേറ്റ വാർഷികം നമ്മുടെ കുറിച്ചി മോർ ഇഗ്നാത്തിയോസ് പള്ളിയിൽ വച്ച് ഏറ്റവും അനുഗ്രഹകരമായി നടത്തുവാൻ ദൈവം അനുവദിച്ചു. ഇതിന് നേതൃത്വം നല്കിയ ഇടവക വികാരിയേയും, ക്നാനായ കോൺഗ്രസ് ഭാരവാഹികളേയും, കൺവീനറുമാരേയും, ഇടവക നിർവാഹക സമിതി അംഗങ്ങളേയും, സ്വാഗസംഘം അംഗങ്ങളെയും, പ്രത്യേകമായി അനുമോദിക്കുന്നു. ഇതിൽ സഹകരിച്ച എല്ലാവരെയും ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈ വാർഷിക സംഗമത്തിലൂടെ നമ്മുടെ പൈതൃകത്തെയും തനിമയെയും ആഘോഷിക്കുന്നതിനും, നമ്മുടെ കുടുംബസംഗമമായിത്തീരാനും സാധിച്ചു. ഇപ്പോൾ ലഭിച്ച എല്ലാ പങ്കാളിത്തവും തുടർന്നും ഉണ്ടാകണമെ.

ക്നാനായ അതിഭദ്രാസനത്തിന്റെ പ്രഥമമെത്രാപ്പോലീത്ത കാലം ചെയ്ത പുണ്യശ്ലോകനായ അഭി. ഗീവർഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 96-ാം ശ്രാദ്ധപ്പെരുന്നാൾ വന്ദ്യപിതാവ് കബറടങ്ങിയിരിക്കുന്ന കോട്ടയം വലിയ പള്ളിയിൽ ജൂൺ 10,11 തീയതികളിൽ നാം ആചരിക്കുകയാണല്ലോ. ആ വന്ദ്യപിതാവിലൂടെ സമുദായത്തിന് ലഭിച്ച ദൈവകൃപകൾക്കായി ദൈവത്തെ മഹത്വപ്പെടുത്തുന്നു. നമ്മെ നയിച്ച പ്രധാന ആചാര്യന്മാരെയും, ആചാര്യന്മാരെയും യാമപ്രാർത്ഥനകളിലും വി. കുർബ്ബാനയിലും ഓർത്ത് പ്രാർത്ഥിക്കണം.

നമ്മുടെ സണ്ടേസ്ക്കൂൾ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ദൈവവിളി ക്യാമ്പ് അനുഗ്രഹകരമായി നടത്തുവാൻ സാധിച്ചു. അതിൽ പങ്കെടുത്ത കുട്ടികൾക്ക് പ്രത്യേക ഒരു ദൈവാനുഭവം ലഭിച്ചുവെന്ന് അതിൽ സംബന്ധിച്ചതിലൂടെ മനസ്സിലാക്കുവാൻ സാധിച്ചു. അതിന്റെ അനുഗ്രഹത്തിനുവേണ്ടി പ്രവർത്തിച്ച സണ്ടേസ്ക്കൂൾ ഭാരവാഹികൾ, അദ്ധ്യാപർ, കുട്ടികൾ, മാതാപിതാക്കൾ എല്ലാവരെയും അനുമോദിക്കുന്നു. സണ്ടേസ്ക്കൂൾ പ്രവർത്തനങ്ങളിൽക്കൂടെ നമ്മുടെ കുട്ടികൾ ദൈവാനുഭവമുള്ളവരും, ഉത്തമവ്യക്തിത്വത്തിന് ഉടമകളുമായിത്തീരണം.

ഈ കഴിഞ്ഞ ദിവസം ഭാരതത്തിന്റെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി കേരളത്തിലെ സഭാ അദ്ധ്യക്ഷന്മാരുമായി നടത്തിയ കൂടിക്കാഴ്ചയിൽ, പ്രത്യേക ക്ഷണപ്രകാരം പങ്കെടുക്കുവാൻ സാധിച്ചു. കേരളത്തിലെ കർഷകർക്കുവേണ്ടി സംസാരിക്കുവാനും, മറ്റനേകം വിഷയങ്ങൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുവാനും സാധിച്ചു.

എല്ലാവരെയും ദൈവം അനുഗ്രഹക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കർതൃശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

കഴിഞ്ഞ ഏപ്രിൽ മാസം ക്നാനായ സമുദായത്തിൽ നടന്ന പ്രധാനപ്പെട്ട കാര്യങ്ങളുടെ ഒരു ചുരുങ്ങിയ വിവരണമാണ് ക്നാനായ ദീപത്തിൽകൂടി ക്നാനായ സമുദായ സെക്രട്ടറി എന്ന നിലയിൽ സമുദായ അംഗങ്ങളെ ഔദ്യോഗികമായി ഞാൻ അറിയിക്കുന്നത്. വളരെ സത്യസന്ധമായി ഉത്തരവാദിത്വബോധത്തോടു കൂടിയാണ് ക്നാനായ കമ്മറ്റിക്കുവേണ്ടി ഈ വാർത്തകൾ പ്രസിദ്ധികരിക്കുന്നത്. അത് ക്നാനായ കമ്മിറ്റിയുടെ അറിവോടെയാണ്. ഇതിൽ എന്തെങ്കിലും അവാസ്തവം ഉണ്ടെങ്കിലോ സംശയം ഉണ്ടെങ്കിലോ താഴെകൊടുത്തിരിക്കുന്ന എന്റെ ഫോൺ നമ്പറിൽ എന്നെ ബന്ധപ്പെടാവുന്നതാണ്. അല്ലാതെ സോഷ്യൽ മീഡിയയിൽ കൂടി എനിക്കെതിരെ സത്യവിരുദ്ധമായി വ്യാജ ഐഡിയിൽ കൂടി നുണകൾ പ്രചരിപ്പിക്കുന്നത് മാന്യതയല്ല എന്ന് അറിയിക്കട്ടെ. മുൻ സമുദായ ട്രസ്റ്റി ശ്രീ. കെ.കെ.കുരുവിള കഴിഞ്ഞ ദിവസം അഞ്ചുപേജുള്ള ഒരു കത്ത് സമുദായ മെത്രാപ്പോലീത്തായ്ക്ക് കൊടുത്തു. ആ കത്ത് മെത്രാപ്പോലീത്ത സമുദായ സെക്രട്ടറിക്ക് ഫോർവേഡ് ചെയ്തു തന്നു. ആ കത്തിൽ അദ്ദേഹം തുടങ്ങുന്നത് തന്നെ 'ക്നാനായ സമുദായ ഭരണകാര്യങ്ങളിൽ സമുദായ സെക്രട്ടറിയും ക്നാനായ കമ്മിറ്റിയും ആണ് സുപ്രീം അതോറിറ്റിയാണെന്ന്' ഞാൻ ക്നാനായ ദീപത്തിൽ എഴുതിയെന്നാണ്. ബഹു. മുൻ ട്രസ്റ്റിയോട് ചോദിക്കുകയാണ്. അങ്ങനെ എവിടെയെങ്കിലും ഞാൻ ഏതെങ്കിലും ലക്കത്തിൽ എഴുതിയതായിട്ടുണ്ടെങ്കിൽ അത് എന്നെ ഒന്ന് ബോധ്യപ്പെടുത്താമോ? ക്നാനായ ഭരണഘടനയുടെ 125 B യുടെ 5 ൽ പറഞ്ഞിരിക്കുന്ന കമ്മറ്റിയുടെ അധികാരങ്ങൾക്ക് പുറമേ 126 വകുപ്പും അനുസരിച്ചാണ് ക്നാനായ കമ്മിറ്റി പ്രവർത്തിക്കുന്നത് എന്ന് മുൻ ട്രസ്റ്റിയെ അറിയിക്കുന്നു. തന്നെയുമല്ല സെക്രട്ടറി എഴുതുന്ന സമുദായ വാർത്തയിൽ എന്തെങ്കിലും ഭിന്നഅഭിപ്രായം ഉണ്ടെങ്കിൽ സെക്രട്ടറിയേ അല്ലേ അറിയിക്കേണ്ടത്. എന്നാൽ അല്ലേ എനിക്ക് അത് വിശദീകരിക്കുവാൻ കഴിയുകയുള്ളൂ.

പ്രിയപ്പെട്ടവരെ ക്നാനായ സമുദായം അതിന്റെ ഉന്നതിയിലേയ്ക്ക് ഉള്ള ഓരോ പടവുകളും പടിപടിയായി ചവിട്ടി കയറിക്കൊണ്ടിരിക്കുകയാണ്. കേരള സംസ്ഥാനത്തിലും ഭാരതത്തിലും ക്നാനായ സമുദായം ശ്രദ്ധിക്കപ്പെടുവാൻ തുടങ്ങി. ആയതിന്റെ ഫലമായിട്ടാണ് കേന്ദ്ര ന്യൂനപക്ഷകാര്യവകുപ്പ് മന്ത്രി ശ്രീ.ജോൺ ബാർള സമുദായ ആസ്ഥാനമായ ചിങ്ങവനം മോർ അപ്രേം സെമ്മിനാരി സന്ദർശിച്ചത്.

വടക്കേ ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തേയും അവരുടെ ആരാധനാലയങ്ങളെയും സംരക്ഷിക്കണമെന്നും കേരളത്തിന് കൂടുതൽ കേന്ദ്രസഹായം അനുവദിക്കണമെന്നും തുടങ്ങി നിരവധി കാര്യങ്ങൾ ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും, ക്നാനായ കമ്മിറ്റിക്കുവേണ്ടി സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലും, ക്നാനായ കമ്മിറ്റിയംഗം റ്റി.സി. തോമസ് തോപ്പിലും കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടു.. ബഹു. മന്ത്രി വളരെ അനുഭാവപൂർവ്വം മറുപടി തന്നതിനു ശേഷമാണ് സെമിനാരിയിൽ നിന്നും മടങ്ങിയത്.

ഭദ്രാസന സെക്രട്ടറി ഫാ.ഏലിയാസ് ഇളവൻകളം. ഫാ.ജിജി പുന്നൂസ്, ഡീക്കൻ ചിക്കു ബേബി, ശ്രീ. ജേഷു പുന്നൂസ് തുടങ്ങിയവരും മീറ്റിംഗിൽ ഉണ്ടായിരുന്നു.

ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം നിർദ്ധനരായ ആളുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും ഭവനരഹിതരായവർക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനും വേണ്ടി ക്നാനായ സമുദായം ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണു ക്നാനായ സമുദായത്തിന്റെ കീഴിൽ "ഏഴില്ലം"പദ്ധതി. പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി.കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി 21-04-2023 ൽ ഉദ്ഘാടനം ചെയ്തു.

ഈ പദ്ധതിയുടെ ഭാഗമായി റാന്നിയിൽ ഉള്ള സമുദായംവക സ്ഥലത്ത് 15 ഭവനങ്ങൾ നിർമ്മിക്കുന്നതിന് മെയ് മാസം 21-ാം തീയതി ഞായറാഴ്ച 3 മണിയ്ക്ക് മോർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന മീറ്റിംഗിൽ Animal Hushandry & Dairy Development വകുപ്പുമന്ത്രി ശ്രീമതി ചിഞ്ചു റാണി ഉദ്ഘാടനം ചെയ്യുന്നതും റാന്നി എം.എൽ.എ. ശ്രീ പ്രമോദ് നാരായണൻ തുടങ്ങിയ രാഷ്ട്രീയ സാമൂഹിക നേതാക്കന്മാർ പങ്കെടുക്കുന്നതും ആണ്. എല്ലാ സമുദായ അംഗങ്ങളുടെയും സാന്നിദ്ധ്യസഹകരണം ആ മീറ്റിംഗിലേക്ക് ക്ഷണിക്കുകയാണ്.

ക്നാനായ സമുദായത്തിന്റെ അഭിമാന നിമിഷമായിരുന്നു കഴിഞ്ഞ മാസം ഭാരതത്തിന്റെ പ്രധാനമന്ത്രി

ശ്രീ നരേന്ദ്ര മോദി ക്രൈസ്തവ സഭാ മേലദ്ധ്യക്ഷൻമാരിൽ 8 പേരെ മാത്രം വിളിച്ച കൂടിക്കാഴ്ചയിൽ പങ്കെടുക്കാനുള്ള ക്ഷണം ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിക്കും ലഭിച്ചത്. കൊച്ചി താജ് മലബാർ ഹോട്ടലിൽ നടന്ന കൂടികാഴ്ചയിൽ പ്രധാനമന്ത്രി ക്രൈസ്തവ സഭയുടെ പിന്തുണ തേടി. "പ്രധാന മന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ വിവിധ വിഷയങ്ങൾ ഉന്നയിച്ചു അതെല്ലാം അദ്ദേഹം ക്ഷമയോടെ കേട്ടു. തങ്ങളുടെ അപേക്ഷകൾ അനുകൂലമായി പരിഗണിക്കാമെന്ന് പ്രധാനമന്ത്രി അറിയിച്ചു".

പ്രധാനമന്ത്രിയുടെ വലതു വശത്തു മുഖ്യസ്ഥാനത്ത് ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയെ ഇരുത്തി എന്നുള്ളത് സമുദായത്തെ സംബന്ധിച്ച് തികച്ചും അഭിമാനകരമാണ്. കൂടികാഴ്ചയിൽ പങ്കെടുത്ത് മറ്റ് മതമേലദ്ധ്യക്ഷൻമാർ സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ക്നാനായ കത്തോലിക്കാ ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, മലങ്കര ഓർത്തഡോക്സ് സഭ പരമാദ്ധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ, മലങ്കര കത്തോലിക്ക മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ബസേലിയോസ് ക്ലീമ്മീസ്, വരാപ്പുഴ ആർച്ച്ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ, യാക്കോബ് സഭാ മെത്രാപ്പോലീത്തൻ ട്രസ്റ്റി ജോസഫ് മാർ ഗ്രീഗോറിയോസ്, കൽദായ സുറിയാനി സഭ പരമാദ്ധ്യക്ഷൻ മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത എന്നിവരാണ്.

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ പ്രത്യേക ക്ഷണപ്രകാരം എറണാകുളത്തുവച്ചു അദ്ദേഹത്തെ കാണുവാൻ പോകുന്നതിനുമുമ്പ് ക്നാനായ സമുദായത്തിന്റെ നിലപാട് മാധ്യമ പ്രവർത്തകരെ സമുദായ മെത്രാപ്പോലീത്താ അറിയിച്ചു.

2018 ആഗസ്റ്റിൽ നിലവിൽ വന്ന ക്നാനായ അസ്സോസിയേഷൻ 2020 ജനുവരി വരെ 7 അസ്സോസിയേഷൻ മീറ്റിംഗുകൾ കൂടിയിട്ടുണ്ട്.

2020 മാർച്ച് മുതൽ കൊറോണമൂലം 2022 മാർച്ച് വരെ കേരളം കോവിഡ് റെസ്ട്രിക്ഷൻ മാറിയ ഉടൻ തന്നെ 2022 ഏപ്രിൽ കമ്മറ്റി കൂടി 2022 മെയ് മാസം 31 ന് ക്നാനായ അസ്സോസിയേഷൻ വിളിക്കുവാൻ അസ്സോസിയേഷൻ അംഗങ്ങൾക്ക് നോട്ടീസ് അയച്ചു.

എന്നാൽ രണ്ട് അസ്സോസിയേഷൻ അംഗങ്ങൾ കോടതിയിൽ പോയി പ്രസിഡന്റ് തെരഞ്ഞെടുപ്പും, ട്രസ്റ്റി തെരഞ്ഞെടുപ്പും, ഫലപ്രഖ്യാപനവും സ്റ്റേ ചെയ്യിച്ചു. സ്റ്റേ നീക്കുവാൻ ശ്രമിച്ചപ്പോൾ അസ്സോസിയേഷൻ കാലാവധി കഴിഞ്ഞു എന്നും, അസ്സോസിയേഷൻ പിരിച്ചുവിട്ട് 60 ദിവസത്തിനകം തെരഞ്ഞെടുപ്പ് നടത്തണമെന്നും മുൻസിഫ് കോടതിയിൽ നിന്നും ടി ആളുകൾ തന്നെ ഓർഡർ വാങ്ങി. അസ്സോസിയേഷൻ തീരുമാനങ്ങൾ ദുർബലം ആകാതെ ഇരിക്കുവാൻ ആ ഓർഡറിനെതിരെ ജില്ലാ കോടതിയിൽ നിന്നും ക്നാനായ കമ്മിറ്റി സ്റ്റേ വാങ്ങി.

ഇപ്പോൾ സമുദായത്തിൽ പ്രതിസന്ധി രൂക്ഷമായതിനാൽ അസ്സോസിയേഷൻ കൂടുന്നതിനെപ്പറ്റി ക്നാനായ കമ്മറ്റി ലീഗൽ ഒപ്പീനിയൽ എടുത്തു. അതിൽ പറഞ്ഞിരിക്കുന്നത് താൽക്കാലികമായിപോലും പ്രസിഡണ്ടിനെ തിരഞ്ഞെടുത്താൽ കോർട്ടലക്ഷ്യ നടപടി ഉണ്ടാകും. അതിന് വിളിച്ചു കൂട്ടുന്ന വ്യക്തി (സമുദായ സെക്രട്ടറി) കോർട്ടലക്ഷ്യം നേരിടുവാൻ തയ്യാറായാൽ അസ്സോസിയേഷൻ മീറ്റിംഗ് കൂടാം എന്നാണ്.

പരി.പാത്രിയർക്കീസ് ബാവ അഭി. ക്നാനായ സമുദായ മെത്രാപ്പോലീത്തായേയും മറ്റ് മൂന്ന് സഹായമെത്രാപ്പോലീത്തൻമാരേയും ലെബാനോനിലേക്ക് വിളിപ്പിച്ചിരിക്കുകയാണ്. ജൂൺ 5 ന് അവിടെ ചെല്ലണം. ജൂൺ 6 മുതൽ 10 വരെ അവിടെ മീറ്റിംഗ് ആണ്. അങ്ങനെ ഇപ്പോൾ സമുദായത്തിൽ പ്രതിസന്ധി മൂർച്ഛിച്ചതിനാൽ കോർട്ടലക്ഷ്യം ഉണ്ടായാലും ക്നാനായ അസ്സോസിയേഷൻ വിളിച്ചുകൂട്ടുവാൻ 21-4-2023 ൽ കൂടിയ ക്നാനായ കമ്മിറ്റി തീരുമാനമെടുത്തു. ആയതിന്റെ നോട്ടീസ് എല്ലാ അസ്സോസിയേഷൻ അംഗങ്ങൾക്കും വൈദിക ശ്രേഷ്ഠർക്കും അയച്ചുകഴിഞ്ഞു. ക്നാനായ അസ്സോസിയേഷൻ വിളിച്ചുകൂട്ടുന്നതിന് വേണ്ടിയുള്ള നോട്ടീസും അജണ്ടയും ഈ ലക്കം ക്നാനായ ദീപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

നമ്മുടെ പഴയ അസ്സോസിയേഷൻ ഹാൾ നവീകരിച്ച് ശീതീകരിച്ചിരിക്കുകയാണ്. അവിടെ അസ്സോസിയേഷൻ മെമ്പർമാർക്ക് മീറ്റിംഗ് കൂടുവാനുള്ള അവസരത്തെ വീണ്ടും കോടതിയിൽ അസ്സോസിയേഷൻ മീറ്റിംഗ് തടസ്സപ്പെടുത്തുവാൻ ആരും തുനിയരുതേ. ഈ പ്രാവശ്യത്തെ അസ്സോസിയേഷൻ സുഗമമായി നടത്തുന്നതിന് എല്ലാ ക്നാനായ അസ്സോസിയേഷൻ അംഗങ്ങളും സഹകരിക്കണമെന്നാണ് ക്നാനായ കമ്മറ്റിയ്ക്ക് ആഹ്വാനം ചെയ്യുവാൻ ഉള്ളത്.

ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി സമുദായത്തിൽ പ്രതിസന്ധി ഉണ്ടാകുന്ന സമയത്തെല്ലാം ഞങ്ങളുടെ അധികാര പരിധികൾക്കുള്ളിൽ നിന്നു കൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

സമുദായത്തിലെ വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും അതുപോലെതന്നെ സമുദായത്തിലെ പ്രശ്നങ്ങൾ പരിഹരിച്ച് സമുദായത്തിന്റെ നിലനിൽപ്പിനുവേണ്ടിയും എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

ക്നാനായ സമുദായ മാനേജിംഗ്
കമ്മിറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

# സ്നാപക യോഹന്നാൻ

സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ, നെല്ലിക്കമൺ, റാന്നി

ലൂക്കോസ് 3:2–8 കയ്യാഫാവും മഹാപുരോഹിതൻമാരും ഇരിക്കും കാലം സെഖര്യാവിന്റെ മകനായ യോഹന്നാനു മരുഭൂമിയിൽ വച്ച് ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായി. അവൻ യോർദ്ദാന്നരികെയുള്ള നാട്ടിൽ ഒക്കെയും വന്നു പാപമോചനത്തിനുള്ള മാനസാന്തര സ്നാനം പ്രസംഗിച്ചു.

"മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്കിത്. കർത്താവിന്റെ വഴി ഒരുക്കുവിൻ അവന്റെ പാത നിരപ്പാക്കുവിൻ എല്ലാ താഴ്‌വരയും നികന്നു വരും. എല്ലാ മലയും കുന്നും താഴും. വളഞ്ഞതു ചൊവ്വായും ദുർഘടമായതു നിരന്ന വഴിയായിത്തീരും. സകല ജഡവും ദൈവത്തിന്റെ രക്ഷയെ കാണും" എന്നിങ്ങനെ യെശയ്യാപ്രവാചകന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ തന്നെ.

ജനനി മറിയാമിന്റെയും
സ്നാപക യോഹന്നാന്റെയും
പ്രാർത്ഥന കേട്ടീയർത്ഥികൾമേൽ
കരളലിവാൻ കൃപ ചെയ്യണമേ

യെഹൂദ്യാ രാജാവായ ഹേരോദാവിന്റെ കാലത്ത് അബിയാക്കൂറിൽ സെഖര്യാവ് എന്നു പേരുള്ള ഒരു പുരോഹിതൻ ഉണ്ടായിരുന്നു. അവന്റെ ഭാര്യ അഹോറോന്റെ പുത്രിമാരിൽ ഒരുത്തിയായിരുന്നു. അവൾക്ക് എലിസബേത്ത് എന്നു പേർ. ഇരുവരും ദൈവസന്നിധിയിൽ നീതി ഉള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റംമില്ലാതെ നടന്നവരും ആയിരുന്നു. എലിസബേത്ത് മച്ചിയായിരുന്നതുകൊണ്ട് അവൾക്ക് സന്തതി ഇല്ലായിരുന്നു, ഇരുവരും വയസ്സു ചെന്നവരായിരുന്നു.

അവൻ കുറിന്റെ ക്രമപ്രകാരം ദൈവസന്നിധിയിൽ പുരോഹിതനായി ശുശ്രൂഷ ചെയ്തു വരുമ്പോൾ പൗരോഹിത്യ ക്രമപ്രകാരം കർത്താവിന്റെ മന്ദിരത്തിൽ ചെന്നു ധൂപം കാട്ടുവാൻ അവനു നറുക്കു വന്നു. ധൂപം കാട്ടുന്ന നാഴികയിൽ ജനസമൂഹം ഒക്കെയും പുറത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അപ്പോൾ കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലതുഭാഗത്ത് നിൽക്കുന്നവനായിട്ട് അവനു പ്രത്യക്ഷനായി. സെഖര്യാവ് അവനെ കണ്ടു ഭ്രമിച്ചു ഭയവശനായി. ദൂതൻ അവനോട് പറഞ്ഞതു സെഖര്യാവേ ഭയപ്പെടേണ്ട നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി. നിന്റെ ഭാര്യ എലിസബേത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും അവന് യോഹന്നാൻ എന്നു പേരിടണം. നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും. അവന്റെ ജനനത്തിങ്കൽ പലരും സന്തോഷിക്കുകയും വീഞ്ഞും മദ്യവും കുടിക്കുകയില്ലാ എന്നും പറഞ്ഞു. അമ്മയുടെ ഉദരത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറയും. അവൻ യിസ്രായേലിൽ പലരെയും ദൈവമായ കർത്താവിലേക്ക് തിരിച്ചു വരുത്തും എന്നു പറഞ്ഞു.

അവൻ അപ്പനമ്മമാരുടെ ഹൃദയങ്ങളെ മക്കളിലേക്കും, വഴങ്ങാത്തവരെ നീതിമാൻമാരുടെ ബോധത്തിലേക്കും തിരിച്ചുകൊണ്ടു ഒരുക്കമുള്ളോരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാൻ അവനു മുമ്പായി ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും. സെഖര്യാവ് ദൂതനോട് ഇതു ഞാൻ എന്തിനാൽ അറിയും? ഞാൻ വൃദ്ധനും എന്റെ ഭാര്യ വയസ്സു ചെന്നവളുമല്ലോ എന്നു പറഞ്ഞു. ദൂതൻ അവനോട് ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആകുന്നു നിന്നോട് സംസാരിക്കുവാനും ഈ സദ്‌വർത്തമാനം നിന്നെ അറിയിപ്പാനും എന്നെ അയച്ചിരിക്കുന്നു. തക്കസമയത്തു നിവൃത്തി വരുവാൻ ഉള്ള എന്റെ ഈ വാക്ക് വിശ്വസിക്കായ്കകൊണ്ട് അതു സംഭവിക്കും വരെ നീ സംസാരിപ്പാൻ കഴിയാതെ മൗനം ആയിരിക്കും എന്നു ഉത്തരം പറഞ്ഞു ജനം സെഖര്യാവിനായി കാത്തിരുന്നു. അവൻ മന്ദിരത്തിൽ നിന്ന് ഇറങ്ങിവരാൻ താമസിച്ചതിനാൽ ആശ്ചര്യപ്പെട്ടു. അവൻ പുറത്തുവന്നതെ അവരോട് സംസാരിപ്പാൻ കഴിയാതെ ആംഗ്യം കാട്ടി, അതിനാൽ അവൻ മന്ദിരത്തിൽ ദർശനം കണ്ടു എന്ന് അവർ അറിഞ്ഞു. അവൻ അവർക്ക് ആംഗ്യം കാട്ടി ഊമനായി പാർത്തു അവന്റെ ശുശ്രൂഷക്കാലം തികഞ്ഞശേഷം അവൻ തന്റെ ഭവനത്തിലേക്ക് പോയി. ആ നാളുകൾ കഴിഞ്ഞശേഷം അവന്റെ ഭാര്യ ഏലിസബേത്ത് ഗർഭം ധരിച്ചു. മനുഷ്യരുടെ ഇടയിൽ എനിക്ക് ഉണ്ടായിരുന്ന നിന്ദ നീക്കുവാൻ കർത്താവ് കടാക്ഷിച്ച നാളിൽ ഇങ്ങനെ എനിക്ക് ചെയ്തു തന്നിരിക്കുന്നു എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി അഞ്ചുമാസം ഒളിച്ചു താമസിച്ചു.

ആ നാളുകളിൽ മറിയ എഴുന്നേറ്റ് മലനാട്ടിൽ ഒരു യെഹൂദ്യാപട്ടണത്തിൽ ബദ്ധപ്പെട്ടു സെഖര്യാവിന്റെ വീട്ടിൽ ചെന്നു. എലിസബേത്തിനെ വന്ദിച്ചു. മറിയയുടെ വന്ദനം എലിസബേത്ത് കേട്ടപ്പോൾ പിള്ള അവളുടെ ഗർഭത്തിൽ തുള്ളി. എലിസബേത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി ഉച്ചത്തിൽ വിളിച്ചു പറഞ്ഞത് സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ നിന്റെ ഗർഭഫലവും അനുഗ്രഹിക്കപ്പെട്ടത്. "എന്റെ കർത്താവിന്റെ മാതാവ് എന്റെയടുക്കൽ വരുവാൻ ഉള്ള മാനം എനിക്ക് എവിടെ നിന്നു ഉണ്ടായി "നിന്റെ വന്ദനസ്വരം എന്റെ ചെവിയിൽ എത്തിയപ്പോൾ പിള്ള ഗർഭത്തിൽ ആനന്ദം കൊണ്ട് തുള്ളിച്ചാടി കർത്താവ് തന്നോട് അരുളിചെയ്തതിനു നിവൃത്തി ഉണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി എന്നു പറഞ്ഞു. എലിസബേത്തിനു പ്രസവിപ്പാൻ ഉള്ളകാലം തികഞ്ഞപ്പോൾ അവൾ ഒരു മകനെ പ്രസവിച്ചു. കർത്താവ് അവൾക്ക് വലിയ കരുണ കാണിച്ചു എന്നു അയൽക്കാരും ചാർച്ചക്കാരും കേട്ടിട്ടു അവളോടുകൂടെ സന്തോഷിച്ചു. എട്ടാം നാൾ അവർ പൈതലിനെ പരിച്ഛേദന ചെയ്യുവാൻ വന്നു. അവന്റെ അപ്പന്റെ പേർപോലെ സെഖര്യാവ് എന്നുപേർ വിളിപ്പാൻ ആഗ്രഹിച്ചു. അവന്റെ അമ്മയോ അല്ലാ അവനു യോഹന്നാൻ എന്നു പേരിടണം എന്നു പറഞ്ഞു. അവർ അവളോട് നിന്റെ ചാർച്ചയിൽ ഈ പേര് ഉള്ള ആരും തന്നെ ഇല്ലല്ലോ എന്നു ചോദിച്ചതിനു അവനു എന്തുപേർ വിളിപ്പാൻ ഭാവിക്കുന്നു എന്നു അവന്റെ അപ്പനായ സെഖര്യാവിനോട് ആംഗ്യം കാട്ടി ചോദിച്ചു. അവൻ ഒരു എഴുത്തുപലക ആവശ്യപ്പെട്ടു. അവന്റെ പേര് യോഹന്നാൻ എന്ന് എഴുതി എല്ലാ

വരും ആശ്ചര്യപ്പെട്ടു. "ഉടനെ അവന്റെ വായും നാവും തുറന്നു" അവൻ സംസാരിച്ചു ദൈവത്തെ സ്തുതിച്ചു. ചുറ്റും നിന്നവർക്കെല്ലാം ഭയം ഉണ്ടായി. യെഹൂദ്യ മലനാട്ടിലെല്ലാം ഈ വാർത്ത ഒക്കെയും പരന്നു. കേട്ടവർ എല്ലാവരും അതു ഹൃദയത്തിൽ നിക്ഷേപിച്ചു. ഈ പൈതൽ എന്താകും എന്നു പറഞ്ഞു. കർത്താവിന്റെ കൈ അവനോട് കൂടെ ഉണ്ടായിരുന്നു. അവൻ വളർന്നപ്പോൾ പരിശുദ്ധാത്മാവിൽ നിറഞ്ഞു ഒരു യുവാവായി യോർദ്ദാൻ അക്കരയിൽ ദൈവത്തെ മഹത്വപ്പെടുത്തി ദൈവനാമം ഘോഷിക്കുവാൻ തുടങ്ങി.

ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടിയായിരുന്നു വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടിയായിരുന്നു സകലതും അവൻ മുഖാന്തിരം ഉളവായി. അവനിൽ 'ജീവൻ' ഉണ്ടായിരുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു. വെളിച്ചം ഇരുളിൽ പ്രകാശിച്ചു ഇരുളോ-അതിനെ പിടിച്ചടക്കിയില്ല ദൈവം അയച്ചിട്ടു ഒരു മനുഷ്യൻ വന്നു. അവന്റെ പേർ യോഹന്നാൻ എന്ന് ആയിരുന്നു. സകല മനുഷ്യരെയും പ്രകാശിപ്പിക്കുന്ന വെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരുന്നു.... എനിക്ക് പിന്നാലെ വരുന്നവൻ എനിക്ക് മുമ്പനായിത്തീർന്നവൻ ഇവൻതന്നെയെന്ന് യേശുവിനെക്കുറിച്ച് യോഹന്നാൻ സാക്ഷ്യം പറഞ്ഞു. "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം നൽകി". ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു. നീ ആരാകുന്നു എന്ന് യെഹൂദൻമാർ അവനോട് ചോദിച്ചു? ഞാൻ ക്രിസ്തുവല്ലാ എന്നു അവൻ പറഞ്ഞു. പിന്നെ നീ ആരാകുന്നു? ഏലിയാവോ? അതോ പ്രവാചകനോ? അല്ലാ എന്നു അവൻ മറുപടി പറഞ്ഞു. പിന്നെ നീ ആരാകുന്നു? ഞങ്ങളെ അയച്ചവരോട് ഞങ്ങൾ എന്തു മറുപടി പറയണം എന്ന് യെഹൂദൻമ്മാർ അവനോട് ചോദിച്ചു. യെശയ്യാ പ്രവാചകൻ പറയുന്നതുപോലെ "കർത്താവിന്റെ വഴി ഒരുക്കുവാൻ മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു" എന്ന് അവൻ യെഹൂദാപ്രമാണികളോട് പറഞ്ഞു.

നീ ക്രിസ്തുവല്ല ഏലിയാവും അല്ല പ്രവാചകനും അല്ല പിന്നെ നീ സ്നാനം കഴിപ്പിക്കുന്നതു എന്തിന്? അതിനു യോഹന്നാൻ, ഞാൻ വെള്ളത്താൽ സ്നാനം കഴിപ്പിക്കുന്നു എന്നാൽ നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ ഇടയിൽ നിൽക്കുന്നുണ്ട്. 'എന്റെ പിന്നാലെ വരുന്നവൻ തന്നെ' അവന്റെ ചെരിപ്പിന്റെ വാറു അഴിപ്പാൻ ഞാൻ യോഗ്യനല്ലാ എന്നു ഉത്തരം പറഞ്ഞു. ഇതു യോർദ്ദാൻ അക്കരെ യോഹന്നാൻ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ബേഥാനിയായിൽ സംഭവിച്ചു. യേശു തന്റെ അടുക്കൽ വരുന്നതു കണ്ടിട്ടു ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ 'കുഞ്ഞാട്'. എന്റെ പിന്നാലെ ഒരു പുരുഷൻ വരുന്നു അവൻ എനിക്ക് മുമ്പായി ഉണ്ടായിരുന്നതുകൊണ്ടു എനിക്ക് മുമ്പനായിത്തീർന്നിരിക്കുന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നെ. "ഞാനോ അറിഞ്ഞിരുന്നില്ലാ" എങ്കിലും വെള്ളത്താൽ സ്നാനം കഴിപ്പിക്കുവാൻ എന്നെ അയച്ചവൻ എന്നോട് 'ആരുടെ മേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവനാകുന്നു പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ എന്നു അവരോട് പറഞ്ഞു. അങ്ങനെ ഞാൻ കാണുകയും ഇവൻ ദൈവപുത്രൻ എന്ന് സാക്ഷ്യം പറയുകയും ചെയ്തിരിക്കുന്നു. പിറ്റേന്നാൾ യോഹന്നാൻ രണ്ട് ശിഷ്യന്മാരുമായി സ്നാനം കഴിപ്പിക്കുമ്പോൾ കടന്നു പോകുന്ന യേശുവിനെ കണ്ടിട്ടു ഇതാ ദൈവത്തിന്റെ കുഞ്ഞാട് എന്ന് വിളിച്ചു പറഞ്ഞു. ഇതു കേട്ട രണ്ടു പേർ യേശുവിന്റെ പിന്നാലെ അവനെ അനുഗമിച്ചു.

സെഖര്യാവിന്റെ മകനായ യോഹന്നാന് മരുഭൂമിയിൽ വച്ച് ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായിട്ട് അവൻ യോർദ്ദാൻ അക്കരെയുള്ള മലനാട്ടിൽ ചെന്നു പാപമോചനത്തിനും മാനസാന്തരത്തിനും വേണ്ടി ജനങ്ങളോട് പ്രസംഗിച്ചു. മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്കിതു കർത്താവിന് വഴി ഒരുക്കുവിൻ അവന്റെ പാത നിരപ്പാക്കുവിൻ എല്ലാ താഴ്‌വരയും നികന്നുവരും എല്ലാ കുന്നും താഴും വളഞ്ഞതു ചൊവ്വായും ദുർഘടമായതു പിന്നെ വഴിയായും തീരും. സകല ജനവും ദൈവത്തിന്റെ രക്ഷയെ കാണും എന്നിങ്ങനെ യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ തന്നെ. അവനാൽ സ്നാനം എൽക്കാൻ വന്ന പുരുഷാരത്തോട് അവൻ പറഞ്ഞതു സർപ്പസന്തതികളെ വരുവാൻ ഉള്ള കോപത്തെ ഒഴിഞ്ഞു ഓടിപ്പോകുവിൻ നിങ്ങൾക്ക് ഉപദേശിച്ചു തന്നത് ആർ? മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കുവിൻ. അബ്രഹാം ഞങ്ങൾക്ക് പിതാവായിട്ടുണ്ട് എന്നു ഉള്ളം കൊണ്ടു പറയുവാൻ തുനിയരുത്. അബ്രഹാമിനു ഈ കല്ലുകളിൽ നിന്നു മക്കളെ ഉളവാക്കുവാൻ ദൈവത്തിനു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവടിനു കോടാലി വച്ചിരിക്കുന്നു നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടു ചുട്ടുകളയുന്നു. എന്നാൽ ഞങ്ങൾ എന്തു ചെയ്യണം എന്നു പുരഷാരം അവനോട് ചോദിച്ചു അതിനു അവൻ രണ്ടു വസ്ത്രം ഉള്ളവൻ ഇല്ലാത്തവനു കൊടുക്കട്ടെ ഭക്ഷണസാധനങ്ങൾ ഉള്ളവനും അങ്ങനെ തന്നെ ചെയ്യട്ടെ. ചുങ്കക്കാരും അവന്റെ അടുക്കൽ സ്നാനം എൽക്കാൻ വന്നു ഗുരോ ഞങ്ങൾ എന്തു ചെയ്യണമെന്ന് അവനോട് ചോദിച്ചു. നിങ്ങളോട് കല്പിച്ചതിൽ അധികം ഒന്നു പിരിക്കരുതു എന്നു പറഞ്ഞു.

യോഹന്നാന്റെ അടുക്കൽ നിന്ന് 2 ശിഷ്യന്മാർ യേശുവിനെ കാണാൻ വന്നു. അവർ യേശുവിന്റെ അടുക്കൽ ചെന്നു ഗുരു വരുവാൻ ഉള്ളവൻ നീയോ? അല്ല ഞങ്ങൾ മറ്റ് ആരെയെങ്കിലും കാത്തിരിക്കണമോ എന്നു ചോദിച്ചു ആ നാഴികയിൽ തന്നെ പല വ്യാധികളും ദണ്ഡങ്ങളും പിടിച്ച ദുരാത്മാക്കളെ വ്യാധികൾ പിടിച്ചവരെയും യേശുവിന്റെ അടുക്കൽ കൊണ്ടു വന്നിരുന്നു. അവൻ അവരോട് കുരുടൻ കാണുന്നു, മുടന്തൻ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു, മരിച്ചവർ ഉയർത്തെഴുന്നേൽക്കുന്നു, പക്ഷപാതക്കാർ സൗഖ്യം പ്രാപിക്കുന്നു, ചെകിടർ കേൾക്കുന്നു, അവൻ ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കാണുകയും കേൾക്കുകയും അറിയുന്നതൊക്കെയും ചെന്ന് യോഹന്നാനെ അറിയിക്കുവിൻ. എങ്കൽ ഇടറിപ്പോകാത്ത മനുഷ്യൻ ഭാഗ്യവാൻ എന്നു പറഞ്ഞു. "ഞാൻ എന്റെ ദൂതനെ നിനക്ക് മുമ്പായി അയക്കും അവൻ നിന്റെ മുമ്പിൽ നിനക്ക് വഴി ഒരുക്കും". സ്ത്രീകളിൽ നിന്നു ജനിച്ചവർ യോഹന്നാനെക്കാൾ വലിയവൻ ആരും ഇല്ലാ ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവനാകുന്നു എന്നു ഞാൻ നിങ്ങളോട് പറയുന്നു. ഈ തലമുറയിലെ മനുഷ്യനെ എന്തിനോട് ഉപമിക്കണം അവർ ഏതിനോട് തുല്യം ഞങ്ങൾ നിങ്ങൾക്കായി കുഴൽ ഊതി നിങ്ങൾ നൃത്തം ചെയ്തില്ലാ ഞങ്ങൾ നിങ്ങൾക്കായി വിലാപം പാടി നിങ്ങൾ കരഞ്ഞില്ല. ചന്ത സ്ഥലത്തു ഇരുന്നു പറയുന്ന കുട്ടി

*(ശേഷം പേജ് 10-ൽ)*

*വാർത്തകൾ*

# ക്നാനായ സമുദായത്തിന് ഇത് അഭിമാന നിമിഷം

**ബിജു ജേക്കബ് കൈതാരം**

ഭാരതത്തിന്റെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും ക്രൈസ്തവ മത മേലദ്ധ്യക്ഷന്മാരുമായുള്ള കൂടിക്കാഴ്ച യിൽ പങ്കെടുക്കാനുള്ള ക്ഷണം ക്നാനായ യാക്കോബായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേ റിയോസ് തിരുമേനിക്കും., കോട്ടയം അതിരൂപത മെത്രാപ്പോ ലീത്ത മാർ മാത്യു മൂലക്കാട്ടിനും ലഭിച്ചു.

ഇത് വലിയ ഒരു അംഗീകാരം തന്നെ ആണ്. ഇന്ത്യയുടെ പ്രധാനമന്ത്രിയെ കാണാൻ ഒരു അവസരം ക്നാനായ സമു ദായ മെത്രാപ്പോലീത്തന്മാർക്ക് കിട്ടുക എന്നു പറഞ്ഞാൽ അതൊരു കൊച്ചു കാര്യം അല്ല, ഒരു വലിയ കാര്യമാണ്, ഇതിൽ നമ്മൾക്ക് അഭിമാനിക്കാം. സമുദായത്തിനുള്ള പങ്ക് വിലപ്പെട്ടതാണ്. വിശുദ്ധനായ ക്നായ്തോമ്മായുടെ നേതൃ ത്വത്തിൽ നടന്ന കുടിയേറ്റത്തിന് കിട്ടിയ ഒരു അംഗീകാര മാണ് ഇതിൽനിന്നും നമ്മൾ മനസ്സിലാക്കേണ്ടിയത്. നമ്മൾ ഒരു ചെറിയ സമൂഹം ആണെങ്കിലും ക്രിസ്തീയ സഭകളുടെ ഇടയിൽ ക്നാനായ സമുദായത്തിന് ഒരു വലിയ സ്ഥാന മുണ്ട് എന്നാണ്. ഇത് വ്യക്തമാക്കുന്നത്.

കൊച്ചി താജ് മലബാർ ഹോട്ടലിൽ നടന്ന പ്രധാനമന്ത്രി യുമായുള്ള കൂടിക്കാഴ്ചയിൽ വിവിധ വിഷയങ്ങൾ ഉന്നയി ച്ചു. തങ്ങളുടെ അപേക്ഷകൾ അനുകൂലമായി പരിഗണി ക്കാമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്ക് എതിരെ നടക്കുന്ന ആക്രമങ്ങൾ അവസാനിപ്പിക്കണം എന്നും, ശബരിമല വിമാനത്താവള വികസനത്തിന് അടിയ ന്തിര ഇടപെടലുകൾ നടത്തണമെന്നും, വന്യമൃഗങ്ങളിൽ നിന്നും ആളുകൾക്കും,കൃഷിവിളവുകൾക്കും സംരക്ഷണം നൽകണമെന്നും, വിദേശ സർവ്വകലാശാലകൾ ഇന്ത്യയിൽ അനുവദിക്കുമെങ്കിൽ സ്വകാര്യമേഖലയിൽ കൂടി പങ്കാളിത്തം ഉറപ്പാക്കണം എന്നും, കൂടിക്കാഴ്ചയിൽ ക്രൈസ്തവ സഭ അദ്ധ്യക്ഷന്മാർ പ്രധാന മന്ത്രിയോട് ആവശ്യപ്പെട്ടു.

സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദി നാൾ മാർ ജോർജ് ആലഞ്ചേരി, ക്നാനായ കത്തോലിക്കാ ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, മലങ്കര ഓർത്ത ഡോക്സ് സഭ പരമാദ്ധ്യക്ഷൻ ബസേലിയോസ് മാർത്തോമ മാത്യൂസ് ത്രിതിയൻ, മലങ്കര കത്തോലിക്ക മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ബസേലിയോസ് ക്ലീമീസ്, വരാപ്പുഴ ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ, യാക്കോബാ യ മെത്രാപ്പോലീത്തൻ ട്രസ്റ്റി ജോസഫ് മാർ ഗ്രിഗോറിയോ സ്. ക്നാനായ യാക്കോബായ മെത്രാപ്പോലീത്ത കുറിയാ ക്കോസ് മാർ സേവേറിയോസ്, കൽദായ സുറിയാനി സഭ പരമാദ്ധ്യക്ഷൻ മാർ ഔഗിൻ കുറിയാക്കോസ് മെത്രാപ്പോ ലീത്ത എന്നിവരാണ് കൂടിക്കാഴ്ചയിൽ പങ്കെടുത്തത്.

●

*സ്നാപക യോഹന്നാൻ*

*(പേജ് 9 തുടർച്ച)*

കളോടു നിങ്ങൾ തുല്യരാകുന്നു. യോഹന്നാൻ സ്നാപകൻ അപ്പം തിന്നാതെയും വീഞ്ഞു കുടിക്കാതെയും വന്നു. അവന് ഭൂതം ഉണ്ട് എന്നു നിങ്ങൾ പറയുന്നു. മനുഷ്യപുത്രൻ തിന്നും കുടിച്ചും വന്നു തിന്നുകയും കുടിക്കുകയും ചെയ്ത മനുഷ്യപുത്രനെ നിങ്ങൾ ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്നു പറയുന്നു.

എന്നാൽ ഇടപ്രഭുവായ ഹെരോദാസ് സഹോദരന്റെ ഭാര്യ ഹെരോദ്യാ നിമിത്തം ഹെറോദാസ് ചെയ്ത സകല ദോഷങ്ങളും യോഹന്നാൻ ആക്ഷേപിക്കുന്നതുകൊണ്ട് യാതൊരു കാരണവും കൂടാതെ യോഹന്നാൻ സ്നാപകനെ തടവിലാക്കി അവനെ കൊല്ലുവാൻ മനസ്സ് ഉണ്ടായിരുന്നിട്ടും പുരുഷാരം അവനെ പ്രവാചകൻ എന്ന് എണ്ണുകയാൽ അവരെ ഭയപ്പെട്ടിരുന്നതുകൊണ്ട് അതു നടപ്പാക്കാൻ കഴി യാതെ വന്നു. എന്നാൽ ഹെറോദാവിന്റെ ജന്മദിനം വന്ന പ്പോൾ ഹെറോദേശിന്റെ മകൾ സഭാ മദ്ധ്യത്തിൽ നൃത്തം ചെയ്തു മഹാരാജാവിനെ പ്രസാദിപ്പിച്ചു. അതുകൊണ്ട് എന്തു ചോദിച്ചാലും, രാജ്യത്തിന്റെ പകുതി ആയാൽപ്പോലും അവൾക്ക് കൊടുക്കാം എന്നു സദസ്സിന് മുമ്പാകെ ഹെരോദാവ് സത്യം ചെയ്തു. അവൾ തന്റെ അമ്മയുടെ ഉപദേശപ്രകാരം യോഹന്നാൻ സ്നാപകന്റെ ‘തല’ ഒരു താല ത്തിൽ തരണം എന്നു പറഞ്ഞു. രാജാവ് വളരെ ദുഃഖിച്ചു എങ്കിലും ചെയ്ത സത്യത്തെയും വിരുന്നുകാരെയും മാനിച്ച് യോഹന്നാന്റെ തല ശിരച്ഛേദനം ചെയ്യിച്ച് ഒരു താലത്തിൽ കൊണ്ടുവന്നു ബാലയ്ക്ക് കൊടുത്തു. ബാല അതു തന്റെ അമ്മയ്ക്ക് സമ്മാനം ആയികൊണ്ടുപോയി കൊടുത്തു. യോഹന്നാന്റെ ശിഷ്യന്മാർ ഉടൽഭാഗം എടുത്ത് മറവു ചെയ്തു. പിന്നെ വന്നു യേശുവിനെ വിവരം അറിയിച്ചു. പരി ശുദ്ധാത്മാവാൽ ഈ ലോകത്തിൽ ജനിച്ചു ജീവിച്ച യോഹ ന്നാൻ സ്നാപകന് രക്തസാക്ഷിത്വം ജീവിതം വരിക്കേണ്ട തായി വന്നു.

“ദുഷ്ടനോടടരാടാൻ
സ്ലീബാവഹകളാം
സഹദേന്മാർ ചെന്നു
വാളാൽ ഛേദിതരായി ചിലർ
ചിലരഗ്നിയിലന്ത്യം കണ്ടു
ദുഷ്ടൻ ദർശിച്ചാർപ്പിട്ടു
മടിപൂണ്ടില്ലവരും പോരിൽ
പുണ്യം നൽകണവർ യാചനയാൽ”

വിശുദ്ധ കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ രാജ കീയ വസ്ത്രം ധരിച്ച പുരോഹിതൻ കർത്താവായ യേശു ക്രിസ്തുവിനെ ഓർമ്മിച്ചുകൊണ്ടാണ് ധൂപക്കുറ്റി വീശുന്നു. പട്ടക്കാരനുമുന്നിൽ മെഴുകുതിരി പിടിച്ച് പുറകോട്ടു നടക്കു ന്നതായ ശുശ്രൂഷകൻ അയക്കപ്പെട്ട വിശുദ്ധ യോഹന്നാൻ സ്നാപകനെയും മണിനാദം മുഴക്കി ഇതാ നിൻ മാതാവു വിശുദ്ധന്മാർ എന്ന ഗാനം ആലപിക്കുന്നത് സീനായി മല യിൽ യിസ്രായേൽ ജനത്തിന് പ്രത്യക്ഷപ്പെട്ട യഹോവയായ ദൈവത്തെയും ഓർമ്മിപ്പിക്കുന്നു. ജനമെല്ലാം കുറിയേലായി സ്സോൻ എന്ന് ഏറ്റു പറഞ്ഞ് പാപപരിഹാര ബലിയിൽ സംബ ന്ധിക്കുന്നു. ഈ ബലിയിൽ നമുക്കും പങ്കാളികളാകാം. ദൈവനാമം മാത്രം അനുഗ്രഹിക്കപ്പെടുമാറാകട്ടെ.

●




# 35th Happy Wedding Anniversary

**23-05-2023**

## മറിയാമ്മ കുര്യൻ &
## സുനു കുര്യൻ

**വെട്ടിമൂട്ടിൽ, റാന്നി**

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി

Advt - O

പ്രാർത്ഥനയോടെ
ജെറിൻ കുര്യൻ & ജോസി
ജിതിൻ കുര്യൻ & മെറിൻ
കൊച്ചുമക്കൾ



# 50th Wedding Anniversary

**20-05-2023**

Advt - O

## Mrs. Sosamma Kuruvilla
## &
## Mr. Kuruvilla Thomas (Kunjumon)

**Kodath Vattolil (H), West Othera, Thiruvalla**

ഇത്രത്തോളം നടത്തിയ ദൈവത്തിന് നന്ദി

Children: Maya & Alex, Thomas & Dona, Manoj & Shinju
Grand Children : Alma, Sera, Ryan, Johan, Jewel

# സമുദായ വാർത്തകൾ









**ക്രൈസ്തവസഭാ മേലധ്യക്ഷന്മാരുമായി പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി കൊച്ചിയിൽ നടത്തിയ കൂടിക്കാഴ്ചയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി പങ്കെടുത്തു.**





**കേന്ദ്ര ന്യുനപക്ഷകാര്യ വകുപ്പ് മന്ത്രി ശ്രീ. ജോൺ ബാർള** ക്നാനായ സമുദായ ആസ്ഥാനമായ ചിങ്ങവനം മോർ അപ്രേം സെമിനാരി സന്ദർശിച്ചു.

വടക്കേ ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തേയും അവരുടെ ആരാധനാലയങ്ങളെയും സംരക്ഷിക്കണമെന്നും, കേരളത്തിന് കൂടുതൽ കേന്ദ്രസഹായം അനുവദിക്കണമെന്ന് ക്നാനായ സമുദായ മെത്രാപ്പോലിത്ത **അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**യും, ക്നാനായ കമ്മിറ്റിക്ക് വേണ്ടി **സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലും, ക്നാനായ കമ്മിറ്റി അംഗം ടി. സി. തോമസ് തോപ്പിലും** ആവശ്യപ്പെട്ടു. **ഭദ്രാസന സെക്രട്ടറി ഫാ. ഏലിയാസ് ഇളവൻകുളം, ഫാ. ജിജി പുന്നൂസ്, ഡീക്കൻ ചിക്കു ബേബി, ശ്രീ. ജേഷു പുന്നൂസ്** തുടങ്ങിയവർ സമീപം. ബഹു. മന്ത്രി വളരെ അനുഭാവപൂർവ്വം മറുപടി തന്നതിനു ശേഷമാണ് സെമിനാരിയിൽ നിന്നും മടങ്ങിയത്.

## ഏഴില്ലം പദ്ധതി ഉദ്ഘാടനം



ക്നാനായ സമുദായത്തിന്റെ കീഴിൽ ഏഴില്ലം പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം **ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ്** നിർവഹിക്കുന്നു. ആലിച്ചൻ ആറൊന്നിൽ. ടി. സി .തോമസ് തോപ്പിൽ, വൈദിക ട്രസ്റ്റി റവ. ഫാ. മോനായി ഫിലിപ്പ് കർക്കിടകംപള്ളി, ഭദ്രാസന സെക്രട്ടറി റവ. ഫാ. ഏലിയാസ് സ്കറിയ ഇളവൻകുളം, ആക്ടിംഗ് ട്രസ്റ്റി തോമസ് കുട്ടി മറ്റക്കാട്ട്, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രാഹാം തോട്ടത്തിൽ, വില്ലി വടാമറ്റം, കുര്യൻ ആനയാറ്റിൽ, രാജു വള്ളപ്പുരക്കൽ, സാബു കണ്ണാട്ടിപ്പുഴ എന്നിവർ സമീപം.

# Happy 50th Wedding Anniversary

**30-04-2023**




## Abraham (Thomachen) &
## Chinnamma (Annamma) Thomas Ezhumayil

**Houston, TX -USA**

Advt - O

With Love,
Your Children & Grandchildren

**Glory to God and congratulations to**

## BIFFY ANN BENNY



**Biffy Ann Benny** has qualified as a certified Management Accountant (CMA-USA). She is the daughter of Benny K. K. and Lalie Benny, Pokkathil, Kurichy and a member of St. George Valiyapally, Neelamperoor

Advt -O

## 50th Wedding Anniversary

**20-05-2023**



## P. I. Kurian & Salamma Kurian

**Pachamkulathu, Kattode**

മക്കൾ : Cinu, Ciju, Seema, Cijo

മരുമക്കൾ : Jeena, Titty, Binoy, Teenu

കൊച്ചുമക്കൾ : Glen, Nihiya, Candace, Debhora, Neha, Noha, Nanma, Elisha, Edwin

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി

Advt - O




Advt -O

# St. Peter's Knanaya Syrian Orthodox Church Doha-Qatar

## Managing Committe Members 2023-2025

Vicar



**Rev. Fr. Cheriyan Abraham**
Koottothara

Secretary



**Ajith Joy**
Ezhuthupallipeedikayil (H)
St. Jacob Knanaya
Valiyapalli, Ramamangalam

Trustee



**Rejo Mathews**
Cherumadakala (H)
St. Mary's Knanaya
Church, Kattodu




**Kuruvilla P. Sachariah (Sunny)**
Carakattu(H)
St. George Knanaya Church
Mulakamthuruthi




**Jacob Cherian**
Ayiramthyckal(H)
St.Simon's Knanya Church,
Puthuserry,Vakathanam



**Binu K. Joseph**
Kutttiyil (H)
St. Mary's valiyapally,
Kallissery




**Boby Thomas**
Perincheril (H)
St. Mary's Knanaya
Church, Velloothuruthy



**Tiny Abraham**
Kakkanattu (H)
St.Mary's Knanaya
Church Mazhukeer



**M.Z. Jacob**
Malithra (H)
Veliyanadu,
St. Stephen's Knanaya
Valiyapalli, Veliyanadu



**Ajeesh Andrews**
Manalelchirayil (H)
St. Mary's Sehiyon
Knanaya Church
Chengalam



**Tomsy Cherian**
Kovoor (H)
St.Thomas valiyapally
Ranni



**Dr. Lit Joy**
Palanthara (H)
St. Mary's Kanaya
Church,
Eraviperoor



**Manoj C. Kurikose**
Chaluparambil (H)
St. Thomas Valiyapalli
Ranny



**Thomas Abraham**
Valuparambil (H)
St. Mary's Knanaya
Church, Thiruvanvandoor



**Denin Abraham**
Valayil (H)
St. Mary's Knanaya
Church, Kattodu

Auditor



**Joseph.V.Mathew**
Vaniadathu (H), Ranni,
St.Kuriakose Knanaya
Church, Aythala



# 30th Wedding Anniversary
**30-05-2023**

## STEPHEN K U
## &
## ANILA STEPHEN
**Kunnathethu House, Ranni**

എന്റെ പ്രിയപ്പെട്ട പപ്പയ്ക്കും അമ്മയ്ക്കും സ്നേഹം നിറഞ്ഞ
30 – ാം വിവാഹ വാർഷിക ആശംസകൾ...
നിങ്ങളെ കണ്ടാണ് ഞാൻ സ്നേഹിക്കാനും
ജീവിക്കാനും പഠിച്ചത്.
ഇനിയും ഒരുപാട് വാർഷികങ്ങൾ ആഘോഷിക്കാനുള്ള
ഭാഗ്യം നിങ്ങൾക്ക് ഉണ്ടാവാൻ ഞാൻ ദൈവത്തോട്
പ്രാർത്ഥിക്കുന്നു.

Sinto Stephen

Advt - O

# 25th Wedding Anniversary
**03-05-2023**



## Thomas Kutty N. G. (Roy) &
## Manu Kuriakose
**Neduvelil, Varavoor, Ranni**

Best Wishes from
Alja & Bilja

Advt - O

## 1678-ാമത് സിറിയൻ ക്നാനായ
## വാർഷിക സംഗമം
## പതാക- ഛായാ ചിത്ര- ദീപശിഖ പ്രയാണം



ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1678 – മത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ പതാക – ഛായാ ചിത്ര – ദീപശിഖ പ്രയാണം കോട്ടയം സെന്റ് മേരിസ് ക്നാനായ വലിയ പള്ളിയിൽ നിന്ന് ക്നാനായ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തപ്പോൾ

## ക്നാനായ വിമൻസ് അസ്സോസിയേഷൻ കേന്ദ്ര ഭാരവാഹികൾ



സെക്രട്ടറി – ഡെബി സജി



ട്രസ്റ്റി – എമി സ്കറിയ



വൈ. പ്രസിഡന്റ്
ചിന്നമ്മ ഏബ്രഹാം




ഓഡിറ്റർ
ഷീബാ ജോസഫ്



ജോ. സെക്രട്ടറി
ലിസികുട്ടി തോമസ്

## 40 – ാം ചരമദിനം

15 – 05 – 2023



# എം. ടി. സക്കറിയ (ബേബി)

**കടക്കേത്ത്, റാന്നി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



## 1st Death Anniversary

05th May 2023

# Nitin Suresh Mathew

**Vazhackal House**
**Ranni - Kerala**
**(Sanpada - Navi Mumbai)**
**(10-02-1997 to 05-05-2022)**

*To live in the hearts of those we love is never to die.*

*By Sorrowing Family*

Advt - O

## 2 – ാം ചരമവാർഷികം
22 – 05 – 2023



Advt - O

# ശോശാമ്മ തോമസ് മരങ്ങാട്ട്

**Marangattu House, Vakathanam, (Manchester - UK)**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 19 – ാം ചരമവാർഷികം
28 – 04 – 2023

## 7 – ാം ചരമവാർഷികം
22 – 05 – 2023



# കെ. എ. മാത്യു കുഞ്ഞമ്മ മാത്യു

**കളത്തിപ്പറമ്പിൽ, കിളിരൂർ,**

**കോട്ടയം**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - G

## 4 – ാം ചരമവാർഷികം
07 – 05 – 2023

## 31 – ാം ചരമവാർഷികം
03 – 06 – 2023





# മറിയാമ്മ കുര്യൻ (പെണ്ണമ്മ) എം. സി. കുര്യൻ

**മണിമല, ചിങ്ങവനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 40 – ാം ചരമദിനം
14 - 05 - 2023



# P. M. ഫിലിപ്പ്

**പുളിയ്ക്കാവിൽ**

**പങ്ങാരപ്പിള്ളി, ചേലക്കര**

**തൃശൂർ**

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

# പറന്നുയരട്ടെ നമ്മുടെ കുട്ടികൾ, അർത്ഥവത്താവട്ടെ അവരുടെ ജീവിതം!



സുനിൽ ഡി. കുരുവിള

അവധി കഴിഞ്ഞു പുതിയ ഒരു അധ്യയനവർഷം ആരംഭിക്കാൻ സമയമായി. കുട്ടികളുടെ വിദ്യാഭ്യാസം-അദ്ധ്യാപനം-പേരന്റിങ് ഒക്കെ ഒന്നുകൂടി ആഴത്തിൽ ചിന്തിക്കാൻ ഇത് നല്ലൊരു മുഹൂർത്തമാണെന്നു കരുതുന്നു.

കുട്ടികളുടെ പഠന – ജീവിത മികവ് വർദ്ധിപ്പിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വളരെ വലുതാണ്. ഇന്ന് മിക്ക മാതാപിതാക്കളും കുട്ടികളുടെ മാർക്കും ഗ്രേഡും റാങ്കും മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. കുട്ടികളെ സ്കൂൾ നോക്കിക്കോളും എന്ന് ചിന്തിക്കുന്നവരും കുറവല്ല. എന്നാൽ നല്ല വിദ്യാഭ്യാസം ഭവനങ്ങളിൽ ആണ് ആരംഭിക്കേണ്ടത്.

മൂന്നു വയസ്സിലേ സ്കൂളിൽ ചേർത്ത് എല്ലാവരേം 'പണക്കാരാക്കാനുള്ള' പരിപാടിയാണ് ഇന്ന് മിക്കയിടത്തും വിദ്യാഭ്യാസം എന്ന പേരിൽ നടക്കുന്നത്. പറ്റുമെങ്കിൽ LKG യിൽ തന്നെ ട്യൂഷനും തുടങ്ങും. ഇത് കുട്ടികളുടെ സുസ്ഥിരഭാവി ഉറപ്പുവരുത്താൻ സഹായിക്കുകയില്ല. അവരുടെ ശാരീരിക ആരോഗ്യം, മാനസിക നില, വൈകാരിക ബുദ്ധിശക്തി, സ്വഭാവം ഒക്കെ ശ്രദ്ധിക്കേണ്ടതുണ്ട്. കുഞ്ഞുങ്ങൾക്ക് സന്തോഷമായും സമഗ്രമായും വളർന്നുവരാൻ സഹായകരമായ ഒരു ഭവന അന്തരീക്ഷം വളരെ പ്രധാനമാണ്. മാതാപിതാക്കൾ തമ്മിലുള്ള വഴക്ക്, മദ്യപാനം, മാനസിക പ്രശ്നങ്ങൾ ഒക്കെ കുട്ടികളെ പ്രതികൂലമായി ബാധിക്കും.

പോഷക സമൃദ്ധമായ ഭക്ഷണം കുട്ടികളുടെ വളർച്ചയ്ക്ക് അതിപ്രധാനം! നല്ല ആഹാരം നല്ല സംസ്കാരം കൂടിയാണ്. ഓർക്കാം! ഒരു നേരമെങ്കിലും വീട്ടിലുള്ള എല്ലാവരും കൂടി ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നത് കുട്ടികൾക്ക് വലിയ ഗുണം ചെയ്യും. ഭക്ഷണസമയത്തു പഠന വിഷയങ്ങളൊന്നും ചർച്ചയ്ക്ക് കൊണ്ടുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

കുട്ടികളെ ചെറിയ പ്രായത്തിലെ ശുചിത്വവും മറ്റും ശീലിപ്പിക്കാം. കുട്ടികൾ നന്നായി ഉറങ്ങേണ്ടത് അവരുടെ സമഗ്ര വളർച്ചയ്ക്ക് അനിവാര്യമാണ്. കുട്ടികളുടെ ബുദ്ധി വളർച്ച എട്ടു-പത്തു വയസ്സുവരെയാണ് പ്രധാനമായും നടക്കുന്നത്. ഈ പ്രായത്തിൽ അവരെ നന്നായി കരുതിയാൽ അവരുടെ ഭാവിജീവിതം നന്നാവും. കുട്ടികളുടെ വൈകാരിക പ്രതിഫലനങ്ങൾ ശ്രദ്ധിക്കണം. മനോവ്യാപാരങ്ങൾ അറിയണം. അവരെ കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കണം. മാനസിക ആരോഗ്യവും കൂടുതൽ പരിപോക്ഷിപ്പിക്കണം. കുട്ടികൾ നന്നായി ഓടി ചാടി സമപ്രായക്കാരോടൊത്തു കളിക്കണം. കളികൾ ശാരീരിക ആരോഗ്യത്തിനു മാത്രമല്ല വൈകാരിക -മാനസീക ആരോഗ്യത്തിനും വളരെ ആവശ്യമാണ്. കൂട്ടുകൂടാനും വഴക്കുകൂടാനും വീഴാനും തോൽക്കാനും തർക്കിക്കാനും ഒക്കെ വേറെ എവിടെയാണ് അവസരം കിട്ടുക?

സ്കൂൾ വിട്ടുവരുന്ന കുട്ടികളെ 'ട്യൂഷൻ' സെന്ററിൽവെച്ച് പുഴുങ്ങി ഉണങ്ങി കളയരുത്. അവർ ഓടി ചാടി കളിക്കട്ടെ! കുട്ടികൾ ഹാപ്പിയാണെന്നും ആക്ടീവ് ആണെന്നും കുട്ടിക്കാലത്തെ ഉറപ്പാക്കാം. അവരുടെ കഴിവുകളും അഭിരുചിയും ഒക്കെ ചെറിയ പ്രായത്തിലെ കണ്ടെത്താം-പ്രോത്സാഹിപ്പിക്കാം. മാതാപിതാക്കളുടെ സ്വപ്നങ്ങൾ അവരുടെ മേൽവച്ച് കെട്ടാതിരിക്കാം! അവരെ ആരുമായും compare ചെയ്യാതിരിക്കാം. അവർ ഓരോരുത്തരും different ആണ്. ഫോട്ടോകോപ്പി ആക്കാൻ ശ്രമിക്കാതിരിക്കാം!

സാമൂഹിക ബോധം സംസ്കാരം ചരിത്രബോധം പരിസ്ഥിതിബോധം ഒക്കെ ഒരു നല്ല വ്യക്തിത്വത്തിന്റെ അടയാളമാണ്. ഇതൊക്കെ പരിപോഷിപ്പിക്കാൻ സ്കൂളിൽ സമയമില്ല... മാതാപിതാക്കൾക്ക് കാഴ്ചപാടില്ല....

അനാവശ്യ മത്സരതൃഷ്ണ അവരിൽ വളർത്താതിരിക്കാം. അവർ ആദ്യം സ്നേഹിക്കാനും കരുതാനും വിട്ടുകൊടുക്കാനും പഠിക്കട്ടെ. തോൽക്കാനും പഠിക്കേണ്ടതുണ്ട്. അമിത വാശിയും നിർബന്ധവും ഒന്നു സാധിച്ചുകൊടുക്കേണ്ടതില്ല. വിനയവും എളിമയും ശീലിപ്പിക്കാം. ഉപദേശമല്ല സ്വയം മാതൃകയാവുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടത്. ബഹുമാനിക്കാനും സ്നേഹിക്കാനും കരുതാനും ഒക്കെ അവർ പഠിക്കുന്നത് ഭവന അന്തരീക്ഷത്തിൽ നിന്ന് തന്നെയാണ്. അതിനുള്ള ധാരാളം മഹൂർത്തങ്ങൾ കുഞ്ഞുങ്ങൾക്കായി സൃഷ്ടിക്കാം.

കുട്ടികൾക്കായി മാതാപിതാക്കൾ നൽകേണ്ട ഏറ്റവും വലിയ സമ്മാനം സമയമാണ്. ഗുണമേന്മയുള്ള സമയം. കഥപറയാനും ആശയങ്ങൾ പങ്കുവയ്ക്കാനും വിജ്ഞാനം നൽകാനും ലക്ഷ്യബോധം സൃഷ്ടിക്കാനും പഠനതാൽപര്യം വർദ്ധിപ്പിക്കാനും ഒക്കെ സമയം ഉപയോഗപ്പെടുത്താം. കെട്ടിപ്പിടിക്കാനും ഉമ്മകൊടുക്കാനും അവരോടൊത്തു കളിക്കാനും തമാശ പങ്കിടാനും ഒന്നും ഒട്ടും പിശുക്കു കാട്ടേണ്ട.

ഒരുമിച്ചുള്ള ഭക്ഷണം, പ്രവർത്തനങ്ങൾ, പ്രാർത്ഥന, സംഭാഷണങ്ങൾ, യാത്രകൾ, പരിഭവങ്ങൾ. കളികൾ, കുറുമ്പുകൾ, പിണക്കങ്ങൾ, ജയങ്ങൾ, തോൽവികൾ, വീഴ്ചകൾ, ബന്ധങ്ങൾ, ആഘോഷങ്ങൾ, സംഭവങ്ങൾ ഒക്കെ ഓർമ്മകളുടെ ആഴം കൂട്ടും... അനുഭവങ്ങളാണ് ജീവിതത്തിനു ഗൃഹാതുരത്വം നൽകുന്നത്. Invest in their memories!

കുട്ടികളുടെ കാര്യത്തിൽ അമിതമായി ധൃതികാട്ടരുത്. അമിത പ്രതീക്ഷ വളരെ അപകടം. കുട്ടികളുടെ താളവും തലവും മനസ്സിലാക്കുക. അവരെ പ്രോത്സാഹിപ്പിക്കുക. അവരെ അംഗീകരിക്കാനും support ചെയ്യാനും മറക്കേണ്ട. മിടുക്കു കുറവുള്ള കുട്ടികളെ കൂടുതൽ കരുതുകയും സ്നേഹിക്കുകയും വേണം. കൂടെയുണ്ട് എന്നുള്ള വിശ്വാസം അവരിൽ സൃഷ്ടിക്കണം. ആത്മവിശ്വാസം നൽകി അവരെ മെച്ചപ്പെടുത്താം. ചെറിയ പ്രായത്തിലെ അവരിൽ self confidence വളർത്തണം. അവരെ എന്തിനെല്ലാം കൊള്ളാമെന്നും, അവരുടെ ശക്തിയും മികവും എവിടെയാണെന്നും



അവരെ ബോധ്യപ്പെടുത്തണം! കുറവുകളെ ഒരുപാടു 'പ്രൊജക്ട്' ചെയ്യേണ്ട. സന്തോഷമുള്ള ബാല്യവും, ആത്മവിശ്വാസമുള്ള കൗമാരവും അവരിൽ ഉറപ്പാക്കുക. അവരെ കണ്ടെത്താൻ (discover) അവരെ സഹായിക്കുക.

ദുരഭിമാനം വെടിയാം, കുട്ടികൾ അവർക്കു യോജിക്കുന്ന മേഖലകളിൽ വിദ്യ അഭ്യസിക്കട്ടെ. എല്ലാവരും ഡോക്ടർ ആയാൽ വൃത്തികേടായിരിക്കും! എല്ലാവരേയും എഞ്ചിനിയർ ആക്കേണ്ട. ഒരു നല്ല മെക്കാനിക്ക് ആണ് തോറ്റ എഞ്ചിനിയറേക്കാൾ നല്ലത്. കഴിവില്ലാത്ത ഡോക്ടറിനേക്കാൾ എത്രയോ വലുതാണ് മികച്ച ഒരു തയ്യൽക്കാരൻ. കളിയും കലയും സാംസ്കാരിക പ്രവർത്തനവും ഒക്കെ അവർ പഠനത്തോടൊപ്പം ശീലിക്കട്ടെ. അവർ അവരെ കണ്ടെത്തട്ടെ. ആദ്യം നല്ല മനുഷ്യരാകട്ടെ! അതിനു അവരെ സഹായിക്കാം.

കൗൺസിലിംഗും മാർഗ്ഗനിർദ്ദേശവും ഒക്കെ സമയത്തു നൽകാം. സ്കൂളിലും പള്ളിയിലും ഒക്കെ ഇത് ഉറപ്പുവരുത്താം. കുടുംബമായിതന്നെ guidance ഒക്കെ എടുക്കുന്നത് വലിയ ഗുണം ചെയ്യും. നല്ല ഗൈഡൻസും കൗൺസിലിങ്ങും രാജ്യനിർമ്മാണ പ്രവർത്തനം തന്നെയാണ്!

വിദ്യാഭ്യാസം വെറും സാക്ഷരതയല്ല. അത് വെറും എഴുത്തും വായനയും ശാസ്ത്രവും കണക്കും മാത്രമല്ല. അതൊരു വ്യക്തിയുടെ സാംസ്കാരിക രൂപാന്തരമാകണം. നല്ല നൈപുണ്യങ്ങളും മനോഭാവവും സ്വഭാവവും അച്ചടക്കവും നല്ല വിദ്യാഭ്യാസം ഉറപ്പാക്കും. ഉയർന്ന മൂല്യങ്ങളും ലക്ഷ്യവും നല്ല വിദ്യാഭ്യാസം അവരിൽ ഉറപ്പിക്കും!

കേരളത്തിലെ അച്ചടക്കമില്ലാത്ത ജനതയെ ട്രാഫിക് നിയമം പഠിപ്പിക്കാൻ AI ക്യാമറക്കു സാധിക്കുംപോലും! ലോകരാജ്യങ്ങളിലൊക്കെ പൗരനെ അച്ചടക്കമുള്ളവരാക്കിയത് റോഡിലല്ല, സ്കൂളിലാണ്. ഭരണാധികാരികളും മുതിർന്നവരും അവിടെ യുവസമൂഹത്തിനു മാതൃകയാണ്. അച്ചടക്കവും ഉത്തരവാദിത്വബോധവും മൂല്യങ്ങളും വിദ്യാഭ്യാസത്തിൽ സംരക്ഷിക്കാതെ യാതൊരു പുരോഗതിയും ഒരു സമൂഹത്തിൽ നേടാൻ കഴിയില്ല. മാനവ വിഭവശേഷിയുടെ സംസ്കരണവും രൂപാന്തരവുമാണ് യഥാർത്ഥ പുരോഗതിയുടെ അടിസ്ഥാനം.

കൗമാരത്തിൽ തെറ്റിലും മോശപ്പെട്ട വഴിയിലും ഒക്കെ കുട്ടികൾ വീണുപോകുന്നതിനു പ്രധാനമായി മൂന്നു കാര്യങ്ങൾ ഉണ്ട്. 1. സന്തോഷമില്ലായ്മ. കുട്ടികൾ ഹാപ്പി അല്ലെങ്കിൽ അതിന്റെ കാരണങ്ങൾ കണ്ടെത്തണം - പരിഹരിക്കണം. 2. നല്ല ബന്ധങ്ങളുടെ/സൗഹൃദങ്ങളുടെ അഭാവം. Always encourage friendship. 3. ഭവനങ്ങളിൽ കിട്ടാതെ പോകുന്ന respect ഉം അംഗീകാരവും. "ഒരു പൂവിനു കേടു വന്നാൽ പൂവിലല്ല ചികിത്സ വേണ്ടത്, ചെടിയിലാണ് - മണ്ണിലാണ് ഓർക്കാം!"

കുഞ്ഞുങ്ങൾക്കായി നല്ല അദ്ധ്യാപകരെ കണ്ടെത്താം. അവരെ തിരുത്താനും ക്രമീകരിക്കാനും മോട്ടിവേറ്റ് ചെയ്യാനും ഒക്കെ കഴിയുന്നവർ....കുട്ടികളുടെ കണ്ണുകളിൽ അവർക്കുള്ള സിലബസ് കണ്ടെത്താൻ കഴിയുന്നവർ....ഒരു ഭാഗ്യമാണ് !!! അങ്ങനെയുള്ളവരെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും ബഹുമാനിക്കാനും സമൂഹത്തിനു കഴിയണം. സിലബസ് മാത്രം പഠിപ്പിച്ചു തീർക്കുന്ന അദ്ധ്യാപകരെ അല്ല കാലം ആവശ്യപ്പെടുന്നത്, കുട്ടികളെ പഠിക്കാനും കൂടി കഴിയുന്ന അദ്ധ്യാപകരെയാണ് ആവശ്യം. അദ്ധ്യപകരുടെ മാനസീക - വൈകാരിക ആരോഗ്യം, മൂല്യബോധം മാതൃക ഒക്കെ വളരെ പ്രധാനം! അദ്ധ്യാപകരുടെ വ്യക്തിത്വ മികവും കുട്ടികളുടെ പഠന താല്പര്യവും തമ്മിൽ വലിയ ബന്ധമുണ്ട്. മറ്റൊരു പണിയും കിട്ടാത്തവർക്ക് വിശ്രമിക്കാനുള്ള ഇടമല്ല വിദ്യാഭ്യാസം എന്ന് സാരം! അദ്ധ്യാപകർക്ക് നിരന്തരവും സമഗ്രവുമായ വ്യക്തിത്വ - നേതൃത്വ പരിശീലനം ഉറപ്പുവരുത്തേണ്ടതും ഈ കാലഘട്ടത്തിൽ അനിവാര്യം!

വിദ്യാഭ്യാസത്തിന്റെ ആധുനിക ലോകത്തെ പ്രാധാന്യവും - അതിലൂടെ ലഭിക്കുന്ന സാധ്യതകളും ഒക്കെ അവർ നേരത്തെ മനസ്സിലാക്കി വളരട്ടെ. കുട്ടികൾക്ക് പ്രത്യേകിച്ച് 9-ാം ക്ലാസ്സു മുതൽ ഉള്ളവർക്ക് കരിയർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ട ആവശ്യമുണ്ട്. അവനവൻ ആരാണ് എന്ന് തിരിച്ചറിയുന്നതിനും ആരാവണം.... അതിലേക്കുള്ള വഴിയെന്തു..... എവിടെ പഠിക്കണം...... develop ചെയ്യേണ്ട സ്കിൽസ് എന്തെല്ലാം.... തുടങ്ങി ധാരാളം കാര്യങ്ങൾ കുട്ടികളും മാതാപിതാക്കളും മനസ്സിലാക്കേണ്ടതുണ്ട്.

കൂടാതെ ശരിയായ കരിയർ അവബോധം കുട്ടികളുടെ പഠനവും ജീവിതത്തോടുള്ള സമീപനവും മെച്ചപ്പെടുത്തും. ഡിഗ്രികൾ മാത്രം പോരാ, ഉയർന്ന മനോഭാവവും നൈപുണ്യങ്ങളും തിരിച്ചറിവും കൂടി ഒന്നിച്ചു ചേരുമ്പോഴാണ് സാദ്ധ്യതകൾ പിറക്കുന്നത്.

പറന്നുയരട്ടെ നമ്മുടെ യുവത, അർത്ഥവത്താവട്ടെ അവരുടെ ജീവിതം!

*(സുനിൽ ഡി. കുരുവിള: പ്രമുഖ കരിയർ കൗൺസിലറും അദ്ധ്യാപക പരിശീലകനുമാണ്. മാനവ വിഭശേഷി രംഗത്ത് പ്രവർത്തിക്കുന്ന ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ കൂടിയാണ് അദ്ദേഹം.*

*Email: sunil-kuruvilla@rediffmail.com.*
*Cell: 9656144712/9847400712*

*കൂടുതൽ parenting guidance 'Sunil kuruvilla' എന്ന You Tube ൽ കാണാം.)*

# ബഹുജനം പലവിധം

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

മഹാനായ അലക്സാണ്ടർ ചക്രവർത്തി ഒരിക്കൽ തന്റെ ഗുരുവായ അരിസ്റ്റോട്ടിലിനോടു ചോദിക്കുകയുണ്ടായി ലോകത്തിലെ ഏറ്റവും വലിയ അത്ഭുതം എന്താണ്? ദാർശനികനായ അരിസ്റ്റോ ട്ടിൽ അതിന് ഇപ്രകാരം മറുപടി നൽകി. അലക്സാണ്ടർ, ലോകത്തിൽ വളരെയധികം അത്ഭുതങ്ങൾ ഉണ്ട്. എന്നാൽ മനുഷ്യൻ എന്ന പ്രതിഭാസമാണ് അതിൽ ഏറ്റവും വലിയ അത്ഭുതം. മനുഷ്യൻ എത്ര മനോഹരമായ പദം. നാം ജീവിക്കുന്ന ലോകത്തിൽ ഏകദേശം അറുന്നൂറു കോടിയിൽ പരം മനുഷ്യരുണ്ട്. ഓരോ വ്യക്തിയും മറ്റൊരു വ്യക്തിയിൽനിന്നും പലവിധത്തിലും വ്യത്യസ്തരാണ്. ഒരു മനുഷ്യൻ വിരൂപനായിരിക്കാം. മറ്റൊരുവൻ രൂപ ഗുണമുള്ളവനായിരിക്കാം. ചിലർ നിർമ്മലരായിരിക്കാം. ഒരുത്തൻ അശുദ്ധനായിരിക്കാം. ഒരാൾ കറുത്തവനായിരിക്കാം. മറ്റൊരുവൻ വെളുത്തവനായിരിക്കാം. ചിലർ സംതൃപ്തരാകാം ചിലർ അസംതൃപ്തരാകാം. ചുവപ്പും നീലയും കറുപ്പും പച്ചയ്ക്കും മഞ്ഞയും നിറങ്ങളുള്ള തുണികൾ കൊണ്ടുണ്ടാക്കിയ തലയിണകൾപോലെ മാത്രമേ ഇതുള്ളു. എല്ലാത്തിന്റെയും ഉള്ളിൽ ഓരേഗുണമുള്ള പഞ്ഞിതന്നെ. ഓരോ വ്യക്തിക്കും തന്നോടും മറ്റുള്ളവരോടും ജീവിതത്തോടുമുള്ള കാഴ്ചപ്പാട് നാലു രീതിയിലാകാം എന്ന് പ്രമുഖ മനശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നു. I am not ok - you are ok ഞാൻ കൊള്ളില്ല- നീ കൊള്ളാം എന്നതാണ് ഒന്നാമത്തെ രീതി. ഇത് അപകർഷതാബോധം മൂലം ഉണ്ടാകുന്നതാണ്. I am not ok, you are not ok - ഞാൻ കൊള്ളില്ല നീയും കൊള്ളില്ല എന്നു ചിന്തിക്കുന്നവർ പലപ്പോഴും എല്ലാത്തിനും നിരാശരാണ്. I am ok, you are not ok ഞാൻ കൊള്ളാം നീ കൊള്ളില്ല എന്നു ചിന്തിക്കുന്നവർ തങ്ങളുടെ തെറ്റുകൾക്ക് മറ്റുള്ളവരെ പഴിചാരുന്നവരാണ്. I am ok, you are ok ഞാനും കൊള്ളാം നീയും കൊള്ളാം എന്നു ചിന്തിക്കുന്നവരാണ് ശരിയായ മാനസികാവസ്ഥയിലുള്ളവർ. അങ്ങനെയുള്ളവർക്ക് ക്രിയാത്മകമായി ചിന്തിക്കുവാനും ലോകത്തിനു മഹത്തായ സംഭാവനകൾ നൽകുവാനും കഴിയും.

ഒരു ഉദ്യാനത്തിലെ വ്യത്യസ്തമായ പൂക്കളാണ് ഓരോ മനുഷ്യരും. വ്യത്യസ്തമായ പൂക്കൾകൊണ്ട് ഉദ്യാനം നിറയണമെങ്കിൽ ഉള്ളിലെ തനിമ പുറത്തു കൊണ്ടുവരണം. സമൂഹമാകുന്ന പൂന്തോപ്പിലെ സൗരഭ്യം പരത്തുന്ന പുഷ്പങ്ങളായി ഓരോ മനുഷ്യനും തങ്ങളുടെ സംഭാവനകൾകൊണ്ട് ധന്യമാക്കണം. വിദ്യാലയങ്ങളുടെ എണ്ണവും അഭ്യസ്തവിദ്യരുടെ വർദ്ധനവും സാക്ഷരതയുടെ പെരുപ്പവും ശാസ്ത്രത്തിന്റെ വളർച്ചയും സാമൂഹിക നീതിബോധത്തെക്കുറിച്ചുള്ള ബോധവൽക്കരണവുമെല്ലാം ഇക്കാലത്ത് വളരെയധികം കൂടിവന്നിട്ടുണ്ടെങ്കിലും മനുഷ്യർ തമ്മിലുള്ള അന്തരം യാതൊരു കുറവും വന്നു കാണുന്നില്ല. നാലു പേർ കൂടുന്നിടത്തു നാലു പേരും വിയോജിക്കുന്ന കാഴ്ച ഈ പ്രകൃതിയിൽ മനുഷ്യർക്കിടയിൽ മാത്രം കാണുന്ന ഒരു സവിശേഷതയായി മാറിയിരിക്കുന്നു. യഥാർത്ഥമായ ആധുനിക പ്രശ്നം ഇതാണ്; മനുഷ്യനെ കൂടുതൽ മനുഷ്യത്വമുള്ളവനാക്കി മാറ്റുക എന്നതാണ്. മനുഷ്യൻ ദൈവമാകാൻ ശ്രമിച്ചാൽ അവന്റെ മാനുഷികത നഷ്ടപ്പെടുകയും അവന്റെ നൊമ്പരം ഇരട്ടിക്കുകയും ചെയ്യും. മനുഷ്യൻ മനുഷ്യനായാൽ മതി. ദൈവം മനുഷ്യനായത് മനുഷ്യനെ മനുഷ്യനാക്കാനാണ്. ഒരു മനുഷ്യനെ മനസിലാക്കാനുള്ള എളുപ്പമാർഗ്ഗം മറ്റൊരാളെപ്പറ്റി അയാളോട് ചോദിക്കുകയാണ് എന്ന് മഹാത്മാഗാന്ധി പറയുന്നു.

ശ്രേഷ്ഠനായ മനുഷ്യന് നിരവധി മേന്മകളുണ്ട്. അയാൾ ബുദ്ധിമാനായിരിക്കും. മറ്റുള്ളവരെ സ്നേഹിക്കും ധൈര്യശാലിയായിരിക്കും. ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കും. ദൈവത്തോട് ആദരവു പുലർത്തുന്നവനും ആയിരിക്കും. ബഹുമുഖ പ്രതിഭയുടെ ഉടമയായ അയാൾ ശരിയെ മാത്രമേ ഉൾക്കൊള്ളുകയുള്ളു. വക്രതയുള്ള മനുഷ്യൻ വഴക്കുണ്ടാക്കുന്നു. ഏഷണിക്കാരൻ മിത്രങ്ങളെ ഭേദിപ്പിക്കുന്നു എന്ന് വിശുദ്ധ ബൈബിൾ പറയുന്നു. മഹാത്മാവായ മനുഷ്യർ, സാമൂഹ്യപരിഷ്കർത്താക്കൾ, ചിന്തകർ, രാജ്യ തന്ത്രജ്ഞർ ദേശാഭിമാനികൾ, സാഹിത്യകാരന്മാർ ഇവർ സാധാരണ മനുഷ്യരിൽനിന്ന് വ്യത്യസ്തരാകുന്നത് ഒരു കാര്യത്തിലാണ്. അവർ സ്വപ്നം കാണുന്നത് യാഥാർത്ഥ്യമാക്കുവാൻ പരിശ്രമിക്കുന്നു. അവർ ജീവിതത്തിന് അർത്ഥം നല്കുന്നു. ഞാൻ നല്ലവനാണ് മറ്റുള്ളവർ അങ്ങനെയല്ല എന്നു ചിന്തിക്കുന്നവരുണ്ട്. നമ്മിൽ ദുഷ്ടന്മാരായിരിക്കുന്നവരിലും കുറെ നന്മകളുണ്ടായിരിക്കും. ഏറ്റവും നല്ലവരെന്നു കരുതുന്നവരിലും കുറെ നന്മകളുടെ വിത്തുകൾ കാണും. അതുകൊണ്ട് ആരും ആരെയും നന്മ തിന്മകളുടെ പേരിൽ വിമർശിക്കുകയോ കുറ്റം ആരോപിക്കുകയോ ചെയ്യേണ്ടതില്ല. ജീവിച്ചിരിക്കുമ്പോൾ സന്തോഷത്തോടുകൂടി പുഞ്ചിരിയോടുകൂടി ഒരു റോസാപുഷ്പം മറ്റുള്ളവർക്ക് നൽകുന്നതാണ് മരിക്കുമ്പോൾ ആയിരം റീത്തുകൾ സമർപ്പിക്കുന്നതിനേക്കാൾ ഉത്തമം. കത്തുന്ന തീയിൽ കുറെ എണ്ണകൂടി ഒഴിക്കുന്നതിലല്ല ആ തീ കുറെയെങ്കിലും കെടുത്തുവാൻ കഴിയുന്നതിലാണ് യഥാർത്ഥത്തിൽ ജീവിതത്തിന്റെ സംതൃപ്തി അടങ്ങിയിരിക്കുന്നത്.

ഒരു പ്രമുഖ ചിന്തകൻ ലോകത്തിലെ ജനങ്ങളെ രണ്ടായി കാണുന്നു. പ്രയത്നിച്ചു കാര്യം സാധിക്കുന്നവർ ഒരു വശത്ത്. അതിൽ നിന്നുപേരെടുക്കുന്നവർ മറുവശത്ത് പലതിൽ മനസ്സ് ഊന്നുന്നവർ, ഒന്നിൽതന്നെ ശ്രദ്ധ കേന്ദ്രീകരിക്കുന്നവർ, ഒന്നിലും മനസ്സ് പതിപ്പിക്കാത്തവർ എന്നിങ്ങനെ ബഹുജനം പല വിധത്തിൽ ചരിക്കുന്നു. മനോഭാവത്തിന്റെ അടിസ്ഥാനത്തിലും മനുഷ്യർ പലവിധത്തിലാണ്. എവിടെയും ശരിമാത്രം കാണുന്നവർ, ശരിയെ ശരിയായും തെറ്റിനെ തെറ്റായും മാത്രം കാണുന്നവർ, ശരിയെപോലും തെറ്റായി കാണുകയും വിലയിരുത്തുകയും ചെയ്യുന്നവർ. യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടക്കാതെ പ്രതികരിക്കാൻ സാധിക്കണം. ബഹിർ മുഖക്കാർ, അന്തർ മുഖക്കാർ, മധ്യമുഖക്കാർ തുടങ്ങിയവരെയും സമൂഹത്തിൽ നമുക്ക് ദർശിക്കാം. ബഹിർമുഖക്കാർ എന്തിലും മുൻപന്തിയിലുണ്ടാകും. അന്തർമുഖക്കാർ സ്വന്തം കാര്യങ്ങൾ മാത്രം നോക്കി നടക്കുന്നവരാണ്. മധ്യമുഖക്കാർ കാര്യങ്ങൾ കേട്ടു നിൽക്കും. പക്ഷേ

*(ശേഷം പേജ് 22-ൽ)*

# ഒന്നും ഇല്ലാത്തവനായി വന്നു തിരികയും ഒന്നുമില്ല

**അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്**

മഹാനായ അലക്സാണ്ടർ ചക്രവർത്തി മരിക്കുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ അന്തിമ അഭിലാഷം അത്യന്തം ശ്രദ്ധിക്കേണ്ടതും ചിന്തിക്കേണ്ടതുമാണ്.

ഒന്നാമതായി അദ്ദേഹത്തിന്റെ മൃതദേഹം വഹിച്ചുകൊണ്ടുപോകുന്നത് അദ്ദേഹത്തെ ചികിത്സിച്ച ഡോക്ടർമാരും പരിചാരകരും മാത്രമായിരിക്കണം. എത്ര പരിചയ സമ്പന്നരായ ഡോക്ടർമാർക്കും പരിചാരകർക്കും ഓരാളെ പൂർണ്ണമായി സുഖപ്പെടുത്താൻ കഴിയുകയില്ല എന്നുള്ള സന്ദേശം ലോകത്തിനു മനസ്സിലാക്കി കൊടുക്കാനാണ്. രണ്ടാമതായി പറഞ്ഞത് എന്റെ മൃതശരീരം ശ്മശാനത്തിലേയ്ക്കു കൊണ്ടുപോകുന്ന വഴിയിൽ ഞാൻ ശേഖരിച്ചുവച്ച എന്റെ പണവും സ്വർണ്ണവും വിലപിടിപ്പുള്ള എല്ലാം വഴിയിൽ വിതറിയിടുക. എന്തെല്ലാം നേടിയാലും നേടിയതിൽ നിന്ന് ഒരു ചില്ലി പൈസപോലും കൊണ്ടുപോകുവാൻ കഴിയുകയില്ല എന്നുള്ള ഒരു സത്യം ലോകത്തിൽ മനസ്സിലാക്കി കൊടുക്കുവാനാണ്. മൂന്നാമത്തെ അന്തിമ അഭിലാഷം എന്റെ മൃതശരീരം വയ്ക്കുന്ന പെട്ടിയുടെ ഇരുവശത്തുമായി എന്റെ കൈകൾ നിവർത്തിയിടണമെന്നായിരുന്നു – ലോകത്തിൽ വന്നതും ശൂന്യകരങ്ങളോടെ പോകുന്നതും ശൂന്യകരങ്ങളോടെയെന്ന് ലോകത്തെ അറിയിക്കാനാണ്. ജീവിച്ചിരിക്കുമ്പോൾ അന്യായമായും അധാർമ്മീകമായും നാം നേടിയെടുക്കുന്ന പണമായാലും സ്ഥാനമാനങ്ങളായാലും ഇവിടെ നിന്നു കടന്നുപോകുമ്പോൾ സ്ഥാനമാനങ്ങൾ നേടിയെടുത്ത ആ ജഡത്തിനും പണം കുന്നുകൂട്ടി ഉണ്ടാക്കിയ ആ ജഡത്തിനും എന്തുവില. ഈ ജഡത്തിന് വിലയിട്ട് അടി പിടികൂട്ടി കാത്തിരിക്കുന്നത് കേവലം കൃമിയും പുഴുക്കളുമാണ്. ഒരു ദിവസത്തേയ്ക്ക് അവർക്കു കിട്ടുന്ന സമൃദ്ധമായ ആഹാരം. ജീവിച്ചിരുന്നപ്പോൾ നാം ആർക്കെങ്കിലും എന്തെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ അതു ആത്മാവിനുള്ള സാമ്പാദ്യമായി കരുതാം. പണമായാലും സന്തോഷമായാലും സമാധാനമായാലും എല്ലാം നാം കരുതികൂട്ടി വയ്ക്കുന്ന ആത്മാവിനുള്ള കരുതലാണ്.

അലക്സാണ്ടർ ചക്രവർത്തി ഒരു സുവിശേഷകൻ അല്ലെങ്കിലും വലിയ ഒരു സുവിശേഷം തന്നെയാണ് ലോകത്തെ അറിയിച്ചിരിക്കുന്നത്. നമ്മുക്കു മനസ്സിലാകത്തക്ക രീതിയിൽ ലളിതമായി കൊച്ചുകുട്ടികൾക്കുപോലും മനസ്സിലാകുന്നതുപോലെ അവതരിപ്പിച്ചിരിക്കുകയാണ്. ജീവിച്ചിരിക്കുമ്പോൾ എത്ര സമ്പാദിച്ചു കൂട്ടിയാലും ഇവിടെ നിന്നു കടന്നുപോകുമ്പോൾ കൈയിൽ ഒന്നുമില്ലായെന്ന്. മനുഷ്യരെന്ന നിലയിൽ നമ്മുടെ സമയത്തിന്റെ വലിയ ഒരു ഭാഗം പണത്തിനു വേണ്ടിയുള്ള പരക്കം പാച്ചലിലാണ് ചിലവഴിക്കുന്നത്. ഈ പണം നമ്മളെ സഹായിക്കുന്നതിന് ഒരു പരിധിയുണ്ടെന്ന് അലക്സാണ്ടർ ചക്രവർത്തിയുടെ വാക്കുകളിൽ നിന്നും മനസ്സിലാകുന്നു.



പണം നമുക്ക് അല്പനേരത്തെ സന്തോഷം തരും. പക്ഷേ അതു നീണ്ടു നിൽക്കുകയില്ല. പിന്നെയും നേടുന്നതിനുള്ള ആർത്തി ഉയർന്നു നിൽക്കും. എന്നാൽ നാം മറ്റുള്ളവരെ സഹായിക്കുമ്പോൾ അപ്പോഴുണ്ടാകുന്ന ആ സന്തോഷം നീണ്ടു നിൽക്കുന്നതാണ്. ഒരു മഹാൻ പണ്ടു പറഞ്ഞിട്ടുണ്ട് നമ്മുടെ സഹായം ലഭിക്കുന്ന ആളിനും നമുക്കും ഒരുപോലെ സന്തോഷം കിട്ടുമെന്ന്. സ്വാർത്ഥത നമ്മിൽ വന്നു നിറയുമ്പോൾ ഏതു ഗണത്തിലും തരത്തിലും പെട്ടവരായാലും നാം പരിഗണിക്കാറില്ല. നമ്മുടെ ലോകം നമ്മളിൽ തന്നെ ചുരുങ്ങിപ്പോകും. നാം ചിന്തിക്കുക! ഞാൻ സന്തോഷം നൽകുന്ന ഒരു ദാതാവാണോ? മറ്റുള്ളവരുടെ ജീവിതത്തെ കൂടുതൽ ഫലപ്രദവും അനുഗ്രഹപ്രദവുമാക്കുന്നതിന് ഞാൻ എന്തെങ്കിലും പ്രവർത്തി ചെയ്യുന്നുണ്ടോ?

മൺമയാം ഈ ഉലകിൽ കാൺമതും മായ
വൻ മഹിമ ധനം സുഖങ്ങൾ സകലതും മായ.

## *ബഹുജനം പലവിധം*

*(പേജ് 21 തുടർച്ച)*

ഒന്നും പ്രവർത്തിക്കില്ല. മനുഷ്യൻ പലപ്പോഴും യാഥാർത്ഥ്യം അറിയാതെ ചില നിഗമനങ്ങളിൽ എത്തിച്ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നു. ചിലർ തെറ്റു മനസ്സിലാക്കിയാലും അംഗീകരിക്കുന്നതായി വെളുപ്പെടുത്തുകയില്ല. നിഷേധാത്മക നിഗമനങ്ങളാണ് മറ്റൊരു വൈകല്യം. മനുഷ്യർ തമ്മിലുള്ള പ്രധാന വ്യത്യാസം അവരുടെ ശരീര പ്രകൃതിയോ ബാഹ്യകാരമോ ഒന്നുമല്ല. അവരുടെ മനോഭാവത്തിലുള്ള വ്യത്യാസമാണ്. നമ്മുടെ അഭിരുചിയേക്കാൾ നമ്മുടെ അഭ്യുന്നതിക്കു കാരണമായിട്ടുള്ളത് നമ്മുടെ മനോഭാവവും വീക്ഷണവുമാണ്. ഭാഷ, വേഷം, ഭക്ഷണം, മനോഭാവം തുടങ്ങിയ നാനാത്വത്തിൽ ഏകത്വം കാണുവാൻ നമുക്ക് സാധിക്കട്ടെ.

# "ശൂന്യ"

ഡോ.ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

'ശൂന്യ' എന്നാൽ സംസ്കൃതത്തിൽ 'പൂജ്യം' എന്നാണ് അർത്ഥം. 'SVI' എന്ന വാക്കിൽ (hollow) നിന്നാണ് 'ശൂന്യ' എന്ന പദമുണ്ടായത്. 'Stage of nothingness' is Permenant and Absolute.

ഒരു കഥയുണ്ട്. ദേവലോകത്ത് നിന്നുള്ള സ്ത്രീ ഭൂമിയിലെ മനുഷ്യനെ വിവാഹം കഴിച്ചു. കല്യാണ ദിവസം അവൾ ഭർത്താവിന്റെ കയ്യിൽ ഒരു ചെപ്പു കൊടുത്തിട്ടു പറഞ്ഞു. 'എന്റെ ജീവിതത്തിലെ ഏറ്റവും അമൂല്യമായ നിധി ഇതിനകത്തുണ്ട്. സൂക്ഷിച്ചു വയ്ക്കണം.. കാലങ്ങൾക്കു ശേഷം ഒരിക്കൽ അയാൾ അതു തുറന്നു നോക്കി 'അകം ശൂന്യം'. ക്ഷുഭിതനായ അയാൾ ഭാര്യയോടു ചോദിച്ചു. 'ഇത്രയും നാൾ നീ എന്നെ പറ്റിക്കുകയായിരുന്നോ, ഇതിനകത്ത് ഒന്നുമില്ല.....' അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു 'ഞാൻ വരുന്നതു മേഘങ്ങളിൽ നിന്നല്ലേ. യാത്ര പറയുമ്പോൾ വീട്ടുകാർ ആകാശത്തിന്റെ ഒരു കഷണം മുറിച്ച് ചെപ്പനകത്താക്കി തന്നതാണ്. എന്നു മുതലാണ് എന്റെ ആകാശം താങ്കൾക്ക് ശൂന്യമായി തോന്നാൻ തുടങ്ങിയത്...?

മണവാട്ടി സഭയുടെ ശൂന്യതകളെ സ്വയം തിരിച്ചറിഞ്ഞ്, തന്റെ അതിപരിശുദ്ധമായ ദിവ്യ പ്രണയം സഭയുടെ ശൂന്യതകളിൽ പകർന്നു നിറച്ചവളെ ആത്മനിറവിൽ, പരിശുദ്ധാരൂപിയിൽ ആത്മാഭിഷേകം ചെയ്ത് വിളിച്ച് വേർ തിരിച്ച് സ്വസ്ഥതയും, പരിപൂർണ്ണയുമാക്കിയ യേശു ക്രിസ്തു ശക്തിയു ടെയും ശുദ്ധിയുടെയും, മഹാബോധത്തിന്റെയും ഊർജ്ജത്തിന്റെയും, ആത്മനിറവിന്റെയും കേന്ദ്രമാണ്. വീട്ടുകാരോടും, നാട്ടുകാരോടും, സമൂഹത്തോടുമുള്ള പരസ്പര ബന്ധവും, സഹകരണവും, സംപ്രീതിയും പരിപൂർണ്ണവും, പരിപക്വതയുമാക്കുവാൻ വി. ബൈബിൾ പഠിപ്പിക്കുന്നു. യേശുവിനെപോലെ അപരന്റെ ആത്മാവിനെ പ്രണയിക്കുക. ആത്മാക്കളുടെ വീണ്ടെടുപ്പിനായി ക്രിസ്തുവിന്റെ 'ദിവ്യബലിയിൽ ലയിച്ചു ചേർന്നു, മറ്റുള്ളവരുടെ ആത്മരക്ഷാർത്ഥം (Epathy) ലോകജനതയുടെ മോക്ഷത്തിനും നിത്യ രക്ഷയ്ക്കും, നിത്യജീവനും വേണ്ടി പരിശ്രമിക്കുമ്പോൾ നാം തിരുസഭയാം മണവാട്ടിയുടെ വിമല ഹൃദയത്തുടിപ്പിലലിഞ്ഞ് ക്രിസ്തു എന്ന ഏക പുരുഷന്റെ അംഗങ്ങളാകും. ക്രിസ്തു എന്ന തായ്തടിയോടു ഒട്ടിച്ചേർന്നു നിൽക്കുന്ന ഉൾക്കാമ്പുള്ള തിരുഹൃദയ മരത്തിന്റെ കൊമ്പുകൾ, ലോകം മുഴുവനും ശുദ്ധീകരിച്ചു ബലപ്പെടുത്തും. അപരന്റെ ശൂന്യതകളെ അംഗീകരിക്കുക, സംരക്ഷിക്കുക, വിജയിപ്പിക്കുക. അവിടെ മനുഷ്യാത്മാവ് ദൈവാത്മാവിൽ ഒന്നായി ലയിച്ചു പരമാനന്ദമാകും.

അപരന്റെ ശൂന്യതകളെ പ്രണയിക്കുക എന്നത് ഒരു വെല്ലുവിളിതന്നെയാണ്. അപരന്റെ 'ഒന്നുമില്ലായ്മയെ' ചേർത്തു പിടിക്കുമ്പോൾ നിങ്ങൾ ഒരു 'നവയുഗ ക്രിസ്തുവായി' മാറുന്നു. എല്ലാമുള്ളവന്റെ നേട്ടങ്ങളെ പ്രശംസിക്കുവാനും വിജയങ്ങളെ ഉത്സവമാക്കാനും ധാരാളം സുഹൃത്തുക്കൾ വരും. ഈ ലോകത്തിൽ ഒരു പേരെടുത്തവന്റെയൊപ്പം നിന്നാലെ ഈ മായാ ലോകത്ത് താത്കാലികമായിരുന്നാലും ഒരു നില നിൽപ്പും സന്തോഷവുമൊക്കെയുള്ളു. ലോകം അതിന്റെ പിറകെയാണ് 'ലോക മായയുടെ' താത്കാലിക ഭ്രമങ്ങളിൽ പേരെടുത്തവർക്കൊപ്പം സൗഹൃദ്യം പങ്കു വെച്ച് പേരെടുത്ത് ആളായി നാലാളുടെ മുമ്പിൽ കൈയ്യടി വാങ്ങി മായയുടെ അസ്ഥിത്വം നിലനിർത്തുവാൻ യാന്ത്രികമായി വൃഥാ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ബോധപൂർവ്വമായും അബോധപൂർവ്വമായും അറിഞ്ഞോ അറിയാതെയോ ജീവിതകാലം മുഴുവൻ 'മറ്റുള്ളവരെന്തു കരുതും' എന്നു മാത്രം ചിന്തിച്ച്, മറ്റുള്ളവരുടെ കൺകളിലൂടെ അവനവനെ നോക്കി കണ്ട്, മറ്റുള്ളവരുടെ അടിമയായി എന്തു വില കൊടുത്തും മായയായ ലോകത്തിന്റെ 'സ്വഭാവ സർട്ടിഫിക്കറ്റ്' കരസ്ഥമാക്കി ഒരു 'മിഥ്യാ ലഹരിയിൽ' മൂഢ സ്വർഗ്ഗത്തിൽ ജീവിച്ചു ആയുസ്സ് പാഴാക്കുന്നു. പാരമ്പര്യമായും ജന്മനാലും, വളർന്നു വന്ന ജീവിത സാഹചര്യങ്ങളും ലോകമോഹങ്ങളും, നേട്ടങ്ങളുമാണ് മനുഷ്യന്റെ നിലനില്പിന്നാധാരം എന്ന 'മിഥ്യാ വിശ്വാസ സങ്കൽപ്പ'ങ്ങളിലടിയുറച്ച മനസ്സിന്റെ അച്ചിൽ വാർത്തെടുത്ത പ്രതിമകളായി മനുഷ്യൻ മാറും. വെറുതെ ലോകത്തിന്റെ പുറകെ പോയി കഷ്ടപ്പെട്ട്, അദ്ധ്വാനിച്ച് സമയം പാഴാക്കുന്നു.

മനുഷ്യൻ ഈ ഭൂമിയിൽ ഒരു ആയുസ്സിൽ എന്തൊക്കെ നേടിയാലും, സകല നേട്ടങ്ങളും മരണത്തോടുകൂടെ അവസാനിക്കുന്നു. പിന്നീട് അവന്റെ ഓർമ്മ കൂടി ഉണ്ടാവില്ല. (സങ്കീ. 39:4) ഏതു മനുഷ്യനും എത്ര ഉറച്ചു നിന്നാലും ഒരു ശ്വാസം അത്രെ ആകുന്നു.

ഭൂമിയിൽ ജീവിക്കുമ്പോൾ എത്രയധികം സമ്പാദിച്ചാലും, നിലനിൽപ്പിനായി പരസ്പരം മല്ലിട്ട്, ഒന്നൊന്നിനെ അടിച്ചമർത്തി എന്തൊക്കെ നേടിയാലും മരണം ഒരു ഒന്നുമില്ലായ്മയുടെ ശൂന്യതയിലേക്കവനെ കൊണ്ടുപോകുന്നു. എന്നാൽ ഭൂമിയിൽ വെച്ചുതന്നെ ആത്മാവിന്റെ രക്ഷയ്ക്കായി ദൈവസ്നേഹത്തിലും സത്യവചനത്തിലുമുറച്ചു നിന്നും സത്യാത്മ ദൈവത്തെ ഉള്ളിന്റെ ഉള്ളിൽ സമ്പാദിച്ചാൽ മരണശേഷവും, ജീവിക്കുമ്പോഴും അവന്റെ ശൂന്യത സ്വർഗ്ഗാധി സ്വർഗ്ഗത്തിന്റെ നിത്യരക്ഷയും, വീണ്ടെടുപ്പും ഉൾക്കൊള്ളുന്നതായിരിക്കും. 'ശൂന്യത' എന്നത് ആത്മശരീര മനസുകളുടെ പരിശുദ്ധാത്മാവസ്ഥയാണ്. ഏദൻതോട്ടത്തിലെ 'നഗ്നസത്യത്തിന്റെ' പരിശുദ്ധിയുടെ പൂർണ്ണത. ഇവിടെ ഭൂമിയിലെ ജീവിതം പറുദീസായുടെ അനുഭവമാകുന്നു. കാറ്റ്, ജീവജലനദി, പ്രാവ് തുടങ്ങിയവ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. മനസ്സിന്റെ ശൂന്യതയിലേക്കാണ് പരിശുദ്ധാത്മാവിന്റെ അരൂപി നിറയുന്നത്.

Hollow space/ empty space - ൽ വായു നിറയുന്നതു പോലെ മനസ്സടങ്ങിയ/മനസ്സിന്റെ വേഗത കുറഞ്ഞ് ശൂന്യമാകുന്ന ആന്തരീക സ്വാതന്ത്ര്യാവസ്ഥയിലേക്കാണ്

പരിശുദ്ധാത്മാരൂപി നിറഞ്ഞു കവിയുന്നത്.

ഉള്ളിൽ പരിശുദ്ധാരൂപി നിറയുമ്പോൾ ഒന്നുമില്ലായ്മയുടെ സുഖം അനുഭവിക്കും. പരിശുദ്ധാവിനാൽ ശൂന്യത ബലവത്താകും. ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ട അപ്പോസ്തോലന്മാരുടെ സ്വർഗ്ഗീയാനുഭൂതികളും വെളിപാടുകളും ആനന്ദപരിപൂർണ്ണതയും നാം വി. ബൈബിളിൽ വായിച്ചിട്ടുണ്ട്. ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾതന്നെ പറുദീസായുടെ മാനസീക അവസ്ഥ പ്രാർത്ഥനയിലൂടെ അനുഭവിക്കുന്ന വ്യക്തികൾ ഇപ്പോഴുമുണ്ട്. അവർ കൊച്ചു കുഞ്ഞുങ്ങളെപോലെ നഗ്നതയുടെ പരിശുദ്ധിയിൽ, നിഷ്ക്കളങ്കയുടെ സൗകുമാര്യത്തിൽ നാണങ്ങളില്ലാതെ, നാണം എന്താണെന്നറിയാതെ പരിശുദ്ധാത്മാവിൽ ആനന്ദിച്ചുല്ലസിക്കുന്നു. ദൈവതേജസ്സെന്ന വസ്ത്രത്താൽ ചുറ്റിപ്പൊതിയപ്പെടുന്നവർക്ക് ഭൂമിയിൽ ഏതൊരു വിഷയവും കൈകാര്യം ചെയ്യുവാൻ യാതൊരു ലജ്ജയോ, ഭയമോ തടസ്സമോ ഉണ്ടാവുകയില്ല. ദൈവകൃപ വസ്ത്രമാക്കിയവർ കുഞ്ഞുങ്ങളെപോലെ ഒന്നും മറച്ചു വെയ്ക്കാതെ, എന്തും തുറന്നു പറഞ്ഞ്, ജീവിതം തന്നെ ആർക്ക് എപ്പോൾ വേണമെങ്കിലും തുറന്നു നോക്കി വായിച്ചു പഠിക്കുവാൻ പറ്റിയ ഒരു തുറന്ന പുസ്തകമാക്കി മാറ്റി പൊതുനന്മക്കായി കുഞ്ഞുങ്ങളെപോലെ ലജ്ജയില്ലാതെ മറയില്ലാതെ സ്വയം സമർപ്പിക്കുന്നു, സമർത്ഥിക്കുന്നു.

വസ്ത്രം ഒരു മാനസീക രോഗമാണ്. അതിടുന്നവന് ലജ്ജയുണ്ട്, ദേഹബോധത്തിന്റെ പരിധിയുണ്ട്. അവനെന്തോ മറച്ചുപിടിക്കുവാൻ ശ്രമിക്കുന്നു. ജന്തുക്കളോ, പക്ഷികളോ, മറ്റു ജീവജാലങ്ങളോ ഒന്നും വസ്ത്രങ്ങളില്ലാതെ പിറന്ന പടി തന്നെ ജീവിക്കുന്നു. ഒരു ജന്തുവും രോഗാതുരമായി ഹാർട്ട് അറ്റാക്ക്, ക്യാൻസർ etc മാരകരോഗമോ, മാനസീക വിഭ്രാന്തിയോ, tension നോ കൂടിയിട്ട് ആശുപത്രിയിൽ അഡ്മിറ്റ് ആയി കാണുന്നില്ല. തിരക്കേറിയ റോഡിലും, പൊതു സ്ഥലങ്ങളിലുമൊക്കെ മറ്റുള്ളവർ എന്തു വിചാരിക്കുമെന്നോർക്കാതെ, സ്വതന്ത്രരായി, പട്ടി, പൂച്ച തുടങ്ങിയ ജന്തുജാലങ്ങൾ കൊച്ചു കുഞ്ഞുങ്ങളേപോലെ, നിഷ്ക്കളങ്കബോധപൂർണ്ണിമയിൽ, ശ്രദ്ധാ പൂർണ്ണതയോടെ വളരെ സുഖകരമായി, ആസ്വദിച്ചു കിടന്നുറങ്ങുന്നതു കാണാം. എന്നാൽ മനുഷ്യന് ആഡംബരക്കൊട്ടാരങ്ങളിലായാലും, എത്ര ഉറക്ക മരുന്നു കഴിച്ചാലും എത്ര സൗകര്യങ്ങളിലായാൽ പോലും ഉറങ്ങാനാവാത്തവിധം tension ആണ്.

പറുദീസ പ്രകൃതിയുടെ സുന്ദരമായ, ആരോഗ്യകരമായ സൗഖ്യദായക ശക്തിയുടെ ആത്മ നിറവാണ്. അതിനുള്ളിൽ മനസു നിറഞ്ഞിരിക്കുന്നവർക്ക് അതെന്നുമെന്നും സ്വാസ്ഥ്യം, സൗഖ്യം, പരിജ്ഞാനം, പരിശുദ്ധാത്മവരങ്ങളുടെ ഉറവിടം തന്നെയാണ് എന്നത് ശാശ്വതമായ 'നഗ്ന സത്യം' തന്നെയാണ്.

'ലോകാ സമസ്താ സുഖിനോ ഭവന്തു'. സമസ്ത ലോകത്തിനും നന്മയാഗ്രഹിക്കുന്നവർക്കു മാത്രമെ ഉള്ളിന്റെയുള്ളിൽ ആനന്ദ പരിപൂർണ്ണതയുടെ ആരോഗ്യം ആസ്വദിക്കാനാവൂ. ഒരു ചെടിക്കു വെള്ളവും, വളവും നൽകുന്നതു വേരിലാണ്. തണ്ടിലോ, ഇലയിലോ, കായിലോ, പൂവിലോ, ഫലത്തിലോ അല്ല വെള്ളമൊഴിക്കുന്നതും, വളമിടുന്നതും. ഭാഗികമായി ചെടിയുടെ ഏതെങ്കിലുമൊരു ഭാഗത്ത് ഇല, തണ്ട്, ഫലം etc വെള്ളമൊഴിച്ചാൽ അത് നശിച്ചുപോകും. എന്നാൽ വേരിൽ വെള്ള മൊഴിച്ചു വളമിട്ടാൽ അത് സമ്പൂർണ്ണമായി, പ്രശാന്തമായി, പ്രശോഭിച്ചു ആരോഗ്യവും, വളർച്ചയും



പ്രാപിച്ച് ഉയർന്ന ബോധത്തെ സ്പർശിച്ച് പ്രപഞ്ച നിലനിൽപ്പിന്റെ ശുദ്ധ ഊർജ്ജ കേന്ദ്രമായി ശുഭകരമായി 'പ്രകൃതി പുരുഷ' സാമരസത്തിന്റെ സമാധിയുടെ സമ്പൂർണ്ണതയാവും. അതുപോലെ ഓരോ വ്യക്തിയുടെയും സ്വാർത്ഥ സുഖങ്ങൾക്കും നേട്ടങ്ങൾക്കും വേണ്ടി 'വ്യക്തിഗത പോഷണം' മാത്രം നടത്തിയാൽ സമൂഹത്തിന് നന്മയ്ക്ക് പകരം ദോഷം ഭവിച്ചെന്നു വരാം. സമ സ്ത പ്രപഞ്ചത്തിനും നന്മയാഗ്രഹിച്ചു പ്രാർത്ഥനയോടെ, ജീവിതം പ്രവർത്തനം ആക്കിയാലേ 'ഏകലോകം' ബലപ്പെടൂ. സമൂഹമനസ് ശുദ്ധിയും ശക്തിയും ആരോഗ്യവും പൂണ്ട് അദ്വൈതീയ ഭാവനത്തിൽ എല്ലാവരും ഒരുപോലെ 'നിത്യജീവൻ' പ്രാപിക്കൂ. സമസ്ത ലോകവും ശാശ്വത സത്യം ഗ്രഹിച്ച് സകലത്തിലും തികഞ്ഞവരും, ദൈവത്തിൽ പരിപൂർണ്ണരുമാകാൻ നമ്മുടെ പ്രാർത്ഥനയും, ജീവിതത്തിന്റെ ദിവ്യബലിയും സമസ്ത പ്രപഞ്ചത്തിനും വേണ്ടിയുള്ളതാവണം. അതാണ് ഭൂമിയിലെ അക്ഷയ പറുദീസാനുഭവം. ഒന്നോ, രണ്ടോ ഈർക്കിൽ പെട്ടെന്ന് വളച്ച് ഒടിക്കാം. എന്നാൽ ധാരാളം ഈർക്കിൽ ചേർത്തൊരു ചൂൽ കെട്ടിയാൽ അത് ഏറ്റവും ബലവത്താണ്. അതിനെ ഒടിക്കാൻ കഴിയില്ല. പക്ഷെ അതുകൊണ്ട് (മുറ്റം) അടിക്കാം. ഐക്യമത്യം മഹാ ബലം. യേശുക്രിസ്തു ഭൂലോകത്തെ മുഴുവൻ ഉള്ളിലാവാഹിച്ചാണ് പാപിയെ ശുദ്ധീകരിച്ച് പാപലോകം പവിത്രമാക്കിയത്. 'ഞാൻ ചെയ്തത് നിങ്ങളും ചെയ്വിൻ" എന്നാണ് ക്രിസ്തു പറഞ്ഞത്. കുരിശു മരണത്തോളം താഴ്ത്തപ്പെട്ട പരിശുദ്ധ ദൈവപുത്രൻ ലോകത്തിന് മരണത്തിൽനിന്നും ഈസ്റ്ററിന്റ നിത്യജീവൻ പ്രാപിക്കുവാൻ വഴിയൊരുക്കി. അവനെ വിശ്വസിക്കുന്നവർക്കും അനുഗമിക്കുന്നവർക്കും പിന്തുടരുവാൻ ഒരു 'മാതൃക' സ്വന്തം ജീവിതത്തിലൂടെ വരച്ചു കാട്ടി സ്വർഗ്ഗാരോഹണം ചെയ്തു.

സ്വയം ശൂന്യവത്ക്കരിച്ചാൽ മാത്രമെ സമസ്ത പ്രപഞ്ചത്തെയും അദ്വൈതീയ ഭാവത്തിലുൾകൊണ്ടു എല്ലാവരോടുമൊരുപോലെ സഹാനുഭൂതിയുള്ളവരായി ആത്മനിറവിന്റെ പരിപൂർണ്ണത ഉള്ളിൽ അനുഭവിച്ചു ഉയർന്ന ബോധനിലവാരത്തിലെത്തിക്കുവാൻ കഴിയൂ. കടുകുമണിയെക്കാൾ ചെറുതായ ലാഘവത്തോടെ അഹത്തിന്റെ ഭാരങ്ങളില്ലാതെ സമസ്ത പ്രപഞ്ചത്തെയുമുള്ളിൽ വഹിച്ചനുഗ്രഹമാക്കുവാൻ സ്വയം പൂജ്യമാവുക. സ്വന്തം ശൂന്യതകളെ തിരിച്ചറിയുക.

എല്ലാവർക്കും നിങ്ങളെ ഉൾക്കൊള്ളാൻ പാകത്തിന് നിങ്ങൾ സ്വയം നിങ്ങളിൽനിന്ന് (EGO) ഒഴിഞ്ഞ് സംശൂന്യമായിത്തീർന്നാൽ സകലരും, സകലതും നിങ്ങളിൽ പരിപൂർണ്ണമാകും. ഓരോ വീട്ടിലും അമ്മമാരുണ്ട്. മക്കളെക്കുറിച്ചുള്ള അവരുടെ വേവലാതി നമുക്കറിയാം. അതുപോലെയാണ് പ്രപഞ്ച മാതാവായ മറിയം. പ്രപഞ്ചത്തിലെ ഓരോ പുൽക്കൊടിപോലും അമ്മയ്ക്ക് പൈതലാണ്. മക്കളുടെ സംരക്ഷണവും നിലനിൽപ്പും അമ്മയുടെ ഉത്തരവാദിത്വമാണ്. അവിടെ മക്കൾക്ക് വേണ്ടിയുള്ള പ്രാർത്ഥന ചങ്കിടിപ്പുപോലെ, ശ്വാസോച്ഛ്വാസംപോലെ നിരന്തരം തുടരുമ്പോൾ വി. അമ്മയുടെ ജീവൻ ഓരോ നിമിഷവും ദിവ്യബലിയായി ത്തീരുന്നു.

പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങളായി ബൈബിൾ കാറ്റ്, ജീവജലനദി, അഗ്നി, പ്രാവ് തുടങ്ങിയവയെ വർണ്ണിക്കുന്നു. ശൂന്യതയ്ക്ക് രൂപമില്ല. ഭാരമില്ല. രൂപരഹിതമായ പരിശുദ്ധാത്മാവും, പരിശുദ്ധാത്മാഭിഷേകത്തിൽ നിറഞ്ഞിരിക്കുന്ന മനുഷ്യരും അങ്ങനെയായിരിക്കും. അവർക്ക് അഹംബോധഘനം (തലക്കനം) ഉണ്ടാവില്ല.

വായു, ജലം തുടങ്ങിയവയ്ക്ക് രൂപമില്ല. ജലത്തിനു അതിനെയുൾകൊള്ളുന്ന പാത്രത്തിന്റെയോ, വസ്തുവിന്റെയോ രൂപമായിരിക്കും. ജലംപോലെ പരിപാവനമായ ദൈവസ്നേഹവും എങ്ങും കെട്ടികടക്കാതെ അരുവി/പുഴ. സാഗരംപോലെ ഭൂമിയുടെ അറ്റത്തോളം, ഭൂമിയെ ചുറ്റികൊണ്ട് സുവിശേഷ പ്രവർത്തനം പോലെ അണമുറിയാത, ധാരമുറിയാതെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ അവരുടെ പ്രാപ്തിക്കും, വ്യാപ്തിക്കും, വിസ്തൃതിക്കുമനുസരിച്ച് അവരെ ശുദ്ധീകരിച്ച്, ശക്തീകരിച്ച്, പോഷിപ്പിച്ച് ആത്മാഭിഷേകമായി പ്രപഞ്ചം മുഴുവൻ ഒഴുകും. ഒന്നിനെക്കുറിച്ചും, ആരെക്കുറിച്ചും പ്രത്യേകം ഒരു രൂപം (ധാരണ/അഭിപ്രായം) ഇല്ലാതെ ആരെയും, ഒന്നിനെയും, വാക്കുകളുടെയോ, പ്രവർത്തിയുടെയോ പരിമിതിയിൽപ്പെടുത്താതെ, എല്ലാവരിലും നന്മ മാത്രം കണ്ട്, എല്ലാവരിലെയും ഏതവസ്ഥയിലും ബഹുമാനപൂർവ്വം നന്മയുടെ അനന്ത സാധ്യതകൾ മാത്രം കണ്ട്, പോസിറ്റീവും, നെഗറ്റീവും ഒരുപോലെ സ്നേഹിച്ച് അംഗീകരിച്ച് ഉൾക്കൊണ്ടുകൊണ്ട് 'പൂജ്യം' (Neutral) അവസ്ഥയിലെല്ലാവരെയുമൊരുപോലെ സ്വീകരിച്ച്, ഏറ്റെടുത്ത് അനുഗ്രഹിക്കുന്നവർക്ക് മാത്രമെ 'സ്വയം ശൂന്യതയുടെ' അവസ്ഥയിൽ ജീവജലനദിയായി, പരിശുദ്ധാത്മാവിന്റെ പ്രതീകമാകുവാൻ കഴിയുകയുള്ളു. വെള്ളത്തിന്റെ മൂന്ന് അവസ്ഥ പരിശോധിക്കാം. ഐസ്കട്ട, ജലം, നീരാവി. ഇവിടെ ഐസ്കട്ടയ്ക്കൊരു രൂപമുണ്ട്. ജലത്തിനു രൂപമില്ല. എന്നാൽ നീരാവി അതിലും സൂക്ഷ്മ തലത്തിൽ രൂപ രഹിതമാണ്. മനസിന്റെ ആഹങ്കാരീക (EGO) തലത്തിനു രൂപമുണ്ട്. രൂപം ലോകത്താൽ ബാധിക്കപ്പെടുന്നു. രൂപമുള്ളതിനെ കുത്തി മുറിപ്പെടുത്താം. വേദനിപ്പിക്കാം നിരാശപ്പെടുത്താം. പോസിറ്റീവ്/നെഗറ്റീവ് അനുഭവത്തിലൂടെ കടത്തി വിടാം. ഉദാ.- ഐസുകട്ടയ്ക്ക് രൂപമുണ്ട്. അതിനെ കുത്തിപൊടിച്ചുടയ്ക്കാം. എന്നാൽ 'ഐസുകട്ട' ഉരുകി വെള്ളമായാൽ, അഹങ്കാരത്തിന്റെ മഞ്ഞുമല/മെഴുക് ഉരുകിത്തീർന്ന് ദ്രാവകമായാൽ (EGO കുറഞ്ഞവരെ) എന്തു ചെയ്താലും ''വെള്ളത്തിൽ വരയ്ക്കുന്ന വരകൾ'' പോലെയെ അനുഭൂതി ഉണ്ടാവുകയുള്ളു. വരയ്ക്കുന്നവന്റെയോ, കുത്തുന്നവന്റെയോ കൈ കഴയ്ക്കും അത്രതന്നെ. വെള്ളത്തിനു യാതൊരു ഭാവവ്യത്യാസമോ, രൂപ വ്യതിയാനമോ ഉണ്ടാവുകയില്ല. വായുവും അമൂർത്തമാണ്. രൂപ രഹിതമാണ്. വായുവിനെ തല്ലാനോ കൊല്ലാനോ, പിടിച്ചു കൊടുക്കുവാനോ മനുഷ്യന് കഴിയുകയില്ല. ആരെങ്കിലും അന്തരീക്ഷത്തിൽ/വായുവിൽ ഒരു വര വരയ്ക്കുവാനോ കുത്തിവരച്ചു വൃത്തികേടാക്കുവാനോ ശ്രമിച്ചാൽ നിരാശ ആയിരിക്കും ഫലം. രൂപരാഹിത്യം എന്ന ഗുണം മഹാ ഊർജ്ജത്തിന്റെ, നന്മയുടെ ശ്രോതസ്സാണ്. ഊതി വീർപ്പിച്ച ബലൂണിൽ, വായു സ്വീകരിക്കുന്ന രൂപ പരിധിയായിരിക്കില്ല മറ്റൊരു ഉപാധിയിൽ.

ഒരോരുത്തരുടെയുമുള്ളിൽ അവരവരുടെ (വൈകല്യങ്ങൾക്കും, കൈവല്യങ്ങൾക്കുമനുസരിച്ച്) 'മനസാകുന്ന പാത്രത്തിന്റെ' രൂപവും വ്യാപ്തിയുമനുസരിച്ച് വായുവിനു നിറയപ്പെടാനും, ഒഴിയപ്പെടാനും, "പരിധിയില്ലാതെയും" പല രൂപത്തിലും, ഭാവത്തിലും ഓരോരുത്തരുടേയും നിലവാര മനുസരി ച്ചും (പാത്രഗുണം), വ്യത്യസ്തമായി തോന്നിയാലും വായു എന്നും വായുവിന്റെ അമൂർത്ത ഗുണം കാണിക്കും. രൂപമില്ലാത്ത അവസ്ഥയിൽ, ഏതു രൂപത്തോടും, ആരോടും ചേരുന്ന പൊരുത്തപ്പെടുന്ന മനുഷ്യന്റെ നിസ്വാർത്ഥമായ സ്നേഹത്തിന്റെ (Agape) അവസ്ഥ, വായുവിന്റെ ശുദ്ധഗതിക്കൊരു ഉദാഹരണമാണ്. ഒരു ജലാശയത്തിൽ കുറെ മൺകുടങ്ങൾ നിരത്തി വെച്ചിരിക്കുന്നു എന്നിരിക്കട്ടെ. കുടത്തിനകത്ത് ഒരു പ്രത്യേകത ആകൃതിയിലും, കുടത്തിനു പുറത്തു ആകൃതിയില്ലാത്ത അവസ്ഥയിലും വെള്ളമങ്ങനെ പരന്നൊഴുകി കിടക്കും. ആ കുടങ്ങൾ പെട്ടെന്ന് ഉടഞ്ഞുപൊടിഞ്ഞില്ലാതെയാൽ കുടത്തിന്റെ മണ്ണ് രൂപ രഹിതമായി അടിത്തട്ടിൽ അടിഞ്ഞു കൂടും. ജലം രൂപരഹിതമായി തന്നെ തുടരും

*(തുടരും)*

## കേന്ദ്ര ന്യൂനപക്ഷകാര്യ വകുപ്പ് മന്ത്രി ശ്രീ. ജോൺ ബാർള

### ചിങ്ങവനം മോർ അപ്രേം സെമിനാരി സന്ദർശിച്ചു.

കേന്ദ്ര ന്യൂനപക്ഷകാര്യ വകുപ്പ് മന്ത്രി ശ്രീ. ജോൺ ബാർള 18-4-2023-ൽ സമുദായ ആസ്ഥാനമായ ചിങ്ങവനം മോർ അപ്രേം സെമിനാരി സന്ദർശിച്ചു. വടക്കേ ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തേയും അവരുടെ ആരാധനാലയങ്ങളെയും സംരക്ഷിക്കണമെന്നും, കേരളത്തിന് കൂടുതൽ കേന്ദ്രസഹായം അനുവദിക്കണമെന്നും ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും, ക്നാനായ കമ്മറ്റിക്കുവേണ്ടി സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിലും, ക്നാനായ കമ്മറ്റി അംഗം ടി.സി. തോമസ് തോപ്പിലും ആവശ്യപ്പെട്ടു. ഭദ്രാസന സെക്രട്ടറി ഫാ. ഏലിയാസ് ഇളവൻകളം, ഫാ. ജിജി പുന്നൂസ്, ഡീ.ചിക്കു ബേബി, ശ്രീ ജേഷു പുന്നൂസ് തുടങ്ങിയവർ സമീപം ബഹു. മന്ത്രി വളരെ അനുഭാവപൂർവ്വം മറുപടി തന്നതിനുശേഷമാണ് സെമിനാരിയിൽ നിന്നും മടങ്ങിയത്.

# പെൻസിൽ പ്രമാണങ്ങൾ

സി.ഐ. ചാക്കോ, വലിയപാറയിലായ കൊച്ചുപറമ്പിൽ

ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളിൽപ്പെട്ടവരുടെ കരങ്ങളിൽ എത്തിച്ചേരുന്ന ഒന്നാണ് പെൻസിൽ വിദ്യാർത്ഥിക്കും എൻജിനിയർക്കും കലാകാരനും എല്ലാം അതിന്റെ സേവനം ആവശ്യമാണ്. മറ്റ് എഴുത്തുകോലുകൾക്കെല്ലാം രൂപത്തിലും ഘടനയിലും പരിണാമങ്ങൾ സംഭവിച്ചിട്ടുണ്ട് പക്ഷെ പെൻസിലിന്റെ ഉത്ഭവം മുതൽ ഇന്നുവരെ അതിനു മാറ്റമൊന്നുമുണ്ടായില്ല, ഇടയ്ക്ക് ഒരു റബ്ബർ തൊപ്പി കടന്നുവന്നതൊഴിച്ച് പെൻസിൽ നിർമാതാവ് അതിന് പ്രത്യേകമായി ചിലപ്രബോധങ്ങൾ നൽകിയതായി സങ്കല്പിക്കാം. അവ ഇങ്ങനെ:

അഞ്ചു കാര്യങ്ങൾ നീ അറിയേണ്ടതുണ്ട്. ദൗത്യനിർവഹണത്തിനായി ഞാൻ നിന്നെ ലോകത്തിലേക്ക് അയയ്ക്കുന്നതിനുമുമ്പായി അവ നിന്റെ ശ്രദ്ധയിൽ വരുത്തുന്നു. അവ നീ സൂഷ്മതയോടെ എപ്പോഴും ഓർത്തുകൊള്ളണം. അങ്ങനെയെങ്കിൽ നീ ഏറ്റവും ഉത്തമനായ പെൻസിലായി വർത്തിക്കും.

ഒന്ന്: നിനക്ക് വലിയ കാര്യങ്ങൾ പലതും ചെയ്യാൻ കഴിയും. പക്ഷേ, അത് സാധിക്കണമെങ്കിൽ ആരുടെയെങ്കിലും വിദഗ്ധമായ കരങ്ങളിൽ എത്തിച്ചേരണം. ആ കരങ്ങൾ നിന്നെക്കൊണ്ട് അത്ഭുതങ്ങൾ സാധ്യമാക്കും.

രണ്ട്: നിന്റെ മുനമൂർച്ചയുള്ളതാക്കി വയ്ക്കാൻ കൂടെകൂടെ നിന്നെ ചെത്തി മിനുക്കേണ്ടി വരും. എങ്കിൽ മാത്രമേ കാര്യക്ഷമമായും സൂക്ഷ്മമായും പ്രവർത്തിക്കുന്ന നല്ല പെൻസിൽ ആകാൻ നിനക്ക് കഴിയും.

മൂന്ന്: എന്തെങ്കിലും തെറ്റുകൾ പിണഞ്ഞാൽ അവ തിരുത്താൻ നിനക്ക് എളുപ്പമായിരിക്കും, തെറ്റിനെ അതേപടി അവ ശേഷിപ്പിക്കേണ്ട ആവശ്യമില്ല.

നാല്: ഏറ്റവും പ്രധാനപ്പെട്ട കാര്യം നിന്റെ ഉള്ളിൽ എന്തു സ്ഥിതി ചെയ്യുന്നു എന്നുള്ളതാണ്. അതിനെ ആശ്രയിച്ചാണ് നിന്റെ പ്രവർത്തനക്ഷമതയും വിജയ സാധ്യതയും.

അഞ്ച്: നിന്നെ ഉപയോഗിക്കുന്ന എല്ലാ പ്രതലത്തിലും നിന്റെ അടയാളം നീ അവശേഷിപ്പിക്കണം. സാഹചര്യം എന്തുതന്നെ ആയിരുന്നാലും നീ എഴുതിക്കൊണ്ടുതന്നെ ഇരിക്കണം.

ഈ പെൻസിൽ പ്രമാണങ്ങൾ നിങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുത്തി ചിന്തിക്കുക. "പെൻസിൽ" എന്നതിന്റെ സ്ഥാനത്ത് 'നിങ്ങൾ' എന്ന് മാറ്റി വായിക്കുക. ജീവിതത്തിന്റെ മൗലികങ്ങളായ പല പ്രമാണങ്ങളും അപ്പോൾ കണ്ടെത്താൻ കഴിയും. മേൽപ്പറഞ്ഞ അഞ്ചു പ്രമാണങ്ങൾ നിങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാകുമ്പോൾ ഏറ്റവും പ്രയോജന പ്രദവും വിജയകരവുമായ ഒരു ജീവിതം നിങ്ങളുടേതാകും.

ഒന്ന്: ഒരു പക്ഷെ സ്വയമായി നിങ്ങൾക്ക് വലിയ കഴിവൊന്നുമില്ലായിരിക്കാം. പക്ഷെ, നിങ്ങൾ ദൈവകരങ്ങളിൽ സ്വയം ഏല്പിക്കുകയും ചെയ്യുമ്പോൾ വൻ കാര്യങ്ങൾ നിങ്ങളിൽകൂടി സാധ്യമായിത്തീരും നിങ്ങളുടെ കഴിവുകൾ മറ്റുള്ളവരുമായി പങ്കു വയ്ക്കുവാൻ സന്നദ്ധനാകുകയും വേണം. അക്ഷരാഭ്യാസമില്ലാത്ത സാധാരണക്കാരായ മീൻ പിടിത്തക്കാരായിരുന്നു അപ്പോസ്തോലന്മാർ. അവർ ദൈവ കരങ്ങളിൽ സമർപ്പിക്കുകയും ദൈവം അവരെ എടുത്ത് ഉപയോഗിക്കുകയും ചെയ്തപ്പോൾ അത്ഭുതങ്ങൾ അവർ മൂലമുണ്ടായി. അവർ ലോകത്തെ കീഴ്മേൽ മറിക്കുന്നവർ എന്ന സാക്ഷ്യത്തിന് ഉടമകളായി. പ്രപഞ്ചത്തെ മുഴുവൻ രൂപാന്തരപ്പെടുത്തുന്ന ഒരു വലിയ പ്രസ്ഥാനത്തിന്റെ തുടക്കകാരായി.

രണ്ട്: ചെത്തിയൊരുക്കി മുന ശരിയാക്കപ്പെടുന്ന പ്രക്രിയയ്ക്ക് നിങ്ങൾ കൂടെകൂടെ വിധേയപ്പെട്ടു എന്നു വരാം. അതിൽ പരാതിപ്പെടുകയോ ഈർഷപ്പെടുകയോ ചെയ്യേണ്ടതില്ല. ഒന്നിനു പുറകെ ഒന്നായി പ്രതിസന്ധികൾ നേരിടുമ്പോൾ നിങ്ങൾ അസ്വസ്ഥരാകരുത്. ചിലപ്പോൾ രോഗങ്ങൾ തുടർക്കഥപോലെ കടന്നുവരാം. കുടുംബത്തിലെ പ്രശ്നങ്ങളാകും സ്വസ്ഥത കെടുത്തുന്നത്. തികച്ചും ആകസ്മികമായിട്ടാകും ചില പ്രതിസന്ധികൾ സംഭവിക്കുക. അപ്പോളൊക്കെ ഓർക്കാനുള്ളത് ദൈവം നിങ്ങളെ കൂടുതൽ കരുത്തുറ്റവരും പ്രാഗത്ഭ്യമുള്ളവരുമാക്കാൻ സഹായിക്കുമെന്നാണ്. യേശുക്രിസ്തു പ്രസ്താവിച്ചു "കായിക്കുന്നതൊക്കെയും അധികം ഫലം കായ്ക്കേണ്ടതിന് തോട്ടക്കാരൻ (മുന്തിരി ച്ചെടിയുടെ) ശിഖരങ്ങൾ ചെത്തി വെടിപ്പാക്കുന്നു".

മൂന്ന്: തെറ്റുകൾ സംഭവിച്ചാൽ തിരുത്താനുള്ള സാധ്യത പെൻസിലിനുള്ളതുപോലെ നിങ്ങൾക്കുമുണ്ട്. തെറ്റുകളും പരാജയങ്ങളും സംഭവിക്കാത്ത ജീവിതമില്ല. അവ മനുഷ്യസഹജമാണ്, എന്നാൽ, തെറ്റിനെ തിരിച്ചറിഞ്ഞ് തിരുത്താൻ കഴിയുന്നവർ ഔന്നത്യം പ്രാപിക്കും. ഗുരുതരമായ പല തെറ്റുകൾ ചെയ്ത ഒരു വ്യക്തിയായിരുന്നു ഇസ്രായേലിന്റെ ദാവീദ് രാജാവ്. എന്നാൽ, അദ്ദേഹം പശ്ചാത്താപത്തിൽകൂടി സ്വയം തിരുത്താൻ സന്നദ്ധനായതുകൊണ്ട് ധന്യാത്മാവായി പരിണമിച്ചു.

നാല്: ഏറ്റവും സുപ്രധാനമായ കാര്യം നിങ്ങളുടെ ഉള്ളിലിരിപ്പ് എന്ത് എന്നുള്ളതാണ്. മലിനവും ബാലിശമായ കാര്യങ്ങളെങ്കിൽ നിങ്ങൾ പരാജയപ്പെടുമെന്നുള്ളതിന് സംശയമില്ല. ക്രിസ്തു അരുൾ ചെയ്തു "മനുഷ്യരിൽനിന്ന് പുറപ്പെടുന്നതത്രെ അവനെ അശുദ്ധനാക്കുന്നത്". സത്യം, നീതി നിർമലം, രമ്യം, പുകഴ്ച എന്നിങ്ങനെയുള്ള വിശിഷ്ട ഭാഗങ്ങളിൽ മനസ്സ് വ്യാപരിക്കാൻ ശ്രദ്ധിക്കുക.

അഞ്ച്: നിങ്ങൾ കടന്നുപോകുന്ന ഏത് മാർഗ്ഗത്തിലും നിങ്ങളുടെ പാദമുദ്ര പതിപ്പിക്കുന്നു എന്നത് വിസ്മരിക്കരുത്. അത് നന്മയുടെ അനുഭവങ്ങളാക്കി തീർക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. അറിഞ്ഞാലും അറിഞ്ഞില്ലെങ്കിലും നിങ്ങളുടെ കാല്പാടുകൾ പതിയുന്നു. അത് മറ്റുള്ളവർ ആദരിക്കാനും അംഗീകരിക്കാനും പോന്നവയാണെങ്കിൽ നിങ്ങളുടെ ജീവിതം അർത്ഥപൂർണ്ണമാകും. നാം ചില വ്യക്തികളെ ആദരപൂർവ്വം അനുസ്മരിക്കുന്നു. എന്തുകൊണ്ടാണ്? അവർ അവശേഷിപ്പിച്ച പാദമുദ്ര സ്മരണാർഹമായതുകൊണ്ടാണ്. ഒരിക്കൽ മാത്രമാണല്ലോ നാം കടന്നു പോകുന്നത്. അത് നല്ല സ്മരണകൾ അവ ശേഷിപ്പിച്ചുകൊണ്ടാകട്ടെ. നമ്മുടെ ദൗത്യം അഭംഗുരം നിറവേറ്റി നാം മുന്നേറുകയാണ് വേണ്ടത്." പെൻസിലിന്റെ പ്രമാണങ്ങൾ നമ്മുടെ ജീവിതത്തോടെ സംവദിക്കുന്നവതന്നെ എന്നതിന് സംശയമില്ല. ●

# ഏവൻഗേലിയോൻ ദീപം



ഫാ. തോമസുകുട്ടി എം. എസ്. മങ്ങാട്ട്

### പെന്തിക്കോസ്തിക്ക് മുമ്പുള്ള 1 -ാം ഞായറാഴ്ച
### വി. യോഹ. 6:35 - 46 (21 - 05 - 2023)

യേശുതമ്പുരാൻ തിബെര്യാസ് കടൽപുറത്ത് വച്ച് അഞ്ച് അപ്പവും രണ്ട് മീനും വാഴ്ത്തി അയ്യായിരത്തോളം പേരെ പോഷിപ്പിക്കുകയും അതിനുശേഷം യേശുതമ്പുരാൻ വെള്ളത്തിനു മീതെ നടക്കുകയും ചെയ്യുന്നു. ഈ രണ്ട് പ്രവർത്തികളിലൂടെ ജനം യേശുതമ്പുരാനെ ഒരു അത്ഭുത പ്രവർത്തകനായിട്ട് കണ്ട് യേശുവിനോട് ഒപ്പം കൂടുകയും ചെയ്യുന്നതാണ് വചനത്തിന്റെ പശ്ചാത്തലം.

"ഞാൻ ജീവന്റെ അപ്പമാകുന്നു; എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കയുമില്ല". മനുഷ്യന്റെ ജീവിതത്തോട് ചേർന്നുനിൽക്കുന്ന രണ്ട് കാര്യങ്ങൾ ആണല്ലോ വിശപ്പും ദാഹവും. യേശുതമ്പുരാന്റെ മരുഭൂമിയിലെ പരീക്ഷയും യേശുവിന്റെ ശമറിയ സ്ത്രീയോടുള്ള സംഭാഷണവും ഇതിനോട് ചേർത്തുവച്ച് വായിക്കാം. ഈ ലോക ജീവിതത്തിലെ ഒന്നിനും നമ്മുടെ 'വിശപ്പിനെയും ദാഹത്തെയും' ശമിപ്പിക്കാൻ സാധിക്കത്തില്ല. എന്നാൽ ക്രിസ്തുവിനോട് ചേർന്ന് ജീവിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ സംതൃപ്തി നിറയുവാനും മറ്റുള്ളവർക്ക് അത് പകർന്ന് നൽകുവാനും സാധിക്കും. ഒരു കഥ ഇപ്രകാരം ഉണ്ട്. ഒരു ആശ്രമത്തിൽ പുതുതായി എത്തിയ രണ്ട് ശിഷ്യന്മാർക്ക് ആശ്രമത്തിലെ ഗുരു ഏതാനും വിത്തുകൾ നൽകി. ഒന്നാമത്തെ ശിഷ്യൻ അവ മുഴുവൻ പാകം ചെയ്ത് ഭക്ഷിച്ചു. രണ്ടാമത്തെ ശിഷ്യൻ തനിക്ക് ലഭിച്ചത് അല്പം ഭക്ഷിക്കുകയും ശേഷം നിലത്ത് പാകി വിളമെടുത്ത് കുറെ ആളുകൾക്ക് വിശപ്പടക്കുവാൻ കൊടുക്കുകയും ചെയ്തു. ജീവന്റെ അപ്പമായ ക്രിസ്തു നമ്മുടെ ജീവിതത്തിന്റെ 'വിശപ്പ്' ശമിപ്പിക്കാനും, നാളേക്ക് മറ്റുള്ളവരിലേക്ക് അപ്പമായി നമ്മിലുണ്ടാകുവാനും സാധിക്കണം.

"ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്യാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വന്നിരിക്കുന്നത്." യേശുതമ്പുരാൻ തന്റെ ദൗത്യത്തെക്കുറിച്ച് പൂർണ്ണ ബോധവാനായിരുന്നു. പിതാവാം ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുക എന്നതായിരുന്നു അവിടുത്തെ ദൗത്യം. തന്റേതായ താല്പര്യങ്ങളോ, ആശയങ്ങളോ നിവർത്തിക്കുവാനോ നേതാവായി നടക്കുവാനോ അല്ല യേശുതമ്പുരാൻ ഇഷ്ടപ്പെട്ടത്, മറിച്ച് അയച്ചവന്റെ ഇഷ്ടം ചെയ്യുവാനാണ്. അയച്ചവന്റെ ഇഷ്ടം എന്താണെന്നുള്ളത് ഒറ്റ വാകൃത്തിൽ നിർവചിച്ചാൽ അത്, 'സ്വർഗ്ഗീയ പിതാവ് സൽഗുണ പൂർണ്ണനാകുന്നതുപോലെ നിങ്ങളും സൽഗുണ സമ്പൂർണ്ണരാകുക' എന്നതാണ്. അനുദിന ജീവിതത്തിൽ നമ്മളും ദൈവത്തിന്റെ ഇഷ്ടം അനുസരിച്ച് ജീവിക്കണമെന്ന് യേശുതമ്പുരാൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

"അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ". പരിശുദ്ധനായ പൗലോസ്ശ്ലീഹാ ഓർമ്മിപ്പിക്കുന്നുണ്ട്; "നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ" (1 കോരി .15:19). ഇന്ന് മനുഷ്യൻ ഈ ലോകജീവിതത്തിന്റെ സുഖം തേടി ജീവിക്കുന്നു. നിത്യജീവനെക്കുറിച്ചോ, ഈ ലോകജീവിതത്തിനുശേഷം ഉള്ള ജീവിതത്തെക്കുറിച്ചോ ചിന്തിക്കുന്നേ ഇല്ല. പരിശുദ്ധ സഭയും തിരുവചനവും നമ്മെ നിരന്തരം നിത്യജീവനെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു. എന്നിരുന്നാലും വി. ലൂക്കോസ് 12:19 പരിചയപ്പെടുത്തുന്ന മനുഷ്യനെപ്പോലെ "അതേ വർഷത്തേക്കുവേണ്ട വകകളെല്ലാം നിനക്കുണ്ട്; ഇനി വിശ്രമിച്ചുകൊള്ളുക, തിന്നുക, കുടിക്കുക ആനന്ദിക്കുക" എന്ന മനോഭാവത്തോടെയാണ് ഇന്ന് മനുഷ്യൻ ജീവിക്കുന്നത്. മൂഢാ എന്ന വിളികേൾക്കാതിരിക്കുവാൻ ക്രിസ്തുവിൽ ഉള്ള വിശ്വാസത്തോടും ക്രിസ്തുവിന്റെ ശരീര രക്തങ്ങളാകുന്ന വിശുദ്ധ കുർബ്ബാന അനുഭവത്തോടും കൂടെ നിത്യജീവനെ പ്രാപിക്കുവാൻ നമ്മൾക്ക് പരിശ്രമിക്കാം.

### പെന്തിക്കോസ്തി ഞായർ
### വി. യോഹ. 15:20 - 16:15 (28 - 05 - 2023)

പെന്തിക്കോസ്തി എന്ന മലയാള പദം ഗ്രീക്കു ഭാഷയിലെ 'പെന്തക്കോസ്ത്' എന്ന പദത്തിൽനിന്ന് വരുന്നതാണ്. ഇതിന് അർത്ഥം അൻപതാമത്തേത് എന്നതാണ്. പഴയ നിയമത്തിൽ നിസാൻ മാസം 16-ാം തീയതിക്കുശേഷം 50-ാം ദിവസം ഇസ്രയേൽ ജനം ആചരിച്ചുകൊണ്ടിരുന്ന പെരുന്നാളാണ് പെന്തിക്കോസ്തി (ലേവ്യ. 23:15). അത് മോശയ്ക്ക് സീനായി പർവ്വത്തിൽ വച്ച് ന്യായപ്രമാണം ലഭിച്ചതിന്റെ ഓർമ്മയാണ്. അതോടൊപ്പം വിളവെടുപ്പിന്റെയും കൊയ്ത്തിന്റെയും ആഘോഷ പെരുന്നാളായിട്ടാണ് കൊണ്ടാടിയിരുന്നത്. യേശുതമ്പുരാന്റെ ഉയിർപ്പിനുശേഷം 50-ാം ദിവസം ക്രിസ്തീയ സഭയുടെ പിറന്നാൾ എന്നറിയപ്പെടുന്ന പെരുന്നാളാണിത്. ഉയിർത്തെഴുന്നേറ്റവനായ യേശു നൽകിയ വാഗ്ദാനം അനുസരിച്ച് ശ്ലീഹന്മാരുടെയും പരിശുദ്ധ സഭയുടെയും മേൽ പരിശുദ്ധറൂഹാ വന്ന് വസിക്കുന്നതും പരിശുദ്ധ റൂഹായാൽ ശക്തരാക്കപ്പെട്ട ശ്ലീഹന്മാർ ധൈര്യ പൂർവ്വം ക്രിസ്തുവിന് സാക്ഷ്യം വഹിച്ചുകൊണ്ട് പ്രഘോഷിക്കുന്നതും, ആ പ്രഘോഷണം ശ്രവിക്കുന്ന ലോകത്തിന്റെ നാനാ ഭാഗത്തുനിന്നും വന്ന മൂവായിരത്തോളം വരുന്ന യഹൂദർ അവരവരുടെ ഭാഷയിൽ ശ്ലീഹന്മാർ പറഞ്ഞ കാര്യങ്ങൾ ശ്രവിച്ച് മനസ്സിലാക്കുകയും യേശുവിൽ വിശ്വസിച്ച് മാമോദീസ മുങ്ങി പരി. റൂഹായാൽ നിറയുകയും ചെയ്ത ആ മഹാ സംഭവത്തെയാണ് ഈ ദിവസം നമ്മൾ അനുസരിക്കുന്നത്.

'സാക്ഷ്യം വഹിക്കുക' എന്തിനുവേണ്ടിയാണ് ശ്ലീഹന്മാർക്ക് റൂഹാ നൽകപ്പെട്ടത് എന്ന് ലൂക്കോസ് 24:49-ാം വാകൃത്തിലും അപ്പോ. പ്ര. 1:8-ാം വാകൃത്തിലും യേശു സൂചിപ്പിക്കുന്നുണ്ട്. റൂഹാ നിങ്ങളുടെ മേൽ വരും നിങ്ങൾ ശക്തിധരിക്കും നിങ്ങൾ ലോകത്തിന്റെ അതിർത്തികൾവരെ എനിക്ക് സാക്ഷ്യം വഹിക്കും. യേശുവിന് സാക്ഷ്യം വഹിക്കുവാൻ വേണ്ടി അവരെ ശക്തിപ്പെടുത്തുവാൻ വേണ്ടിയാ

യിരുന്നു അവിടുന്നു റൂഹായെ നൽകിയത്. ജ്വലിക്കുന്ന തീക്ഷണതയോടെ പെന്തിക്കോസ്തി ദിവസത്തിൽ ശ്ലീഹന്മാർ ആരംഭിച്ച ആ സാക്ഷ്യം വഹിക്കലാണ് സഭയുടെ വ്യാപനത്തിന് കാരണമായത്, സുവിശേഷ പ്രചരണത്തിന് സാധ്യമാക്കിയത്. പരിശുദ്ധ റൂഹാ ചെയ്യുന്നത് അതാണ് ജ്വലിക്കുന്ന തീക്ഷണതയോടെ യേശുവിൻ സാക്ഷ്യം വഹിക്കുവാൻ നമ്മെ ശക്തരാക്കും. നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കും. പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും പീഢനങ്ങളുടെയും മദ്ധ്യത്തിൽ വിശ്വാസത്തിൽ ജീവിക്കുവാനും, യേശുവിനെ ധൈര്യപൂർവ്വം സാക്ഷിക്കുവാനും പരിശുദ്ധറൂഹ നമ്മെ സഹായിക്കുന്നു.

'മറ്റൊരു കാര്യസ്ഥൻ'– പരിശുദ്ധ റൂഹാ വരുമ്പോൾ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം നൽകും. സകലത്തിലും വഴി നടത്തും. ശ്ലീഹന്മാരെ ഉപദേശിച്ചു വഴി നടത്തുന്ന ഒരു ഗുരുവിന്റെ സ്ഥാനത്ത് പരിശുദ്ധ റൂഹായെ ദർശിക്കുവാൻ സാധിക്കും. ഈ കാലത്തിന്റെ പ്രതിസന്ധിയും ഇതു തന്നെയാണ്. ഒരു ഗുരുവാണ് നമുക്കാവശ്യം. ഇതാണ് ശരി ഇത് തെറ്റാണ് എന്നു പറഞ്ഞു തരുവാനാളില്ല. തെറ്റിപ്പോയാൽ സ്നേഹത്തോടെ ചേർത്ത് നിർത്തി ആശ്വസിക്കുവാനും തെറ്റുകളെ ചൂണ്ടിക്കാണിച്ച് തിരുത്തുവാനും ആളില്ല. മറിച്ച് കുറ്റപ്പെടുത്തുവാനും ശിക്ഷിക്കാനും മാറ്റി നിർത്താനും എല്ലാവരുമുണ്ട്. ഇവിടെയാണ് പെന്തിക്കോസ്തിയുടെ പ്രസക്തി. ഒരുവന്റെ ആത്മീക വളർച്ചാണ് പരിശുദ്ധ റൂഹായുടെ പ്രവർത്തനത്തിലൂടെ സംഭവിക്കുന്നത്. മനുഷ്യൻ മാനസാന്തരപ്പെട്ട്, ദൈവനീതി പ്രവർത്തിച്ച് ദൈവഭയത്തിൽ ജീവിക്കും.

**പെന്തിക്കോസ്തിക്ക് ശേഷം 1 – ാം ഞായർ**
**യോഹ. 6:26–35 (04–06–2023)**

ജീവന്റെ അപ്പത്തെക്കുറിച്ചുള്ള ക്രിസ്തുവിന്റെ പരാമർശങ്ങളാണ് പെന്തിക്കോസ്തിക്കുശേഷമുള്ള ഞായറാഴ്ചകളിലെ ഏവൻഗേലിയോൻ വിഷയം. വീണുപോയ മനുഷ്യന് ജീവൻ നല്കുവാനായി മണ്ണിലേക്കിറങ്ങിയ ദൈവം ഇതാ വീണ്ടും അപ്പത്തിലേക്ക് താണിറങ്ങി വരുന്നു.

'അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ നിങ്ങൾ അന്വേഷിക്കുന്നത്! യേശുതമ്പുരാന്റെ പരസ്യശുശ്രൂഷ സമയത്ത് അനേകം ആളുകൾ യേശു തമ്പുരാനെ അനുഗമിച്ചിരുന്നു. തന്നെ അനുഗമിച്ച ജനസമൂഹത്തിന് രണ്ട് തരത്തിലുള്ള ശുശ്രൂഷ യേശു ചെയ്തു ഒന്ന്, ഉപദേശം നൽകി, രണ്ട്, സൗഖ്യം നൽകി, നിർഭാഗ്യവശാൽ യേശുതമ്പുരാനെ അനുഗമിച്ച ആളുകൾക്ക് ഒരു കാര്യത്തിൽ മാത്രമേ താല്പര്യമുള്ളു. അത് അവരുടെ വ്യക്തിപരമായ ആവശ്യങ്ങൾ ആയിരുന്നു. അതിനാൽ തന്നെ അനുഗമിക്കാനുള്ള അവരുടെ ഉദ്ദേശ്യത്തെക്കുറിച്ച് യേശുതമ്പുരാൻ ജനക്കൂട്ടത്തോട് പറയുകയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവരാജ്യത്തെക്കുറിച്ചോ, അത്തരം ദൈവിക പഠിപ്പിക്കലുകളെക്കുറിച്ചോ പഠിക്കാൻ അവർക്ക് താല്പര്യമില്ലായിരുന്നു. അന്നത്തെ ആളുകളുടെ മനോഭാവത്തിനും നമ്മുടെ മനോഭാവത്തിനും എന്തെങ്കിലും മാറ്റമുണ്ടോ എന്ന് നമുക്ക് ചിന്തിക്കാം. എന്നാൽ തിരുവചനം നമ്മോട് ആവശ്യപ്പെടുന്നു. ദൈവരാജ്യത്തെക്കുറിച്ചുള്ള ജീവിതത്തിനും ദൈവത്തോടൊപ്പമുള്ള ജീവിതത്തിനും വേണ്ടി നാം കാംക്ഷിക്കുകയും പ്രാർത്ഥിക്കുകയും വേണം. ലൗകിക ആവശ്യങ്ങളെക്കാൾ മുൻഗണന ഈ ആവശ്യത്തിനായിരിക്കണം.

'തന്റെ പിതാവത്രേ സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം നിങ്ങൾക്ക് തരുന്നത്' ദൈവത്തിന്റെ എല്ലാ കാരുണ്യത്തിനും സ്തുതി നൽകുന്നതിനു പകരം നമ്മൾ മറ്റാരെയെങ്കിലും സ്തുതിക്കുന്നു. നമ്മിൽ പലരും ദൈവത്തിന്റെ കാരുണ്യം മറക്കുകയും സ്വന്തം, അല്ലെങ്കിൽ, മറ്റാരുടെയെങ്കിലും പ്രാർത്ഥനയെ പ്രശംസിക്കുകയും ചെയ്യുന്നു. പരിശുദ്ധനായ പൗലോസ്ശ്ലീഹാ പറയുന്നു; "യഹൂദന്മാർ അടയാളം ചോദിക്കുകയും ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു" യേശുതമ്പുരാന്റെ അത്ഭുതങ്ങളെ യഹൂദന്മാർ അവഗണിച്ചു. ജ്ഞാനികളെപോലെ നാമും പലപ്പോഴും നമ്മുടെ കർത്താവിന്റെ കരുണാമയമായ എല്ലാം അത്ഭുതങ്ങളേയും വിസ്മരിക്കുകയും ചെയ്യുന്നു. ദൈവത്തോട് നാം നന്ദിയുള്ളവരായിക്കണം. മറ്റാരെയോ മറ്റെന്തിനെയോ സ്തുതിക്കുന്നതിനോ അഭിനന്ദിക്കുന്നതിനോ മുമ്പ് കൃത്യസമയത്ത് ദൈവത്തിന് അർഹമായ ബഹുമാനരും, നന്ദിയും ആരാധനയും നൽകണം.

**പെന്തിക്കോസ്തിക്ക് ശേഷം 2 – ാം ഞായർ**
**മത്താ. 10:34-11:1 (11–06:23)**

യേശുതമ്പുരാൻ തന്റെ ശിഷ്യന്മാരെ സുവിശേഷ ദൗത്യത്തിനായി അയക്കുമ്പോൾ അവർക്ക് നൽകുന്ന നിർദ്ദേശവും മുന്നറിയിപ്പുമാണ് വചനഭാഗം. യേശുതമ്പുരാൻ ഏല്പിച്ച ദൗത്യവുമായി മുന്നേറുമ്പോൾ സ്വഭാവികമായും എതിർപ്പുകൾ ഉണ്ടാകുമെന്ന് ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നു. ഒരുവന്റെ ശത്രു അവന്റെ വീട്ടുകാർ തന്നെയാകും. ഒരു വ്യക്തി അവന്റെ മനുഷ്യബന്ധത്തെക്കാൾ അധികമായ ബന്ധം കർത്താവിനോട് ഉണ്ടാകണമെന്ന് യേശുതമ്പുരാൻ ആഗ്രഹിക്കുന്നു. ശിഷ്യന്മാരെ സ്വീകരിക്കുന്നവർ യേശുവിനെയും അതുവഴി ദൈവത്തെയും സ്വീകരിക്കുന്നുവെന്നും അവർക്ക് തക്കതായ പ്രതിഫലം ലഭിക്കുമെന്നും യേശു പഠിപ്പിക്കുന്നു.

"മനുഷ്യരുടെ മുമ്പാകെ എന്നെ ഏറ്റു പറയുക. ഹൃദയത്തിലുള്ള വിശ്വാസത്തോടൊപ്പം യേശുവിനെ മറ്റുള്ളവരുടെ മുമ്പാകെ വായ്കൊണ്ട് ഏറ്റുപറയുവാനും ഒരു വിശ്വാസിക്ക് സാധിക്കണം. നിങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ എന്നെ ഏറ്റു പറഞ്ഞാൽ മതി എന്നല്ല യേശു പറയുന്നത് മറിച്ച് മറ്റുള്ളവരുടെ മുമ്പാകെ ഏറ്റുപറയണം എന്നാണ്. ഹൃദയത്തിലുള്ള വിശ്വാസവും വായ്കൊണ്ടുള്ള ഏറ്റുപറച്ചിലും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. ഹൃദയത്തിൽ യേശുവിലുള്ള വിശ്വാസം ഉള്ള ഒരു വ്യക്തിക്ക് മാത്രമേ യേശുവിനെ വായ്കൊണ്ട് ഏറ്റു പറയുവാനും സാധിക്കുകയുള്ളു. ഒരു വൃക്ഷത്തിന്റെ വേര് സജീവമായി ഇരുന്നാൽ മാത്രമേ ആ വൃക്ഷത്തിന് ഇലകളും പൂക്കളും കായ്കളും പുറപ്പെടുവിക്കുവാൻ സാധിക്കുകയുള്ളു. വേര് നശിച്ച വൃക്ഷത്തിന് ഒരു ഫലവും പുറപ്പെടുവിക്കുവാൻ സാധിക്കില്ല. നമ്മുടെ ഉള്ളിലെ ക്രിസ്തു വിശ്വാസം മറ്റുള്ളവരുടെ മുമ്പിൽ സാക്ഷിക്കുവാൻ നമ്മൾക്ക് സാധിക്കണം.

'സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്. രണ്ട് രീതിയിൽ ഇതിനെ നമ്മൾക്ക് മനസ്സിലാക്കാം. ഒന്നാമതായി ഒരു വ്യക്തി യേശുതമ്പുരാന്റെ ശിഷ്യനാകുമ്പോൾ അവന്റെ കുടുംബം അവനെതിരെ തിരിയുന്നു. അതിനാൽ അവന് യേശുവും കുടുംബവും തമ്മിൽ ഒരു തിരഞ്ഞെടുപ്പു നടത്തണം. അവിടെ അസമാധാനത്തിന്റെ സാധ്യത കടന്ന് വരുന്നു. എന്നാൽ ഒരു ശിഷ്യനെ യേശുവിനോടുള്ള പൂർണ്ണമായ വിധേയത്വത്തിൽ നിന്ന് വലിച്ചെറിയാൻ കുടുംബബന്ധങ്ങൾ അനുവദിക്കില്ല. നമ്മോടുള്ള അവന്റെ സ്നേഹം മറ്റെല്ലാവരെക്കാളും നാം അവനെ സ്നേഹിക്കാൻ ആവശ്യപ്പെടുന്നു. രണ്ടാമതായി; ഭേദമാകാത്ത ഭാഗം മുറിച്ചുമാറ്റണം. ശരീരത്തിൽ അനാവശ്യ വളർച്ച ഉണ്ടാകുമ്പോൾ അവ ശസ്ത്രക്രിയയിലൂടെ മുറിച്ച് മാറ്റുന്നു. ഈ വിധത്തിൽ

ആരോഗ്യമുള്ള കോശങ്ങൾ ഡോക്ടമാർ സംരക്ഷിക്കുന്നു. ഇതേ മാതൃക തന്നെ നമ്മൾക്ക് സൈനിക നടപടികളിലും കാണാൻ കഴിയും. കലാപകാരികളെ തോൽപിച്ച് സമാധാനം കാത്തുസൂക്ഷിക്കുന്നു.

'എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും'. യേശുവിനുവേണ്ടി എല്ലാം നഷ്ടപ്പെടുത്തുന്നതിനെക്കാൾ ലോകം മുഴുവൻ നേടുന്നത് ആകർഷകമായി തോന്നും. എന്നാൽ യേശുവിനെ അനുഗമിക്കുന്നതിനുള്ള പ്രതിഫലം നിത്യജീവനാണ്. ലോകം മുഴുവൻ നേടിയതിന്റെ അന്തിമ ഫലം ഒരാളുടെ ആത്മാവിന്റെ നഷ്ടമാണ്. ക്രിസ്തു ശിഷ്യന്മാരായ നാം മറ്റുള്ളവരുടെ മുമ്പിൽ യേശുവിനെ ഏറ്റു പറയണം, എല്ലാവരെക്കാളും യേശുവിനെ സ്നേഹിക്കണം. യേശുവിനുവേണ്ടി എല്ലാം ത്യജിക്കാൻ തയ്യാറാവുക. അങ്ങനെ നാം യഥാർത്ഥ ക്രിസ്തു ശിഷ്യന്മാരായി തീരും.

## യൂണിയൻ വി.ബി.എസ്. സമാപിച്ചു

കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായ പള്ളി, നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയ പള്ളി, കുറിച്ചി സെന്റ് മേരീസ് സൂനൂറോ പുത്തൻ പള്ളി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടന്ന യൂണിയൻ വി.ബി.എസ്. സമാപിച്ചു. കുറിച്ചി സെന്റ് മേരീസ് സൂനൂറോ പുത്തൻ പള്ളിയിൽ നന്ന് ആഘോഷമായ റാലി ആരംഭിച്ച് കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളിയിൽ എത്തിച്ചേർന്നു. തുടർന്ന് വികാരി ഫാ. ജേക്കബ് കല്ലുകുളത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഫാ. സോബിൻ ഏലിയാസ്, ഫാ. ജിജി പുന്നൂസ്, ഫാ. റോബിൻ, സജി ഏബ്രഹാം അമ്പലക്കടവിൽ, സജി കരിമ്പന്നൂർ, സാബു മത്തിപറമ്പിൽ എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു.

## 21-ാമത് അഖണ്ഡ പ്രാർത്ഥനയും നീന്തു നേർച്ചയും

ചെങ്ങളം: സെന്റ്മേരീസ് സെഹിയോൻ പള്ളിയിൽ വലിയ നോമ്പ് ആചരണത്തോട് അനുബന്ധിച്ച് നടത്തി വരുന്ന അഖണ്ഡ പ്രാർത്ഥനയും നീന്തു നേർച്ചയും ഈ വർഷവും ഹാശ ആഴ്ചയിൽ നടത്തി. വികാരി ഫാ. ഏലിയാസ് ഇളവംകുളത്തിന്റെ നേതൃത്വത്തിൽ സന്ധ്യ പ്രാർത്ഥനയോടെ ആരംഭിച്ച പ്രാർത്ഥനയിൽ ഫാ. തമ്പി മാറാടിയുടെ വചന ശുശ്രൂഷ നടത്തി. തുടർന്ന് നീന്തു നേർച്ച പാതിര നമസ്ക്കാരം, കഞ്ഞിവിളമ്പ്, വിശ്രമം ഇവയ്ക്കു ശേഷം 2.p.m. മുതൽ K.S.A. മെമ്പറന്മാരുടെ നേതൃത്വത്തിൽ വേദപുസ്തക പാരായണം നടത്തി. രാവിലെ 5 മണിക്ക് പ്രഭാത പ്രാർത്ഥന, 5.30 ന് എം.റ്റി തോമസ് മണലേൽ ചിറയുടെ നേതൃത്വത്തിൽ കൃതജ്ഞത പ്രാർത്ഥനയും നടത്തി ഈ വർഷത്തെ പരിപാടികൾ സമാപിച്ചു.



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, മാന്നാർ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, കുമ്പളത്താംമൺ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, മഴുക്കീർ**

**പരി.ദൈവമാതാവിനോടുള്ള ഉപകാരസ്മരണ**

പരി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ജോസഫ്, റാന്നി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ജോസഫ്, റാന്നി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**ഒരു വിശ്വാസി, ചിങ്ങവനം**

**ഒരു വിശ്വാസി, ചെന്നൈ**

**ലീലാമ്മ ചെറിയാൻ, കോട്ടയം**

**പരി.ദൈവമാതാവിന് ഉപകാരസ്മരണ**

പരി. ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി കുമ്പളത്താംമൺ**


**സ്ഥലം വില്പനയ്ക്ക്**

**ചിങ്ങവനം MC Road ൽ Fine bakery യ്ക്ക് സമീപം 40 സെന്റ് സ്ഥലം മൊത്തമായും, plots ആയും വിൽക്കപ്പെടും.**

**Whatsapp +614 66669590**




# കരടിയുടെ ഉപദേശം

അടുത്ത ഗ്രാമത്തിൽ ഒരു ഉത്സവമുണ്ട്. രണ്ടു സുഹൃത്തുക്കൾ അതു കാണാൻ യാത്ര തിരിച്ചു. ഒരാൾ തടിച്ചു നല്ല ആരോഗ്യമുള്ള ആളാണ്. അപരൻ മെലിഞ്ഞിട്ടാണ്; പൊക്കവും കൂടുതലുണ്ട്.

വലിയ ഒരു മലയും കാടും കടന്നുവേണം അടുത്ത ഗ്രാമത്തിൽ എത്താൻ. കാട്ടിൽനിന്നും പല ഭീകര ശബ്ദങ്ങളും കേട്ടുതുടങ്ങിയപ്പോൾ മെലിഞ്ഞ സുഹൃത്തു പറഞ്ഞു: ചങ്ങാതി, നമുക്കു മടങ്ങാം. ഇനിയങ്ങോട്ട് ഭയങ്കര കാടാണെന്ന് തോന്നുന്നു. എത്ര ദൂരം ഇനിയും പോകണമെന്ന് അറിയാനും വയ്യ. വല്ല ക്രൂരമൃഗങ്ങളും ആക്രമിച്ചാലോ? എനിക്കു പേടി തോന്നുന്നു.

'നീ ഒരു പേടിത്തൊണ്ടൻതന്നെ! തടിച്ചു കുറിയ മനുഷ്യൻ പറഞ്ഞു: 'ആപത്തൊന്നും വരില്ല. വന്നാൽതന്നെ ഞാനില്ലേ കൂടെ? കൈയിൽ ഒരു കത്തിയും ഞാൻ കരുതിയിട്ടുണ്ട്.

കുറച്ചു ദൂരംകൂടി നടന്നപ്പോൾ അവർ ഒരു മുരൾച്ച കേട്ടു. അകലെ ഒരു കുറ്റിക്കാട്ടിൽ ഇളക്കം. വരുന്നതു കരടിയാണെന്നു മനസ്സിലായ ഉടനെ പൊക്കം കുറഞ്ഞ സുഹൃത്ത് അടുത്തുള്ള ഒരു മരത്തിൽ ചാടിക്കയറി. ഇലക്കൂട്ടങ്ങൾക്കിടയിൽ അയാൾ ശരീരം മറച്ചു. അയാളുടെ വിറയൽ മൂലം ആ മരക്കൊമ്പു മെല്ലെ വിറക്കുന്നുണ്ട്.

മെലിഞ്ഞ സുഹൃത്തിനു മരം കയറാൻ വശമുണ്ടായിരുന്നില്ല. വല്ലവിധേനയും ശ്രമിച്ചു സമയം കളഞ്ഞാൽ കരടി അടുത്തെത്തി പിടികൂടും; അതുകൊണ്ട് അയാൾ നിലത്തു കമിഴ്ന്നടിച്ചു വീണു. പിന്നെ ശ്വാസമടക്കി മരിച്ചതുപോലെ കിടന്നു.

കരടി വന്നു. നിലത്തു കിടക്കുന്ന യുവാവിനെ അടിമുടി മണത്തു. ചെവിയിലും കവിളിലും മൂക്കത്തും പ്രത്യേകം മണപ്പിച്ചു നോക്കിയശേഷം അതു മറ്റൊരു വഴിക്കു നടന്നുപോവുകയും ചെയ്തു. കരടികൾ മൃതദേഹങ്ങൾ ഭക്ഷിക്കാറില്ലല്ലോ.

സുഹൃത്തു ഭയംകൊണ്ടു ശരിക്കും മരിച്ചിരിക്കുമോ എന്നു മരക്കൊമ്പിലിരുന്ന ചങ്ങാതി സംശയിച്ചുപോയി! കരടി കാട്ടിനകത്തേക്കു മറഞ്ഞുവെന്നു ബോധ്യമായപ്പോൾ അയാൾ മരത്തിൽനിന്ന് ഇറങ്ങിവന്നു സുഹൃത്തിനെ ദേഹത്തിൽ തട്ടിവിളിച്ചു.

'നീ പേടികൊണ്ടു മരിച്ചുപോയി എന്നുതന്നെ ഞാൻ കരുതിപ്പോയി, കേട്ടോ!' കുള്ളൻസുഹൃത്ത് എഴുന്നേറ്റിരിക്കുന്ന മെലിഞ്ഞു നീണ്ട സുഹൃത്തിനോടു പറഞ്ഞു: 'ആകട്ടെ, നിന്റെ ചെവിയിൽ ആ കരടി എന്തോ പറയുന്നതായി തോന്നിയല്ലോ? എന്താണത്?

'വീമ്പു പറയുന്നവരെ വിശ്വസിക്കരുത്. അവർ ഭീരുക്കളും വഞ്ചകരുമാണ്. ആപത്തു വരുമ്പോൾ നിങ്ങളെ കൈയൊഴിച്ചു സ്വന്തം കാര്യം നോക്കുന്ന അത്തരക്കാരുമായി മേലിൽ സൗഹൃദം അരുത് എന്നാണ് കരടി എന്റെ ചെവിയിൽ പറഞ്ഞത്.'

***ആപത്ഘട്ടങ്ങളിലാണ് നാം സൗഹൃദത്തിന്റെ ആഴം മനസ്സിലാക്കുന്നത്.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

### മെയ് മാസത്തിലെ ചോദ്യങ്ങൾ

1. വി. സഭയുടെ സ്ഥാപകൻ ആര്?
2. ആദ്യ ക്രിസ്തീയ സഭ എവിടെ വച്ചുകൂടി?
3. സഭ എന്നാൽ എന്ത്?
4. ആദ്യ ക്രിസ്തീയ സഭയുടെ ഓർമ്മക്കായി ആഘോഷിക്കുന്ന പെരുന്നാൾ?
5. ആദ്യ സഭയിൽ പരിശുദ്ധാത്മാവ് ആവസിച്ചത് ഏതു രൂപത്തിൽ?
6. ക്രിസ്തുസഭയുടെ ആദ്യത്തെ രക്തസാക്ഷി?
7. സഭയ്ക്കുവേണ്ടി ആദ്യം ശക്തസാക്ഷിത്വം വരിച്ച ശ്ലീഹ?
8. ക്രിസ്തുസഭയെ ഉപദ്രവിച്ചവരിൽ പ്രധാനിയായ തർശോസുകാരൻ?
9. ആദ്യമായി സഭയിൽ ചേർന്ന പുറജാതിക്കാരൻ?
10. ജാതികളുടെ അപ്പസ്തോലൻ?

### ഏപ്രിൽ മാസത്തിലെ ഉത്തരങ്ങൾ

1. ഹാഗാർ (ഉല്പ. 21:14)
2. ശിംശോൻ (ന്യായാധിപന്മാർ 15:15)
3. ബാബേൽ (യിരമ്യ. 50:38)
4. 12. വർഷം (മത്താ. 9:20–21)
5. തെയോഫിലോസിനെ (ലൂക്കോ.. 1:1)
6. ഹന്നാവ് കയ്യഫാവിന്റെ അമ്മയപ്പൻ (ലൂക്കോ.18:13))
7. യൂദ. (അപ്പൊ. പ്ര. 1:18)
8. 5 വട്ടം (2. കൊരി. 11:24)
9. പൗലോസും തിമൊഥെയോസും (ഫിലി.1:1)
10. യൂനിക്ക. (2 തീമൊഥെയോസ് 1:5)

## ശുഭചിന്തകൾ

**കർത്താവ് അരുളിച്ചെയ്യുന്നു.**
**കരച്ചിൽ നിർത്തി കണ്ണീർ തുടയ്ക്കൂ.**
**നിന്റെ യാതനകൾക്കു**
**പ്രതിഫലം ലഭിക്കും**
**(ജറെമിയാ 31:16)**

**ആകാശവും ഭൂമിയും കടന്നുപോകും;**
**എന്നാൽ,**
**എന്റെ വചനങ്ങൾ കടന്നു പോവുകയില്ല.**
**(മത്തായി 24:35)**



## 4 – ാം ചരമവാർഷികം

**29 - 05 - 2023**

## എം. യു. ചാക്കോ

**മൂഴിപ്പാറ**
**കുഴിമറ്റം**

"“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



## 40 – ാം ചരമദിനം

**15 - 05 - 2023**

## P. M. MATHEW

**(Kunjukunju)**
**Pullattu, Chingavanam**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

*സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ*

Advt - O

# 13th Death Anniversary

**07-05-2023**



## Adv. Julian Kuruvilla Jacob

**Aronnil, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Advt -G

By Sorrowing family

# വേർപാടിന്റെ ഒന്നാം വർഷം

**07-05-2023**



## അമ്മാൾ ഏബ്രഹാം

**ളാഹയിൽ, അങ്ങാടി, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# മൂന്നാം ചരമവാർഷികം

**01-05-2023**



## എം.ജെ. ഏബ്രഹാം (അമ്പി)

**മള്ളൂശ്ശേരിൽ, പഴവങ്ങാടി, റാന്നി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# സ്വർഗ്ഗത്തിലെ 35-ാം പിറന്നാൾ

**29-05-2023**



## വി. പി. ഏബ്രഹാം

**വയലിൽ, മേപ്രത്ത്, ഐത്തല, റാന്നി
(തിരുവൻവണ്ടൂർ)**

പ്രത്യാശയുടെ തീരത്ത് വീണ്ടും കാണാം

ഭാര്യ, മക്കൾ, മരുമക്കൾ,
കൊച്ചുമക്കൾ, കൊച്ചു കൊച്ചു മക്കൾ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# 2 -ാം ചരമവാർഷികം

## 03-06-2023



Advt -O

# VALSAMMA THOMAS

## W/o C. T. Thomas (Monachan)

### Chathurathundiyil Family
### Kurichy

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

## 25 – ാം ചരമവാർഷികം

26 – 05 – 2023



Advt -O

# എം. എ. മാത്യു (ബാബു)

മാലത്തുശ്ശേരി, ചിങ്ങവനം

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

സന്തപ്ത കുടുംബാംഗങ്ങൾ

## 7 – ാം ചരമവാർഷികം

11 – 05 – 2023



Advt -S

# എം. എ. ചാക്കോ

മാമലത്താഴത്ത്, രാമമംഗലം

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 14 – ാം ചരമവാർഷികം

25 – 05 – 2023




**ഇ. എ. ഏബ്രഹാം (കുഞ്ഞച്ചൻ)**

(Rtd. Water Authority Engineer)

## 5 – ാം ചരമവാർഷികം


18 – 12 – 2023



**ചിന്നമ്മ ഏബ്രഹാം**

## 1 – ാം ചരമവാർഷികം

22 – 07 – 2023



**കെ. ജെ. ഏബ്രഹാം (ഷാജി)**

(Rtd. RBI Asst. Manager)

കുനിയാടത്ത്, എറണാകുളം


ഇടയാടിയിൽ

പാവുക്കര, മാന്നാർ

Sorrowing Family

Advt -O

49 – ാം
ചരമവാർഷികം
22 – 05 – 2023



മാത്തൻ ഉലഹന്നാൻ

27 – ാം
ചരമവാർഷികം
09 – 08 – 2023



ശോശാമ്മ മാത്തൻ

3 – ാം
ചരമവാർഷികം
02 – 06 – 2023



ജിബുമോൻ കുറിയാക്കോസ്

## വട്ടുകളത്തിൽ, തൃക്കോതമംഗലം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

6 – ാം ചരമവാർഷികം
22 – 05 – 2023



## Er. P.A. Philip

(Rtd. Executive Engineer, PWD)

**Puthuveettil, Ranny**

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

3 – ാം ചരമവാർഷികം
02 – 05 – 2023



## സാറാമ്മ ജേക്കബ് (മോളി)

മേലേത്ത് പേരൂത്തറ, വള്ളംകുളം, തിരുവല്ല

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 1 – ാം ചരമവാർഷികം

07 – 05 – 2023



Advt -O

## എം. എ. ഏബ്രഹാം (അവറാച്ചൻ)

മറ്റത്തിൽ, വെള്ളുത്തുരുത്തി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

## 21 – ാം ചരമവാർഷികം

5 – 05 – 2023



Advt -R

## ഈശ്വരൻപറമ്പിൽ അച്ചൻ

കുറിച്ചി

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

## 11th Birthday in Heaven

22-4-2023



Advt -S

## Melvin Mohan K.

(S/o Mohan & Maymol)

കാവുങ്കൽ മെൽവിൻ വില്ല, തോലശ്ശേരി, തിരുവല്ല

We miss you Melvin

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Beloved Family

## 1st Death Anniversary

9 – 5 – 2023



Advt - O


## ANNAMMA MATHEW

Cherumadakala, Kattodu

By Sorrowing Family

# 13th Death Anniversary

04-06-2023



# Commander Bar Eto Mahimano
# Dr. P. A. Jacob (Babu)

**Panachayil House, West Othera, Thiruvalla**


“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ”

Advt - S

**POABS GROUP**

40 –ാം ചരമദിനം

17 – 5 – 2023



# ടി. എം. തോമസ് തേവരുമുറിയിൽ

പടിഞ്ഞാറ്റോതറ:

ഞങ്ങളുടെ വാത്സല്യ പിതാവ് തേവരുമുറിയിൽ **ശ്രീ. ടി.എം. തോമസിന്റെ** രോഗാവസ്ഥയിൽ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും മരണാനന്തര ശുശ്രൂഷയ്ക്ക് മുഖ്യ കാർമികത്വം വഹിക്കുകയും ചെയ്ത ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മാർ സേവേറിയോസ്, അനുശോചനം അറിയിച്ച ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത, ഭവനത്തിലെത്തി പ്രാർഥിച്ച മലങ്കര ഓർത്തഡോക്സ് സഭ സിനഡ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, യാക്കോബായ സഭ നിരണം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ്, മലങ്കര കത്തോലിക്ക സഭയുടെ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, കോട്ടയം അതിരൂപതാ സഹായ മെത്രാൻ ഗീവർഗീസ് മാർ അപ്രേം എന്നീ പിതാക്കന്മാരോടും, പരുമല സെമിനാരി മുൻ മാനേജർ യൂഹാനോൻ റമ്പാൻ, ക്നാനായ സമുദായ സെക്രട്ടറി ടി.ഒ. എബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി ജേക്കബ് തോമസ് മറ്റക്കാട്ട്, മലങ്കര ഓർത്തഡോക്സ് സഭാ സെക്രട്ടറി ബിജു ഉമ്മൻ, യാക്കോബായ സഭാ മാനേജിങ് കമ്മിറ്റി മെമ്പർ സുരേഷ് വഞ്ചിപ്പാലം, രാജ്യസഭ മുൻ ഉപാധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ, ആന്റോ ആന്റണി എംപി, മാത്യു ടി. തോമസ് എം.എൽ.എ, ജോബ് മൈക്കിൾ എം.എൽ.എ, KSCE വെൽഫെയർ ബോർഡ് ചെയർമാൻ ആർ. സനൽകുമാർ, രാജു എബ്രഹാം എക്സ് എം.എൽ.എ, ജോസഫ് എം. പുതുശ്ശേരി എക്സ് എംഎൽഎ, ഡിസിസി പ്രസിഡന്റ് സതീഷ് കൊച്ചുപറമ്പിൽ, കേരള കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് ചെറിയാൻ പോളച്ചിറക്കൽ, സി.പി.ഐ (എം) തിരുവല്ലാ ഏരിയ സെക്രട്ടറി ഫ്രാൻസിസ് വി. ആന്റണി, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ക്നാനായ സമുദായത്തിലെയും ഇതര സമുദായത്തിലെയും വൈദികർ, ഓതറ ആശാഭവൻ മദർ സുപ്പീരിയർ Sr. എലിസബത്ത്, കന്യാസ്ത്രീകൾ, PWD–ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ, കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. വർഗീസ് കണ്ണമ്പള്ളി, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ നേതാക്കൾ, പ്രവർത്തകർ, ക്നാനായ സുവിശേഷകർ, ബന്ധുമിത്രാദികൾ എന്നിവരോടും, ആദരാഞ്ജലികൾ അർപ്പിച്ച US–ലെ NAMKC, ഹൂസ്റ്റൺ, ഡെട്രോയിറ്റ്, ഫിലാദൽഫിയ, ചിക്കാഗോ, ഹാർട്ട് ഫോഡ്, ഓതറ സെന്റ് ഗ്രിഗോറിയോസ്, റാന്നി വലിയപള്ളി, റാന്നി–വൈക്കം കുരിശുപള്ളി, ഇരവിപേരൂർ സെന്റ് മേരീസ് എന്നീ ക്നാനായ ഇടവകകളോടും, വികാരിമാരോടും ഞങ്ങൾക്കുള്ള നിസ്സീമമായ കൃതജ്ഞത അറിയിച്ചുകൊള്ളുന്നു.

എന്ന്

കുടുംബാംഗങ്ങൾ

Advt - O



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

**4. യാഥാർത്ഥ്യബോധം**

മാതാപിതാക്കൾക്ക് കൗമാരക്കാരായ മക്കളോടുള്ള ബന്ധം സജീവമായി നിലനിർത്തുവാൻ അവരെ യാഥാർത്ഥ്യബോധം നൽകി വളർത്തണം. നല്ലതും ചീത്തയും വിവേചിച്ചറിഞ്ഞ് ജീവിത യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടാൻ മാതാപിതാക്കളുടെ പിൻതുണ ആവശ്യമാണ്. ആശയക്കുഴപ്പങ്ങളുടെയും തീരുമാനങ്ങളെടുക്കുവാനുള്ള പ്രയാസങ്ങളുടെയും കാലമാണ് കൗമാരക്കാലം. നല്ല നിർദ്ദേശങ്ങൾ കൊടുക്കുവാനും വഴിതെളിച്ചു കൊടുക്കുവാനും മാതാപിതാക്കൾ കൂടെയുണ്ടാകണം. തീരുമാനങ്ങൾ മക്കളുടേതാകണം. സ്വപ്നലോകത്ത് വിലസുന്ന കുട്ടികളെ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിലേയ്ക്ക് കൈപിടിച്ചു നടത്തുവാൻ മാതാപിതാക്കൾ ഉണ്ടാകണം.

ചില കുട്ടികൾ വാശിയ്ക്ക് മാതാപിതാക്കളോട് എതിർത്ത് നിന്നേക്കാം. എന്നാൽ അവരെ മാതാപിതാക്കളുടെ സ്നേഹവലയത്തിലേയ്ക്ക് ആകർഷിച്ച് യാഥാർത്ഥ്യങ്ങൾ ബോധ്യപ്പെടുത്തി കൊടുക്കണം. മാതാപിതാക്കളാകുന്ന തുറമുഖത്ത് കുട്ടികളാകുന്ന കപ്പലുകൾ എപ്പോഴും നങ്കൂരമിട്ടു കിടക്കുകയില്ല. എന്നാൽ അങ്ങനെയൊരു തുറമുഖമുണ്ടെന്ന ആശ്വാസം കുട്ടികൾക്ക് കരുത്തേകും. കപ്പലുകൾ വരുന്നതും തീരത്ത് നങ്കൂരമിടുന്നതും കാത്തിരിക്കുന്ന തുറമുഖങ്ങളാകണം മാതാപിതാക്കൾ. കുട്ടികൾ വാശികാണിച്ചാൽ തിരികെ വാശി കാണിക്കുന്നത് അപക്വതയാണ്. അതിനെ പക്വതയോടെ സമീപിക്കണം. മക്കൾ മാതാപിതാക്കൾക്കുവേണ്ടിയല്ല; മാതാപിതാക്കൾ മക്കൾക്കുവേണ്ടിയാണ് ജീവിക്കേണ്ടത്.

കുട്ടികളുടെ പിടിവാശിക്കു മുമ്പിൽ കീഴടങ്ങുന്ന permissive parents (ദുർബ്ബലരായ രക്ഷിതാക്കൾ) ഉണ്ട്. കുട്ടികൾ അപകടത്തിലേയ്ക്ക് പോകുന്നുവെന്ന വ്യക്തമായ ബോധ്യം ഉണ്ടെങ്കിലും കുട്ടികളുടെ ദുർവാശിക്കു മുൻപിൽ തളരുന്ന മാതാപിതാക്കൾ കുട്ടികളെക്കാൾ അപക്വരാണ്. ഞാൻ ശുശ്രൂഷ ചെയ്ത ഒരിടവകയിൽ നടന്ന ദുരന്തം ഞാൻ പങ്കുവയ്ക്കാം. +2 ന് പഠിക്കുന്ന മകൻ ബൈക്ക് വാങ്ങിത്തന്നില്ലെങ്കിൽ സ്കൂളിൽ പോകയില്ലെന്ന് വാശിപിടിച്ചപ്പോൾ ബൈക്ക് വാങ്ങിക്കൊടുത്ത മാതാപിതാക്കൾക്കുണ്ടായ ദുരന്തം.

റോജിൻ ഒരു സാധാരണ കുടുംബത്തിലെ മൂത്തമകനാണ്. ഇടത്തരം സാമ്പത്തിക സാഹചര്യം ആണ് ആ കുടുംബത്തിന്റേത്. മാതാപിതാക്കൾ വളരെ സാധുക്കൾ. +2 ൽ വന്നപ്പോൾ മുതൽ റോജിൻ ബൈക്ക് വേണമെന്ന് പറഞ്ഞു തുടങ്ങി. മാതാപിതാക്കൾ ആദ്യമൊന്നും വഴങ്ങിയില്ല. ബൈക്ക് വാങ്ങാനുള്ള സാമ്പത്തികമൊക്കെ മാതാപിതാക്കൾക്കുണ്ടായിരുന്നെങ്കിലും ലൈസൻസ് ലഭിക്കാതെ ബൈക്ക് വാങ്ങില്ലെന്ന് പറഞ്ഞു. ലൈസൻസ് ഇല്ലാതെ വാഹനമോടിച്ചാലുള്ള നിയമപ്രശ്നങ്ങൾ ഒന്നും റോജിൻ ഉൾക്കൊണ്ടില്ല. അവസാനം മകന്റെ നിർബന്ധത്തിന് വഴങ്ങി ബൈക്ക് വാങ്ങിക്കൊടുത്തു. ലൈസൻസ് ഇല്ലാത്ത കുട്ടികൾ സ്കൂളിൽ ബൈക്ക് കൊണ്ടുവരാൻ പാടില്ലെന്നുള്ള നിയമം സ്കൂളിൽ ഉണ്ടായിരുന്നതിനാൽ സ്കൂളിൽ ബൈക്ക് ഉപയോഗിക്കുവാൻ കഴിയില്ല. എന്നാൽ ട്യൂഷന് പോകുമ്പോഴും കൂട്ടുകാരുടെ വീട്ടിൽ പോകുമ്പോഴും ബൈക്ക് ഉപയോഗിക്കും.

അങ്ങനെയിരിക്കെ ഒരിക്കൽ ട്യൂഷന് പോകുന്ന വഴിയിൽ അവിചാരിതമായി ഒരു വഴിയാത്രക്കാരനെ റോജിന്റെ ബൈക്ക് ഇടിച്ചു. ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് റോജിൻ മുൻകൈയെടുത്തു. ആശുപത്രിക്കാർ പോലീസ് സ്റ്റേഷനിൽ അറിയിച്ചു. പോലീസ് കേസെടുത്തു. നിർഭാഗ്യവശാൽ ആ മനുഷ്യൻ മരണമടഞ്ഞു. റോജിന് ലൈസൻസ് ഇല്ലാതിരുന്നതിനാൽ ഇൻഷ്വറൻസ് കമ്പനി claim അനുവദിച്ചില്ല. വണ്ടി ഓടിച്ച ആളിൽ നിന്നും വേണ്ട നഷ്ടപരിഹാരതുക ഈടാക്കുവാൻ കോടതി വിധിച്ചു. മരണമടഞ്ഞ വ്യക്തി ഒരു സർക്കാർ ഉദ്യോഗസ്ഥൻ കൂടി ആയിരുന്നതിനാൽ നഷ്ടപരിഹാര തുക വിചാരിച്ചതിലും അധികമായിരുന്നു. അവസാനം അവർ താമസിക്കുന്ന വീട് വിറ്റാണ് അവകാശികൾക്ക് നഷ്ടപരിഹാര തുക നൽകിയത്.

കുട്ടികൾക്ക് സ്വാതന്ത്ര്യം വേണം. പക്ഷെ പിടിവാശി അംഗീകരിക്കരുത്. അവരെ യാഥാർത്ഥ്യബോധം മനസ്സിലാക്കി വളർത്തണം. പക്വതയില്ലാതെ മക്കൾ പെരുമാ

റുമ്പോൾ മാതാപിതാക്കൾ മനഃസാന്നിദ്ധ്യം കൈവിടരുത്. ക്ഷമയോടെ അവരെ കേൾക്കണം. സാവധാനം അവരുടെ ചിന്തകളിലെ അപകടങ്ങൾ അവരെ ബോധ്യപ്പെടുത്തണം. അവർ അനുസരണക്കേട് കാട്ടിയാൽ, കോപിച്ചാൽ, തെറ്റിദ്ധരിച്ചാൽ, മറുതലിച്ചാൽ മുതിർന്നവർ നിയന്ത്രണം വിടരുത്. ആ പ്രതികരണം അപക്വതയുടേതാണെന്ന് വിചാരിച്ച് സമാധാനിക്കുക. നേരെമറിച്ച് മാതാപിതാക്കൾ പരുക്കനായി നേരിട്ടാൽ കാര്യങ്ങൾ കൂടുതൽ വഷളാകും. പരിഹാരം കണ്ടെത്താൻ കഴിയാതെ വരും. അവരുടെ വികാരങ്ങളെ ജ്വലിപ്പിക്കരുത്.

മക്കളെ ശ്രദ്ധയോടെ കേൾക്കണം. അവരെ അംഗീകരിക്കണം. ബഹുമാനിക്കണം. അവരോട് അനുഭാവം പ്രകടിപ്പിക്കണം. അവരെ പിൻതുണയ്ക്കുന്നതായി അവർക്ക് മനസ്സിലാകണം. അവരുടെ വ്യക്തിത്വത്തെ മാനിക്കണം. അവരെ ധൈര്യപ്പെടുത്തണം. അവരെ യാഥാർത്ഥ്യ ബോധത്തിലേയ്ക്ക് നയിക്കണം.

**മാതാപിതാക്കൾ മക്കളെ ബോധ്യപ്പെടുത്തേണ്ടവ**

1. ഞങ്ങൾ എപ്പോഴും നിന്നോടുകൂടെയുണ്ട്. ഞങ്ങളുടെ പ്രാർത്ഥനയും, സ്നേഹവും എല്ലായ്പ്പോഴും നിന്നോടൊപ്പം ഉണ്ടായിരിക്കും. നീ അധൈര്യപ്പെടരുത്.

2. നിന്റെ എല്ലാ വിഷമങ്ങളും ഞങ്ങളോട് പങ്കുവയ്ക്കുക. നിന്നെ കേൾക്കുവാൻ ഞങ്ങളുണ്ട്.

3. നിന്റെ നന്മയ്ക്കായി ചില ചട്ടങ്ങളും നിയമങ്ങളും ഞങ്ങൾ വയ്ക്കും. നിന്റെ നന്മയ്ക്കായിട്ടാണ്. അവ സ്വീകരിപ്പാനും തള്ളിക്കളയുവാനും നിനക്ക് സ്വാതന്ത്ര്യമുണ്ട്. ആത്യന്തികമായി നിന്റെ നന്മയാണ് ഞങ്ങളുടെ ലക്ഷ്യം.

4. ദൈവത്തിൽ പൂർണ്ണമായി പ്രത്യാശ വയ്ക്കുക. നിന്റെ എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും നിന്നെ സഹായിപ്പാൻ ദൈവം ഉണ്ടായിരിക്കും.

ഇവ നമ്മുടെ മക്കളെ പക്വതയും ആത്മനിയന്ത്രണവും ഉത്തരവാദിത്വവും ഉള്ളവരാകുവാൻ സഹായിക്കും.

**കൗമാരം ഒരു സംഭവം**

സംഭവബഹുലമായ കാലഘട്ടമാണ് കൗമാരം. അതുകൊണ്ട് കൗമാരം ഒരു സംഭവം ആണ്. അച്ചൻ സംസാരിച്ചു തുടങ്ങി.

"അച്ചോ, കുമാരസംഭവം എന്നു കേട്ടിട്ടുണ്ട്. ഈ കൗമാരസംഭവം എന്താണ്"?

ടോണി ചോദിച്ചു. ഒരു കൂട്ടച്ചിരി ഉയർന്നു.

"ടോണിയുടെ ക്ഷമാശക്തിയുടെ അതിർവരമ്പ് വിട്ടുപോയിക്കാണും. ഒരു കാപ്പി കുടിച്ചാൽ ഉന്മേഷം തിരിച്ചുകിട്ടും. അതുകൊണ്ട് ഒരു coffee break"

അച്ചൻ പറഞ്ഞു എല്ലാവർക്കും സന്തോഷമായി. കാപ്പിക്കുശേഷം എല്ലാവരും ഹാളിൽ പ്രവേശിച്ചു. അച്ചൻ തുടർന്നു.

കൗമാരത്തിന്റെ മഹത്വവും വെല്ലുവിളികളും നാം തിരിച്ചറിയണം "കുരുത്തം കെട്ട പിള്ളാർ" എന്ന് നാം അവരെ ലേബൽ ചെയ്യുന്ന ഈ പ്രായത്തിൽ അവരെ ശരിയിലേയ്ക്ക് നയിക്കേണ്ട ഉത്തരവാദിത്വം മുതിർന്നവരുടേതാണ്. ദൈവം കൊടുത്തിരിക്കുന്ന അതിമനോഹരമായ ജീവിതകാലയളവാണ് കൗമാരം. ഈ പ്രായത്തിൽ കുട്ടികളിലുണ്ടാകുന്ന ശാരീരിക മാനസ്സിക മാറ്റങ്ങളെ തിരിച്ചറിയുവാനും ഉൾക്കൊള്ളുവാനുമുള്ള പക്വത സമൂഹത്തിനുണ്ടാകണം. അവർ നേരിടുന്ന വെല്ലുവിളികളെ നാം അവരോടൊപ്പം അഭിമുഖീകരിക്കണം.

കൗമാരപ്രായത്തിലുണ്ടാകുന്ന ശാരീരിക മാനസ്സിക വികാസങ്ങളെ ഉൾക്കൊള്ളുവാനും അവയോട് ക്രിയാത്മകമായി പ്രതികരിക്കുവാനും കുട്ടികളെ ശക്തരാക്കുന്നത് മുതിർന്നവരുടെ കടമയാണ്. ഇക്കാലഘട്ടത്തിൽ വിവേചനബുദ്ധി കൂടുതൽ ശക്തമാക്കുകയും എന്തിനോടും മറുതലിക്കുവാൻ വെമ്പൽ കൊള്ളുകയും ചെയ്യുമെന്നതിനാൽ ആത്മീയതയും ധാർമ്മികതയും വികാസം പ്രാപിക്കുവാനുള്ള വഴികൾകൂടി അദ്ധ്യാപകരും മാതാപിതാക്കളും പകർന്നുകൊടുക്കണം. മൂല്യവർദ്ധനവ് കൈവരിച്ച് ജീവിതത്തെ പ്രകാശപൂരിതമാക്കുവാൻ കുട്ടികളെ സഹായിക്കണം. ദൈവത്തിന്റെ അസ്ഥിത്വത്തെപ്പോലും ചോദ്യം ചെയ്യാവുന്ന കൗമാരകാലത്ത് കുട്ടികളെ ദൈവബന്ധത്തിൽ വളർത്തി തെറ്റും ശരിയും തിരിച്ചറിയുവാൻ പ്രാപ്തരാക്കിയാൽ അവരെ സമൂഹത്തിനും കുടുംബത്തിനും കൊള്ളാവുന്നവരാക്കാൻ കഴിയും.

ജിജ്ഞാസയുടെ ഇക്കാലത്ത് എല്ലാറ്റിനെയും അറിയുവാൻ ഒരു വ്യഗ്രതയുണ്ട്. ചോദ്യങ്ങളും മറു ചോദ്യങ്ങളും ഉന്നയിക്കാം. മറുതലിപ്പുണ്ടാകും. ക്ഷിപ്രകോപികളായേക്കാം. പൊട്ടിത്തെറിച്ച്, കുത്തിച്ചാടി മുറിയിൽ കയറി കതകടച്ചേക്കാം. വിളിച്ചാൽ മിണ്ടാതിരിക്കുക, കതകു തുറക്കാതിരിക്കുക, ഭക്ഷണം കഴികഴിക്കാതിരിക്കുക തുടങ്ങിയ പ്രതിഷേധ പ്രകടനങ്ങളൊക്കെ കാട്ടിയേക്കാം. ഉടനെ പ്രതികരിക്കരുത്. വിട്ടേക്കണം. തിളച്ചുമറിയുന്ന വികാരങ്ങളൊന്ന് തണുക്കട്ടെ.

"അച്ചോ, ഞാനൊരു കാര്യം പറയട്ടെ"

ജോജി ചോദിച്ചു.

"പറഞ്ഞോളൂ" അച്ചൻ പറഞ്ഞു. ജോജി തന്റെ ഭാര്യ ജീജായെ ഒന്നു നോക്കിയിട്ട് ചിരിയോടെ പറഞ്ഞു"

"അച്ചോ ഞങ്ങളുടെ മൂത്തമകൻ 16 വയസ്സുള്ള +1 വിദ്യാർത്ഥിയാണ്. ഇപ്പോൾ അച്ചൻ പറഞ്ഞതുപോലുള്ള പ്രതിഷേധ പ്രകടനങ്ങളൊക്കെ അവന് ഇഷ്ടപ്പെടാത്ത സാഹചര്യങ്ങളിൽ കാണിക്കും. പക്ഷെ എന്റെ ഭാര്യ അവന്റെ പിന്നാലെ പോയി കതകിനു മുട്ടിക്കൊണ്ടിരിക്കും. അവൻ പറയും: എന്നെ ശല്യപ്പെടുത്താതെ പോകുന്നുണ്ടോ? എന്നാലും അവൾ മുട്ടിക്കൊണ്ടിരിക്കും. ഞാൻ പറയും അവനൊന്നു ശാന്തനാകട്ടെ. പക്ഷെ അവൾ അതൊന്നും കാര്യമാക്കില്ല"

ഉടനെ ജീജാ ഇടയ്ക്കുകയറി പറഞ്ഞു

"എന്റെ അച്ചോ ഞാൻ എങ്ങനെ സമാധാനത്തോടിരിക്കും. അവൻ തുള്ളിച്ചാടിപ്പോകുമ്പോൾ എന്റെ മനസ്സു പിടയ്ക്കും. എനിക്ക് പേടിയാണ്. അവൻ വല്ല കുരുത്തക്കേടും കാണിച്ചാലോ".

അച്ചൻ പറഞ്ഞു

ഒരു കുരുത്തക്കേടും അവൻ കാണിക്കില്ല. അവന്റെ വികാരപ്രകടനം അനുവദിച്ചുകൊടുത്താൽ അവൻ ശാന്തമായി തിരികെ വരും. കതക് തുറക്കാത്തവൻ കതകു തുറക്കും. ഭക്ഷണം വേണ്ടാത്തവൻ ഭക്ഷണം കഴിക്കും. ഇതെല്ലാം വികാരപ്രകടനമാണ്. അവൻ കാണിക്കുന്നതുപോലെ നമ്മൾ കാണിക്കരുത്. ശാന്തത ഉണ്ടാകണം. എന്റെ ചെറുപ്പത്തിൽ നടന്ന ഒരു സംഭവം പറയാം.

എല്ലാവരും ഉത്സാഹത്തോടെയായിരുന്നു.

"വീട്ടിൽ എന്തിനെങ്കിലും പിണങ്ങിയാൽ ഭക്ഷണം കഴിക്കാതിരിക്കയും, അച്ചായൻ വന്ന് ഒരു അടി തരുമ്പോൾ ചാടി എഴുന്നേറ്റ് പോയി കഴിക്കുകയും ചെയ്യുന്ന കാര്യം നേരത്തെ ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. അമ്മച്ചിയുടെ അരികിൽ നടക്കുന്ന അഭ്യാസമൊന്നും അച്ചായന്റെ അടുക്കൽ ചിലവാകില്ല. ഭക്ഷണം കഴിക്കാതിരിക്കുന്ന അഭ്യാസം എങ്ങനെ അവസാനിപ്പിച്ചുവെന്ന് പറയാം"

എന്റെ പ്രീഡിഗ്രി കാലത്ത് ആദ്യവർഷം നടന്ന ഒരു സംഭവമാണ്. ഒരു ഞായറാഴ്ച വൈകുന്നേരം വീട്ടിൽ വെള്ളയപ്പം ഉണ്ടാക്കി. കൂട്ടത്തിൽ കോഴിക്കറിയും. അക്കാലത്ത് അപ്പവും കോഴിക്കറിയും സുലഭം അല്ലാതിരുന്നു എന്ന് ഓർത്തുകൊ

ള്ളണം. മാത്രമല്ല വിശിഷ്ഠഭോജ്യംകൂടി ആയിരുന്നു. ആ സമയത്ത് ഞാൻ എന്തോ ഒരു കുസൃതി ഒപ്പിച്ചു. അമ്മച്ചി അപ്പോൾ തന്നെ ഒരു അടിയും തന്നു. ഞാൻ അതിൽ പ്രതിഷേധിച്ച് മുറ്റത്ത് പോയിരുന്നു. സമയം വെറുതെ പാഴാക്കേണ്ട എന്ന് വിചാരിച്ച് English ന്റെ ഒരു Poetry യും എടുത്തുകൊണ്ടാണ് പോയത്. പ്രതിഷേധമനസ്സോടെ വായിച്ചാൽ വല്ലതും മനസ്സിലാകുമോ. നേരെചൊവ്വേ പഠിച്ചാൽ മനസ്സിലാകാത്തതാണ് English Poetry. അപ്പോൾ വാശിയോടെ പഠിച്ചാൽ പ്രയോജനവും ഉണ്ടോ? ഏതായാലും അപ്പത്തിന്റെയും കോഴിക്കറിയുടെയും മണം അടിച്ചപ്പോൾ വായിൽ വെള്ളം ഊറി. ഞങ്ങളുടെ വീട്ടിൽ ഒരു രീതിയുണ്ട്. എന്തുകഴിച്ചാലും ഒരുമിച്ചിരുന്ന് കഴിക്കുന്നതാണ് പതിവ്. അപ്രകാരം എന്നെ ഭക്ഷണം കഴിക്കുവാൻ വിളിച്ചു. എന്നാൽ അടികൊണ്ടതിലുള്ള പ്രതിഷേധം കാരണം ഞാൻ പോയില്ല. അച്ചായൻ അകത്തിരുന്ന് പറയുന്നത് കേൾക്കാം. “അവനെ വിളിക്കേണ്ട വിശക്കുമ്പോൾ വന്ന് കഴിച്ചോളും”.

എന്റെ സമനില തെറ്റി എന്നെ ആരെങ്കിലും ഒന്നു നിർബന്ധിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചുപോയി. യാതൊരു പ്രയോജനവുമില്ല. അഭിമാനം തല ഉയർത്തി നിൽക്കുമ്പോൾ വിശപ്പ് പത്തി മടക്കി. അല്പസമയം കഴിഞ്ഞപ്പോൾ വിശപ്പ് തല ഉയർത്തി. അഭിമാനം പത്തിമടക്കി. ദേഷ്യവും സങ്കടവും എല്ലാം കൂടി തിളച്ച് മറിഞ്ഞപ്പോൾ ഞാൻ വീട്ടിനകത്തേക്ക് ചെന്നു.

“എന്റെ അപ്പവും കറിയും എവിടെയാണ്”?

സങ്കടത്തോടും ദേഷ്യത്തോടെയുമാണ് ഞാൻ ചോദിക്കുന്നത്. വീട്ടിലൊരു കൂട്ടച്ചിരി ഉയർന്നു. ആ ചിരി ഇപ്പോഴും എന്റെ കാതിലുണ്ട്. അതോടെ ഭക്ഷണത്തോടുള്ള എന്റെ വെല്ലുവിളി അവസാനിപ്പിച്ചു.

ഹാളിലൊരു കൂട്ടച്ചിരി ഉയർന്നു. (തുടരും)

# പുഞ്ചിരിച്ചുകൊണ്ട് ഒരു ചിരി ദിനം

ഡോ. രോണി ജെയിൻ രാജു, അസ്സിസ്റ്റന്റ് പ്രൊഫസർ, സെന്റ് തോമസ് കേളേജ്, റാന്നി

മെയ് 7 ചിരിദിനം ആണ്. നമുക്കെല്ലാം മനസ്സുതുറന്നൊന്നു ചിരിക്കാം. ഈ ദിവസം ചിരിച്ചില്ലെങ്കിൽ പിന്നെ എന്നാണ് ചിരിക്കുക. കാരണം ചിരിക്കാനായി മാത്രം മാറ്റി വച്ചിരിക്കുന്ന ദിനമാണത് ലോകചിരി ദിനം. പിരിമുറക്കങ്ങളുടെ ലോകത്ത് മനസ്സുനിറയെ സന്തോഷിച്ച് പൊട്ടിച്ചിരിച്ച്, ലോകം ഇന്ന് ചിരിദിനം ആഘോഷിക്കുകയാണ്. ചിരി ഒന്നിനും മരുന്നല്ല, പക്ഷെ ഒരു പുഞ്ചിരികൊണ്ട് ഏതു പ്രശ്നത്തിനും പരിഹാരമുണ്ടെന്നത് ഒരു വലിയ സത്യമാണ്. ഈ ചിന്തയിൽ നിന്നാണ് ലോകചിരിദിനത്തിന്റെയും പിറവി.

നമ്മുടെ രാജ്യത്ത് നിന്നാണ് ചിരിക്കാനൊരു ദിനം എന്ന ആശയം ലോകത്തിന് സമ്മാനമായി ലഭിച്ചതെന്നതിൽ നമുക്ക് അഭിമാനിക്കാം. 1998 ജനുവരി 10 ന് ബോംബെയിലായിരുന്നു ചിരിദിനത്തിന് തുടക്കം കുറിച്ചത്. ലോകവ്യാപകമായി ചിരിയോഗമൂവ്മെന്റിനു തുടക്കമിട്ട ഡോ. മദൻ കത്താരിയയാണ് ചിരിദിനത്തിനും തുടക്കമിട്ടത്. ചിരിശുഭസൂചകമായ ഒരു വികാരം എന്ന അടിസ്ഥാനത്തിലാണ് അദ്ദേഹം ചിരിയോഗപ്രസ്ഥാനം തുടങ്ങിയത്.

മനുഷ്യ വികാരങ്ങളെ മാറ്റി മറിക്കാൻ തക്ക ശക്തമായ ഒരു മാധ്യമമാണ് ചിരി. അവനവനെ തന്നെയും ചുറ്റുമുള്ളവരെയും സമാധാനത്തിന്റെ മാർഗ്ഗത്തിലേക്കു നയിക്കാൻ ചിരിയെന്ന മാന്ത്രികന് സാധിക്കും. കാഴ്ചപ്പാടുകളെ സ്വാധീനിച്ച് സമാധാനപ്രിയരുടെ നാടായി ലോകത്തെ മാറ്റിയെടുക്കാൻ കഴിയും. ഇത്തരം ആശയങ്ങളുടെ പ്രചാരണമാണ് ചിരിദിനത്തിലൂടെ ഉദ്ദേശിക്കുന്നത്. ഈ ആശയത്തിനു ലഭിച്ച ലോക സ്വീകാര്യതയുടെ തെളിവാണ് ലോകം മുഴുവൻ ചിരിദിനമായി ആചരിക്കുന്നത്. ചിരി ഒരു പരിണിതഫലമാണ്. നമ്മൾ ഒരു പ്രത്യേക തരം ആനന്ദാവസ്ഥയിലാണെങ്കിൽ ഓരോ തവണ രസാനുഭവമുണ്ടാകുമ്പോഴും നമ്മൾ ചിരിക്കും. ചിരി ഏറ്റവും നല്ല മരുന്നാണ്. സന്തോഷമുള്ള ആളുകൾ വളരെ പെട്ടെന്ന് രോഗസൗഖ്യം നേടുന്നു. ആരോഗ്യവാനോ രോഗിയോ എന്നത് നമ്മളുടെ ശരീരം എത്രത്തോളം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്നതു സംബന്ധിച്ച ഒരു പ്രശ്നം മാത്രമാണ്. അതു നല്ലതുപോലെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിന് ആരോഗ്യമുണ്ടെന്നു നമ്മൾ പറയും. ഇല്ലെങ്കിൽ രോഗമാണെന്നു പറയും. നമ്മൾ സന്തോഷവാനായിക്കുമ്പോൾ നമ്മളുടെ ഭൗതികശരീരം ഏറ്റവും നല്ലരീതിയിൽ പ്രവർത്തിക്കുന്നു. ചുരുക്കത്തിൽ ചിരിയല്ല നമ്മൾക്ക് രോഗസൗഖ്യം നൽകുന്നത്; സന്തോഷമാണു നമ്മളെ സുഖപ്പെടുത്തുന്നത്. ചിരിയും സന്തോഷവും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. എല്ലാ ദിവസവും ഞാൻ ചിരിയ്ക്കുമെന്നുള്ള ഒരു നിലപാടെടുക്കുന്നതുകൊണ്ടല്ല ചിരി സംഭവിക്കുന്നത്. നമ്മുടെയുള്ളിൽ ഏതെങ്കിലും തരത്തിലുള്ള സന്തോഷാവസ്ഥയിലാണു എങ്കിൽ നമ്മുടെ മുഖത്ത് ഒരു പുഞ്ചിരി വ്യാപിക്കും. വളരെ ചെറിയ ഒരു രസാനുഭവമുണ്ടായാൽ മതി നമ്മൾ ചിരിയ്ക്കും. ചിരി ഒരു പരിണിത ഫലമാണ്. പരിണിത ഫലത്തെ സൃഷ്ടിക്കാതിരിക്കാൻ ശ്രമിക്കുക. നിർദ്ദിഷ്ഠ പ്രക്രിയയിൽ ഉറവിടത്തിൽ പ്രവർത്തിക്കുക.

ലോകമെമ്പാടുമുള്ള ആളുകൾ പുഞ്ചിരിയുടെ പ്രാധാന്യം തിരിച്ചറിയാനും കാരുണ്യപ്രവർത്തനങ്ങളിൽ പങ്കാളി ആകുവാനും ഈ ചിരിദിനം കാരണമാവട്ടെ. നമ്മളുടെ പുഞ്ചിരി മറ്റുള്ളവരിലേയ്ക്ക് പകരുന്നതിനേക്കാൾ നല്ലൊരു പ്രവർത്തിയില്ല. ഒരു ദിവസം ചിരിയോടെ തുടങ്ങിയാൽ ആ ദിവസം മുഴുവൻ അതിന്റെ പ്രതിഫലനം കാണാൻ സാധിക്കും. മനസ്സറിഞ്ഞ് ചിരിച്ചുകൊണ്ട് എല്ലാ ദിവസവും തുടങ്ങാൻ ശ്രമിക്കാം......ചിരി ആയുസ്സ് വർദ്ധിപ്പിക്കുമെന്നാണല്ലോ........ ചിരിച്ചുകൊണ്ട് ജീവിക്കാം ഒരു നൂറുവർഷം.



# മല്പാനോടു ചോദിക്കാം

## പരിശുദ്ധ ത്രിത്വം എന്നാൽ എന്ത്? അതിന്റെ ആരംഭം എവിടെ?

ദൈവം ഏകനാണ്. ഏകനായ ദൈവത്വത്തിലെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളെ (Personality) ആണ് ത്രിത്വം എന്ന വാക്കു കൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവത്തേയും അവിടുത്തെ പ്രവർത്തികളേയും പൂർണ്ണമായി മനുഷ്യന് മനസ്സിലാക്കാൻ സാധിക്കുകയില്ല. കാരണം ഒരു സൃഷ്ടിക്ക് അതിന്റെ സൃഷ്ടാവിനെ പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുകയില്ല. പ്രപഞ്ച സൃഷ്ടാവായ ദൈവത്തിന്റെ അനേകായിര പ്രവർത്തനങ്ങളിൽ ഒന്നു മാത്രമാണ് മനുഷ്യസൃഷ്ടി. അതുകൊണ്ട് ദൈവം വെളിപ്പെടുത്തുന്ന സത്യങ്ങളെ അഥവാ യാഥാർത്ഥ്യങ്ങളേ മാത്രമേ മനുഷ്യന് മനസ്സിലാക്കാൻ സാധിക്കുകയുള്ളു. "അവിടുന്ന് ആരാകുന്നു, ആര് എന്നെ അയച്ചു എന്നാണ് ഞാൻ ഇസ്രായേൽ ജനത്തോടു പറയേണ്ടത് എന്ന മോശയുടെ ചോദ്യത്തിന് "ഞാനാകുന്നവൻ ഞാനാകുന്നു" എന്ന യഹോവയുടെ മറുപടി (പുറ.3:13-14) ഇതു വെളിവാക്കുന്നു. അതായത് മോശ എന്ന വ്യക്തി എത്ര ശ്രമിച്ചാലും അവന്റെ സൃഷ്ടിതാവിനെ പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കുകയില്ല എന്നർത്ഥം.

ദൈവത്തേയും ദൈവികമായതിനേയും വിശദീകരിക്കുവാൻ "രഹസ്യം" (mystry) എന്ന വാക്കാണ് പൗരസ്ത്യ പിതാക്കന്മാർ ഉപയോഗിച്ചിട്ടുള്ളത്. അതായത് മാനുഷിക ചിന്തയ്ക്കും യുക്തിക്കും അതീതം എന്നർത്ഥം (Beyond the thinking power of humen beings). പരിശുദ്ധ ത്രിത്വം ഒരു രഹസ്യമാണ്. ഒരേ ദൈവത്തിന്റെ മൂന്ന് ആളത്വങ്ങളായ പ്രവർത്തനങ്ങളായി മാത്രമേ മനുഷ്യന് മനസ്സിലാക്കാൻ സാധിക്കുകയുള്ളു.

ത്രിത്വം എന്ന ആശയത്തേയും അതിന്റെ പ്രവർത്തനങ്ങളേയും പഴയ നിയമത്തിലും പുതിയനിയമത്തിലും കാണാം. ഉല്പത്തി പുസ്തകത്തിലെ സൃഷ്ടികർമ്മത്തിൽ തന്നെ പരി. ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളുടെയും സംയുക്തമായ പ്രവർത്തനം കാണാം. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു... ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ ചലിച്ചു കൊണ്ടിരുന്നു. ദൈവം അരുളി ചെയ്തു വെളിച്ചം ഉണ്ടാകട്ടെ, അങ്ങനെ വെളിച്ചം ഉണ്ടായി." (ഉല്പ.1:1-3). ഇവിടെ പിതാവായ ദൈവം അരുളി ചെയ്യുന്നു. അരുളി ചെയ്ത ശബ്ദം അഥവാ വചനം പുത്രൻ തമ്പുരാനും വെള്ളത്തിന്മേൽ ആവസിച്ചു കൊണ്ടിരുന്ന ആത്മാവ് പരിശുദ്ധാത്മാവും ആകുന്നു. വീണ്ടും സൃഷ്ടിയുടെ ആറാം ദിവസം മനുഷ്യനെ സൃഷ്ടിക്കുമ്പോൾ "നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം." (ഉല്പ.1:26). ഇവിടെ നമുക്ക് അഥവാ നാം എന്നു പറയുമ്പോൾ പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളുടേയും സംയുക്തമായ ആലോചനയുടെ പരിസമാപ്തിയിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു എന്ന് മനസ്സിലാക്കാം.

പിന്നീട് വിശ്വാസികളുടെ പിതാവായ അബ്രഹാം "മമ്രേയുടെ ഓക്കു മരത്തിന്റെ സമീപം വെയിൽ മൂത്ത സമയത്ത് തന്റെ കൂടാര വാതിൽ ക്കൽ തല ഉയർത്തി നോക്കിയപ്പോൾ കണ്ട മൂന്ന് ആളുകൾ (ഉല്പ. 18:1-2) ദൈവത്വത്തിലെ മൂന്ന് ആളത്വങ്ങളായ പരിശുദ്ധ ത്രിത്വം ആയിരുന്നു എന്ന് പൗരസ്ത്യ പിതാക്കന്മാർ പറയുന്നു. ഉല്പത്തി മുതലുള്ള പിതാവായ ദൈവത്തിന്റെ രക്ഷാ വാഗ്ദാനങ്ങളിലൂടെ പുത്രനായ ദൈവവും ദൈവാത്മാവിന്റെ പ്രവർത്തനങ്ങളിലൂടെ പരിശുദ്ധാത്മാവും കാലാകാലങ്ങളിൽ വെളിപ്പെടുത്തപ്പെട്ടു കൊണ്ടിരുന്നു.

എന്നാൽ വളരെ വ്യക്തമായി, പരസ്യമായി പരി. ത്രിയേക ദൈവം തന്നെ തന്നെ വെളിപ്പെടുത്തുന്നത് പുതിയ നിയമത്തിൽ യേശുവിന്റെ സ്നാന സമയത്താണ്. "ജനം സ്നാനം സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ യേശുവും വന്ന് സ്നാനമേറ്റു. അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങി ആവസിച്ചു. സ്വർഗ്ഗത്തിൽനിന്ന് ഒരു സ്വരം ഉണ്ടായി. "നീ എന്റെ പ്രിയ പുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' (മത്താ.3:13-17, ലൂക്കോ. 3:21-22, മർക്കോ.1:9-11).

യേശുവിന്റെയും അപ്പോസ്തോലന്മാരുടേയും ചില പ്രസ്താവനകൾ പരി. ത്രിത്വത്തിലേക്ക് വിരൽ ചൂണ്ടുന്നു.

"ആ സമയം തന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് അവൻ പറഞ്ഞു... എല്ലാ കാര്യങ്ങളും പിതാവ് എന്നെ ഏൽപ്പിച്ചിരിക്കുന്നു; പുത്രനാരെന്ന് പിതാവല്ലാതെ ആരും ഗ്രഹിക്കുന്നില്ല. പിതാവാരെന്ന് പുത്രനും, പുത്രൻ ആർക്ക് വെളിപ്പെടുത്താനാഗ്രഹിക്കുന്നോ അവനും അല്ലാതെ മറ്റാരും ഗ്രഹിക്കുന്നില്ല. (ലൂക്കോ.10:21-22).

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വത്തിന്റെ പിതാവുമായവൻ ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ നിങ്ങൾക്ക് പ്രദാനം ചെയ്തുകൊണ്ട് തന്നെക്കുറിച്ചുള്ള പൂർണ്ണമായ അറിവിലേക്ക് നിങ്ങളെ നയിക്കട്ടെ. (എഫേ. 1:17).

ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും പിതാവിൽനിന്ന് പരിശുദ്ധാത്മാവിന്റെ വാഗ്ദാനം സ്വീകരിക്കുകയും ചെയ്ത അവൻ ഈ ആത്മാവിനെ വർഷിച്ചിരിക്കുന്നു (അപ്പോ. 2:33).

"ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും ആത്മാവ് ഒന്നു തന്നെ. ശുശ്രൂഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും കർത്താവ് ഒന്നു തന്നെ പ്രവർത്തികളിൽ വൈവിധ്യം ഉണ്ടങ്കിലും എല്ലാവർക്കും എല്ലാറ്റിലും പ്രചോദനം നൽകുന്ന ദൈവം ഒന്നുതന്നെ. (1.കൊരി. 12:4-6).

"കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ." (2. കൊരി. 13:13-14).

ചുരുക്കത്തിൽ തിരുവചനം വ്യക്തമാക്കുന്നു ദൈവം ഒന്ന്, ആ ദൈവത്തിൽ നിന്നു പുറപ്പെട്ട പുത്രനും പരിശുദ്ധാത്മാവും ഉണ്ട്. പിതാവിൽനിന്നു പുറപ്പെട്ടതിനാൽ പുത്രനും പരിശുദ്ധാത്മാവും പിതാവിനോടൊപ്പം ദൈവമാണ്. അപ്പോൾ സത്യേക ദൈവം എന്നു പറയുന്നത് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമാണ്.

# ഹാ മരണമേ നിന്റെ ജയമെവിടെ.......???

സീമ തോമസ്, കന്നിയേൽ, റാന്നി

മരണം, ആ വാക്കിനു തന്നെ വേദനയുടെ ഗന്ധമാണ്. ജീവിതത്തിന്റെ, പ്രതീക്ഷയുടെ, ശുഭാപ്തി വിശ്വാസത്തിന്റെയെല്ലാം തിരശ്ശീല വീഴുന്ന ദിനം. മരണത്തിന്റെ ഇരുൾ വീണ പാതകളെ ഭയപ്പെടുന്നവരാണ് നാം. എന്നാൽ സങ്കീർത്തനം 23:4 ൽ നാം ഏറ്റുപറയുന്ന ഒരു സത്യമുണ്ട് "മരണത്തിന്റെ ഇരുൾ വീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും ഒരു അനർത്ഥവും എനിക്ക് ഭവിക്കുകയില്ല, നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ". ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ മരണപ്പെട്ട അവസ്ഥയിലേയ്ക്ക് നമ്മെ നയിക്കുന്ന എത്രയോ അവസ്ഥകൾ ഉണ്ടാവാറുണ്ട്. എന്നാൽ ആ സന്ദർഭങ്ങളിലെല്ലാം നമ്മെ കൈപിടിച്ചു നടത്തുന്ന ഒരുകരമുണ്ട് എന്ന സത്യം നാം മനസ്സിലാക്കണം.

പാതാള വാതിലുകൾ തകർത്ത് മരണത്തേപ്പോലും അതിജീവിച്ച് ഉയർത്തെഴുന്നേറ്റ നമ്മുടെ നാഥൻ നമുക്ക് തരുന്ന വലിയ ഒരു ഉറപ്പുണ്ട്. ആ ഉറപ്പാണ് യെശയ്യ 45:2 "ഞാൻ നിനക്ക് മുമ്പായി ചെന്ന് ദുർഘടങ്ങളെ നിരപ്പാക്കുകയും, താമ്രവാതിലുകളെ തകർത്ത് ഇരുമ്പോടാമ്പലുകളെ ഖണ്ഡിക്കുകയും ചെയ്യും". നമ്മുടെ ജീവിതത്തിലെ താമ്രവാതിലുകളോളം ബലമുള്ള പ്രശ്നങ്ങളേയും ഇരുമ്പോടാമ്പലുകളോളം ഉറപ്പുള്ള പ്രതിസന്ധികളെയും തച്ചുടയ്ക്കാൻ നമുക്ക് മുമ്പേ പോകുന്ന ഒരു ദൈവമുണ്ട്. ആ ദൈവം മരണത്തേപ്പോലും അതിജീവിച്ചവനാണ്, കരയുന്ന കാക്കകുഞ്ഞുങ്ങൾക്കും ആഹാരം കൊടുക്കുന്നവനാണ്, തന്റെ രൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചവനാണ്. ഉണ്ടാകട്ടെ എന്ന് പറഞ്ഞ് ഈ ഭൂമിയിലെ ആഴിയേയും ആഴങ്ങളേയും നിർമ്മിച്ചവനാണ്. മരണത്തിന്റെ പാതാള ബന്ധനങ്ങളെപ്പോലും പൊട്ടിച്ചെറിയുവാൻ കഴിയുന്നവനാണ് നമ്മുടെ കർത്താവെന്ന് ഉദ്ഘോഷിക്കുന്ന അദ്ധ്യായമാണ് വി. യോഹന്നാൻ എഴുതിയ സുവിശേഷം 11 ന്റെ 1 മുതലുള്ള വാക്യങ്ങൾ.

മരണത്തിനു കീഴടങ്ങിയ ലാസർ എന്ന യുവാവിന്റെ തിരിച്ചുവരവ് നമ്മുടെ പ്രതീക്ഷകൾക്ക് നിറം നൽകുന്ന വലിയൊരു അത്ഭുതമാണ്. ലാസർ അസുഖ ബാധിതനായി കിടക്കുന്നു എന്ന കാര്യം കർത്താവ് അറിഞ്ഞിട്ടും ആ സ്ഥലത്തുതന്നെ രണ്ട് ദിവസങ്ങൾ കൂടി പാർത്തു. യേശു ലാസറിനേയും സഹോദരിമാരായ മാർത്തയേയും മറിയയേയും വളരെയധികം സ്നേഹിച്ചിരുന്നു. എങ്കിലും ആ സമയത്തു തന്നെ ലാസറിന്റെ അടുത്തേക്ക് മശിഹാ വന്നില്ല. നാം ഓരോരുത്തരും ചില ജീവിത നിയോഗങ്ങൾ ഉദ്ദേശിച്ച സമയത്ത് നടന്നില്ല എന്ന കാര്യത്തിൽ ഭാരപ്പെടുന്നവരല്ലേ? എന്നാൽ ആഗ്രഹിക്കുന്നതിനേക്കാൾ മേൽത്തരമായ വിരുന്ന് നമ്മുടെ രക്ഷകൻ നമുക്കായി ഒരുക്കുകയാണ്.


ലാസർ മരിച്ചിട്ട് നാലു ദിവസത്തിനുശേഷം യേശു ലാസറിന്റെ ഭവനത്തിലെത്തി. അപ്പോൾ മാർത്തയും മറിയയും അവിടെ ഉണ്ടായിരുന്നു. അവരുടെ വിലാപത്തിന്റെ തീവ്രത കണ്ട്. അവരോടുകൂടെ കരയുന്ന യേശുവിന്റെ മുഖം നമുക്ക് പിന്നീടുള്ള ഭാഗങ്ങളിൽ ദർശിക്കാം. കരയുന്നവനോടുകൂടെ കരയുന്ന നമ്മുടെ കർത്താവിന്റെ ചിത്രം ഇവിടെ നമുക്ക്



കാണുവാൻ സാധിക്കും. ലാസർ തിരിച്ചു വരും എന്നുറപ്പുണ്ടായിരുന്നിട്ടും ആ സഹോദരിമാരുടെ കണ്ണീർക്കണങ്ങൾ ആ സ്നേഹ സ്വരൂപന്റെ ഹൃദയത്തെ ചുട്ടുപൊള്ളിച്ചു. ജീവിതത്തിലെ പലവിധ ഭാരത്താലും, പ്രയാസത്താലും, നെടുവീർപ്പാലും ഉഴലുന്ന ഹൃദയവുമായി നമ്മുടെ കർത്താവിന്റെ ആണിപ്പഴുതുള്ള കരത്തിൻ കീഴിലേയ്ക്ക് നാം ചേർന്നിരിക്കുമ്പോൾ നമ്മുടെ ദുഃഖഭാരങ്ങളുടെ മുന്നിലും ഉരുകുന്ന ഉള്ളം നമ്മുടെ കർത്താവിനുണ്ട് എന്നുള്ള സത്യം ഓരോ ക്രൈസ്തവനും മനസ്സിലാക്കേണ്ടതാണ്.

ലാസറെ പുറത്തുവരിക എന്ന ഒറ്റ കല്പനയാൽ മരിച്ചു നാലു ദിവസമായി കല്ലറയിൽ അടക്കം ചെയ്യപ്പെട്ട ഒരാളെ തിരിച്ചും ജീവനിലേയ്ക്ക് പ്രവേശിപ്പിച്ച നമ്മുടെ കർത്താവ് എത്രയോ ഉന്നതനാണ്. ആ കരങ്ങളിൽ നമ്മുടെ എല്ലാ ആകുലതകളും നമുക്ക് കൊടുക്കാം. അവിടുന്ന് അറിയുന്നുണ്ട് എല്ലാം. ദൈവം അനുഗ്രഹിക്കട്ടെ.

പുതിയ തലമുറയ്ക്ക് മാർഗ്ഗദീപ–മാകാവുന്ന ശ്രീ.കെ. എം. പുന്നൂസിന്റെ ആത്മകഥ




2023 മെയ് മാസത്തിൽ ധരണി ബുക്സ് സംശോധന ചെയ്ത് പ്രകാശിപ്പിക്കുന്നു.

# ജീവിതം ഒരു നേർക്കാഴ്ച

## കെ.എം.പുന്നൂസ്

- വിവിധ രാജ്യങ്ങളിലെ പ്രവാസ ജീവിതത്തിൽനിന്ന് വിജയമന്ത്രങ്ങൾ ഗ്രഹിച്ച അന്യൂന വ്യക്തിത്വം.
- മാതൃകാപരവും വിശുദ്ധവുമായ ഗാർഹസ്ഥ്യ ജീവിതത്തിൽ ഉയർന്ന വിജയം കൊയ്തെടുത്ത കുടുംബനാഥൻ.
- മക്കളെ ചിട്ടയാർന്ന അഭ്യസനത്തിലൂടെ വിശ്വ പൗരത്വത്തോളം എത്തിക്കുന്നതിൽ വിജയം വരിച്ച മാതൃകാ പിതാവ്.
- വ്യാപാര വ്യവസായ രംഗങ്ങളിൽ കൃത്യതയാർന്ന പ്രവർത്തനത്തിലൂടെ നേട്ടങ്ങൾ സ്വന്തമാക്കിയ ശ്രേഷ്ഠ വ്യക്തിത്വം.
- 'യൂണിയൻ ബ്ലോക്ക്സ് ' എന്ന വ്യവസായ സ്ഥാപനത്തിലൂടെ മധ്യതിരുവിതാംകൂറിൽ നിർമ്മാണ മേഖലയിൽ മാറ്റത്തിന്റെ കാറ്റു വിതച്ച സംരംഭകൻ.
- അനേകർക്ക് തൊഴിൽദാതാവായി നില നിന്നുകൊണ്ട് മനുഷ്യസ്നേഹത്തെ പ്രവൃത്തിയിലൂടെ സാക്ഷാത്ക്കരിച്ച മഹത് വ്യക്തിത്വം.
- സാമുദായിക-സാമൂഹ്യ മേഖലകളെ ചൈതന്യ ധന്യമാക്കിക്കൊണ്ട് വാർദ്ധക ദശയിലും പ്രവർത്തന നിരതനായിരിക്കുന്ന നിസ്വാർത്ഥ സേവകൻ.

DHARANI BOOKS | ധരണി ബുക്സ്, കുളനട,
ഫോൺ: 9744478886, 9447011585, 9400296324

# "ദൈവം വിൽക്കപ്പെടുന്നു, വിശ്വാസവും"

റ്റി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

അടിക്കടി പ്രശ്നങ്ങളാൽ ഭാരപ്പെട്ടുകൊണ്ടിരുന്ന എന്റെ ഒരു സുഹൃത്തിന്റെയൊപ്പം പത്തനംതിട്ട ജില്ലയിലുള്ള ഒരു ധ്യാനകേന്ദ്രത്തിൽ കടന്നുപോകാൻ എനിക്ക് ഇടയായി. പ്രസ്തുത ധ്യാനകേന്ദ്രത്തിലെ ബഹു. വൈദികൻ എന്റെ സുഹൃത്തിന്റെ പ്രശ്നങ്ങൾ ക്ഷമയോടെ കേട്ടിരുന്നു. എന്നോടു പുറത്ത് ഇരിക്കുവാനും നിർദ്ദേശിച്ചു. ഏകദേശം അരമണിക്കൂറിനുശേഷം പുറത്തിറങ്ങിവന്ന സുഹൃത്തിനെ ബഹു. വൈദികൻ ഒരു ധ്യാനഗുരുവിന്റെ അടുത്തേക്കയച്ചു. അവിടെയും എന്റെ സ്ഥാനം മുറിക്കു പുറത്തുതന്നെ ആയിരുന്നു. മുക്കാൽ മണിക്കൂറുകൾക്കുശേഷം കൗൺസിലിംഗ് കഴിഞ്ഞു മടങ്ങിയെത്തിയ എന്റെ സുഹൃത്തിന്റെ മുഖത്ത് വല്ലാത്ത മ്ലാനത. കാര്യം അന്വേഷിച്ചപ്പോൾ പ്രശ്നപരിഹാരത്തിനായി മുപ്പതു കുർബ്ബാനയക്കുള്ള പണം അവിടെ അടയ്ക്കണം എന്ന് ബ്രദർ നിർദ്ദേശിച്ചു എന്ന് അറിയാൻ കഴിഞ്ഞു. അതിന് ഇത്രമാത്രം നീ വിഷമിക്കുന്നത് എന്തിന് എന്ന് സുഹൃത്തിനോടു ചോദിച്ചപ്പോൾ അവന്റെ കണ്ണുകൾ ഈറനണിഞ്ഞു. ആ കുർബ്ബാനയ്ക്ക് 300/- രൂപ പ്രകാരം മുപ്പതു കുർബ്ബാനയ്ക്ക് ഒമ്പതിനായിരം രൂപയും അവിടെ പണിയുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിലേയ്ക്ക് ഉദാരമായ സംഭാവനയും നൽകണം എന്നു കേട്ടപ്പോൾ ആ പാവം പാടെ തകർന്നുപോയി. അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ട് ഞാൻ പറഞ്ഞു, നമ്മുടെ പള്ളിയിൽ ഒരു കുർബ്ബാനയ്ക്ക് അഞ്ചു രൂപ മാത്രം ഈടാക്കുമ്പോൾ നമുക്ക് നമ്മുടെ പള്ളിയിൽ കുർബ്ബാനയ്ക്ക് പണം നൽകിയാൽ മതിയല്ലോ, അതിന് നൂറ്റമ്പതു രൂപയിൽ കൂടുതൽ ചിലവു വരില്ലല്ലോ. എന്റെ കൂട്ടുകാരനുമൊത്ത് ഞാനും ചേർന്ന് കൗൺസിലിംഗ് നടത്തിയ ബ്രദറിന് കണ്ട് കാര്യം പറഞ്ഞു, ഒമ്പതിനായിരം രൂപ കുർബ്ബാനയും, പുറമേ സംഭാവനയും നൽകത്തക്ക സാമ്പത്തിക സ്ഥിതിയിൽ അല്ല എന്റെ സുഹൃത്ത് എന്നും, നൂറ്റി അമ്പതു രൂപയിൽ ഞങ്ങളുടെ പള്ളിയിൽ മുപ്പതു കുർബ്ബാന ചൊല്ലിക്കാൻ കഴിയും എന്നും, അതുചെയ്താൽ പോരെ എന്നും ഞാൻ ചോദിച്ചപ്പോൾ, ക്ഷുഭിതനായ കൗൺസിലിംഗ് ബ്രദർ തന്റെ കസ്സേരയിൽ നിന്നും ചാടി എണീറ്റ്, പരുഷവാക്കുകൾ പറഞ്ഞുകൊണ്ട് ഞങ്ങളെ മുറിക്കു പുറത്താക്കി. ദൈവത്തിനു കൊടുക്കാൻ അല്ലെ നിനക്കൊക്കെ തികയാത്തത്, ആശുപത്രിയിൽ കൊടുക്കാൻ ലക്ഷങ്ങൾ വേണമെങ്കിലും നിന്റെ ഒക്കെ പക്കൽ ഉണ്ടാകും. നോക്കിക്കോ ഇപ്പോൾ നീ ഒക്കെ അനുഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ ഇരട്ടി ഇനി അനുഭവിക്കാൻ പോകുന്നതേ ഉള്ളൂ തുടങ്ങി അണമുറിയാത്ത ശാപവാക്കുകൾ ഞങ്ങൾക്കു നേരെ ആ ബ്രദർ വർഷിച്ചു. ഒരു ദൈവ ദാസനിൽ നിന്നും പ്രതീക്ഷിക്കാത്ത ഇത്തരം ശാപവാക്കുകൾ കേട്ടപ്പോൾ പ്രതികരിക്കാതിരിക്കാനായില്ല. വിധവയുടെ ചില്ലിക്കാശ് സ്വീകരിച്ച അവൾ എല്ലാവരിലും ഏറെ ദൈവത്തിനു കൊടുത്തു എന്ന് അവളെക്കുറിച്ച് സാക്ഷ്യം പറഞ്ഞ ദൈവം, ഒമ്പതിനായിരം രൂപ അടച്ചെങ്കിലെ പ്രസാദിക്കൂ? ഹൃദയം നുറുങ്ങിയവർക്കല്ലെ യഹോവ സമീപസ്ഥൻ, മനസ്സുതകർന്നവരെ അല്ലെ അവിടുന്നു രക്ഷിക്കുക, ഇതല്ലെ ദൈവവചനം. കേവലം സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി യാതനകളും, കഷ്ടങ്ങളും അനുഭവിക്കുന്നവരെ, വറചട്ടിയിൽ വീണു വറുക്കുന്ന ഈ മനോഭാവം ഏതു ക്രൈസ്തവീയതയുടെ ഭാഗമാണ്? വേദനിക്കുന്നവൻ തെല്ല് ആശ്വാസം തേടി ദൈവാലയങ്ങളിലും, ധ്യാന കേന്ദ്രങ്ങളിലും എത്തുമ്പോൾ അവരുടെ രക്തം ഊറ്റിക്കുടിക്കുന്ന യക്ഷികളായി മാറുന്ന ആത്മീയതാ വില്പനക്കാരായ നിങ്ങളെയൊക്കെ, ഇന്ന് യേശു ഭൂമിയിൽ മനുഷ്യരൂപത്തിൽ ഉണ്ടായിരുന്നു എങ്കിൽ ചാട്ടവാറിന് അടിക്കുമായിരുന്നു എന്നു പറഞ്ഞാണ് ഞങ്ങൾ അവിടം വിട്ടിറങ്ങിയത്. സമാനങ്ങളായ നിരവധി സംഭവങ്ങൾ വർത്തമാനകാലത്ത് നാം കണ്ടുകൊണ്ടും, കേട്ടുകൊണ്ടും ഇരിക്കുകയല്ലെ? പലരേയും പ്രലോഭിപ്പിച്ച്, അടിസ്ഥാന വിശ്വാസത്തിൽ നിന്നും വ്യതിചലിപ്പിച്ചു കൊണ്ടുപോയി. ചിലർ പുതിയ സഭ സ്ഥാപിക്കുന്നു, അതിന്റെ അമരക്കാരായിരുന്ന് കോടികൾ സമ്പാദിക്കുന്നു. ആർഭാഢജീവിതം നയിക്കുന്നു. ഇവിടെ എല്ലാം ഉപയോഗിക്കുന്നത് ദൈവത്തിന്റെ നാമം എന്നത് ഏറെ ദുഃഖത്തോടെ കാണേണ്ടി വരുന്നു. ദൈവത്തെ വിൽക്കുന്നവരും, ദൈവത്തെ വാങ്ങുന്നവരും ഇന്ന് സമൂഹത്തിൽ നിരവധിയാണ്.ഇതിലൊന്നും ദൈവത്തിന് പങ്കില്ല എന്നത് ഏറെ ശ്രദ്ധേയവും. ഏതൊരു വിശ്വാസത്തിൽ ദൈവം നമ്മെ ആക്കിയിരിക്കുന്നോ, ആ വിശ്വാസത്തിൽ നാം വിശ്വസ്തരായി തുടരുമ്പോൾ നമ്മുടെ ആവശ്യങ്ങളെ ആഗ്രഹങ്ങളെ ദൈവം തക്കസമയത്ത് മാനിക്കും. വിശ്വാസത്തോടെ സാറാ കാത്തിരുന്ന് വാഗ്ദത്തം പ്രാപിച്ചു. ബലിയർപ്പിക്കാൻ കടന്നുപോയപ്പോൾ യിസഹാക്ക് അബ്രഹാമിനോടു ചോദിച്ചു 'അറപ്പാനുള്ള ആട് എവിടെ'? അബ്രഹാം മറുപടി നൽകി യഹോവ കരുതിക്കൊള്ളും. ദൈവം നമുക്കായി നന്മ കരുതി വച്ചിട്ടുണ്ടെങ്കിൽ അത് ആരാലും നമ്മിൽ നിന്നും അപഹരിക്കപ്പെടില്ല. ജീവിതത്തിൽ ദൈവം കഷ്ടതകൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് ദൈവനാമ മഹത്വത്തിനായി ദൈവം നമ്മുടെ ജീവിതത്തിൽ അനുവദിച്ചതാണ് എന്ന് വിശ്വസിച്ച് ഏറ്റെടുക്കുവൻ നാം തയ്യാറാകണം. മിന്നുന്നതെന്തും പൊന്നാണ് എന്നു കരുതി, അതിന്റെ പിന്നാലെ നാം പോകുന്നു എങ്കിൽ അത് നമ്മുടെ ജീവിതത്തിൽ കൈപ്പുള്ള അനുഭവം സമ്മാനിക്കും. ക്രിസ്ത്യാനിയുടെ ജീവിതം പ്രതിസന്ധി നിറഞ്ഞതാണ്. അത് തരുണം ചെയ്യാൻ കൃപക്കായി വേണം നാം പ്രാർത്ഥിക്കാൻ. ഇരുട്ടി വെളുക്കും മുമ്പേ, നമ്മുടെ പ്രശ്നങ്ങൾ, സാമ്പത്തിക സ്ഥിതി, രോഗങ്ങൾ ഒന്നും മാറ്റിത്തരാൻ ഒരു ജാലവിദ്യക്കുമാകില്ല, ക്ഷമയോടെ വിശ്വാസത്തോടെ, പ്രാർത്ഥനയോടെ, ദൈവീക പദ്ധതികൾ ദൈവഹിതപ്രകാരം നമ്മിൽ നിറവേറാൻ കാത്തിരിക്കാം. ഒരിക്കൽ അത് നിറവേറുകതന്നെ ചെയ്യും.




# ജോൺ. എഫ്. കെന്നഡി - പ്രഗത്ഭനായ അമേരിക്കൻ പ്രസിഡണ്ട്

എബി

പ്രശസ്തരായ പല ഭരണ കർത്താക്കളും അധികാരത്തിലിരിക്കുമ്പോൾ തന്നെ കൊല്ലപ്പെട്ടിട്ടുണ്ട്. ഏബ്രഹാം ലിങ്കൺ, ഇന്ദിരാഗാന്ധി, ജോൺ കെന്നഡി, ഷെയ്ക്ക് മുജിബൂർ റഹ്മാൻ ഈ പ്രമുഖരെല്ലാം ആ ഗണത്തിൽ പെടുന്നു. എന്നാൽ ചെറിയൊരു കാലഘട്ടത്തിനിടയിൽ തന്റെ രാജ്യത്തിനും ജന നന്മയ്ക്കുമായി വിപ്ലകരമായ പല ഭരണ പരിഷ്ക്കാരങ്ങളും നടപ്പാക്കുന്നതിനിടയിൽ ദാരുണമായി വധിക്കപ്പെട്ട മറ്റൊരു ഭരണാധികാരി ഉണ്ടെന്ന് തോന്നുന്നില്ല. അദ്ദേഹമാണ് മുപ്പത്തിയഞ്ചാമത്തെ അമേരിക്കൻ പ്രസിഡണ്ടായിരുന്ന ജോൺ എഫ് കെന്നഡി. ഇൻഡ്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി സ്വന്തം സുരക്ഷാ ഭടന്മാരുടെ വെടിയേറ്റു വീണപ്പോൾ കെന്നഡിയുടെ ഘാതകൻ മറഞ്ഞിരുന്ന ഒരു കൊലയാളിയായിരുന്നു. ഇരുവരും കർമ്മ ഭൂമിയിൽതന്നെ രക്തസാക്ഷികളായി.

J.F.K. എന്ന ഇനിഷ്യലിൽ അറിയപ്പെടുന്ന കെന്നഡിയുടെ മുഴുവൻ പേര് ജോൺ ഫിറ്റ്സ് ഗെറാൾഡ് കെന്നഡി എന്നാണ്. ജോൺ എഫ്. കെന്നഡിയ്ക്ക് മറ്റു ചില പ്രത്യേകതകൾ കൂടിയുണ്ടായിരുന്നു. തെരഞ്ഞെടുപ്പിലൂടെ പ്രസിഡണ്ട് പദവിയിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ പ്രസിഡണ്ടായിരുന്നു അദ്ദേഹം. കത്തോലിക്ക സഭയിൽനിന്നും പ്രസിഡണ്ടാകുന്ന ആദ്യത്തെ വ്യക്തിയും കെന്നഡിതന്നെ. ഒരർത്ഥത്തിൽ അദ്ദേഹത്തിന് വിനയായതും അതുതന്നെ. എങ്ങനെയായാലും അസാമാന്യ നൈപുണ്യമുള്ള സമർത്ഥനായ ഒരു ഭരണാധികാരിയായിരുന്നു ജോൺ കെന്നഡി.



ധനം കൊണ്ടും രാഷ്ടീയ പാരമ്പര്യം കൊണ്ടും സമ്പന്നമായ ഒരു കുടുംബത്തിലാണ് ജോൺ എഫ്. കെന്നഡി ജനിച്ചത്. 1917 മെയ് 29ന് അമേരിക്കയിലെ ബ്രൂക്ക്ലിനിൽ ജോസഫ് പാട്രിക്ക് കെന്നഡിയുടെയും റോസ് ഫിറ്റ്സ്ഗെദാൾഡ് കെന്നഡിയുടെയും മകനായിട്ടാണ് ജോൺ കെന്നഡി ജനിച്ചത്. 1961 ജനുവരി 20-ന് അമേരിക്കയുടെ 35-ാം മത്തെ പ്രസിഡണ്ടായി ജോൺ എഫ് കെന്നഡി അധികാരമേറ്റു. പ്രതിസന്ധികളുടെ കാലമായിരുന്നു അത്. സോവിയറ്റ് റഷ്യ, ചൈന, ക്യൂബ എല്ലാം വലിയ വെല്ലുവിളികളായി. അതിനെയൊക്കെ തന്ത്രപരമായി അതിജീവിച്ച് ആദ്യ ന്യൂക്ലീയർ വെപ്പൺ ട്രെറ്റി 1963- ൽ ഒപ്പുവച്ചു. മനുഷ്യനെ ചന്ദ്രനിൽ ഇറക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചു. ജനങ്ങളുടെ നിയമപരമായ അവകാശങ്ങളെ പരിരക്ഷിച്ചു. കെന്നടിയുടെ വാക്കുകളായിരുന്നു ഇവ. 'Let us never negotiate out of fear. But let us never fear to negotiate.

വളരെ ചെറിയ ഒരു കാലഘട്ടത്തിലാണെങ്കിലും മികച്ച ഭരണം കാഴ്ചവയ്ക്കാൻ കെന്നഡിക്കു കഴിഞ്ഞു.

കെന്നഡി രചിച്ച പുസ്തകങ്ങളിൽ പ്രധാനപ്പെട്ടതാണ് - The Profiles in Courage. അതിന് പുലിസ്റ്റർ പുരസ്ക്കാരം ലഭിച്ചു.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. നവംബർ 22-1963 (അമേരിക്കയുടെ ദുഃഖം) ഡാളസിലെ ഡെയ്ലി പ്ലാസായിലൂടെ മോട്ടോർ കേഡിൽ യാത്ര ചെയ്യുമ്പോൾ ജോൺ എഫ് കെന്നടിക്ക് വെടിയേറ്റു. കൂടെ ജാക്വലിനും ഗവർണർ ജോൺ കൊനാലിയും ഉണ്ടായിരുന്നു. പാർക്ക് ലാൻഡ് മെമ്മോറിയൻ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയെങ്കിലും മുപ്പതു മിനിറ്റ് കഴിഞ്ഞപ്പോൾ U.S. ന്റെ 35-ാം മത്തെ പ്രസിഡണ്ട് ജോൺ F കെന്നഡി അന്തരിച്ചതായി ലോകം അറിഞ്ഞു. വൈസ് പ്രസിഡണ്ട് ലിൻഡൺ. B. ജോൺസർ പിന്നീട് പ്രസിഡണ്ടായി ചാർജെടുത്തു.

കർമ്മധീരനും ഊർജസ്വലനും യുവാവുമായിരുന്ന ജോൺ F. കെന്നടിയുടെ മരണം വലിയൊരു ഗൂഢാലോചനയുടെ ഫലമായിരുന്നെന്ന് ഭൂരിപക്ഷം അമേരിക്കർ ഇന്നും വിശ്വസിക്കുന്നു.

1963 നവംബർ 25 ന് അദ്ദേഹത്തെ വാഷിംഗ്ടൺ D.C. യിലെ സെന്റ് മാത്യൂസ് കത്തിഡ്രലിൽ അടക്കം ചെയ്തു.

ജോണിനെ കൂടാതെ നാലു സഹോദരങ്ങൾകൂടി അദ്ദേഹത്തിനുണ്ടായിരുന്നു. അതിൽ അമേരിക്കയുടെ അറ്റോർണി ജനറലായിരുന്ന റോബോർട്ട് കെന്നഡിയും ജോണിനെ പോലെ തന്നെ വെടിയേറ്റു കൊല്ലപ്പെടുകയായിരുന്നു.

1953 ൽ ജാക്വലീൻ എന്ന യുവ സുന്ദരിയെ കെന്നഡി വിവാഹം കഴിച്ചു. ആ ദാമ്പത്യത്തിൽ നാലു കുട്ടികളുണ്ടായി- കരോളിൽ, കെന്നടി ജൂണിയർ, പാട്രിക് ബോവിയൻ, അരബെല്ല. ഇതിൽ പാട്രിക് ബോവിയന് രണ്ടു ദിവസത്തെ ആയുസുമാത്രമെ ഉണ്ടായിരുന്നുള്ളു.

ജോൺ. F കെന്നഡിയുടെ മരണശേഷം ജാക്വലിൻ ഗ്രീക്ക് കപ്പൽ പ്രഭുവായ അരിസ്റ്റോട്ടിൽ ഒനാസിസിനെ വിവാഹം ചെയ്തു. 1994 ൽ 65-ാം മത്തെ വയസിൽ മരിക്കുകയും ചെയ്തു.

ബ്രൂക്ക്ലിനിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഹാർവാഡ് കോളേജിൽ പഠിച്ച് സയൻസിൽ ഡിഗ്രിയെടുത്തു. അവിടെവച്ച് കെന്നഡിക്ക് അദ്ദേഹത്തിന്റെ സീനിയർ തിസിസിന് നാല്പതിനായിരം ഡോളറിന്റെ സമ്മാനം കിട്ടി. പിന്നീട് ലണ്ടൻ സ്ക്കൂൾ ഓഫ് എക്കണോമിക്സ് & പൊളിറ്റിക്കൽ സയൻസിലും പഠിച്ചു. 1941 - ൽ യു.എസ്. നേവിയുടെ ഇന്റലിജൻസ് വിഭാഗത്തിൽ ഓഫിസറായി.

29-ാം വയസിൽ കെന്നഡി രാഷ്ട്രീയത്തിൽ പ്രവർത്തിക്കാൻ തയ്യാറെടുത്തു. സ്വന്തം സംസ്ഥാനമായ മസാച്ചു സെറ്റ്സിൽ ഒരു സീറ്റ് ഒഴിവു വന്നപ്പോൾ അവിടെ മത്സരിച്ചു. മൂന്നു തവണ യു.എസ്. ഹൗസ് ഓഫ് റെപ്രസന്റേറ്റീവ്സിൽ ഡെമോക്രാറ്റിക് പാർട്ടിയെ പ്രതിനിധാനം ചെയ്തു. (1947-53)1953 മുതൽ 1960 വരെ ജൂണിയർ സെനറ്ററായി സേവനമനുഷ്ഠിച്ചു.

1960 ലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ റിച്ചാർഡ് നിക്സണെതിരായി മത്സരിച്ചു. അന്നത്തെ ടെലിവിഷൻ ഡിബേറ്റിൽ മികച്ച പ്രകടനം നടത്തി ജനശ്രദ്ധപിടിച്ചുപറ്റി. അന്ന് വൈസ് പ്രസിഡണ്ടായിരുന്ന നിക്സണെ തോല്പിച്ച് പ്രസിഡണ്ട് പദവിയിലെത്തി.

# മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ
## മാർ അപ്രേം സെമിനാരി, ചിങ്ങവനം
### നോട്ടീസ്

മാന്യരെ,

മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന്റെ ഒരു യോഗം താഴെപ്പറയുന്ന വിഷയങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന്, **2023 മെയ് 30 ചൊവ്വാഴ്ച രാവിലെ 10.30 ന്** മാർ അപ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ കൂടുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. ടി. അസ്സോസിയേഷൻ യോഗത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്



ചിങ്ങവനം,
01–05–2023

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
(അസോ. സെക്രട്ടറി)

## കാര്യപരിപാടി

1. പ്രാർത്ഥന, ധ്യാനം
2. അനുശോചനം
3. നോട്ടീസ് വായന
4. സത്യപ്രതിജ്ഞ
5. ക്നാനായ സമുദായത്തിന്റെ മേഖലകളിൽ ഭരണഘടനാ വിരുദ്ധമായി ഉടലെടുത്തിരിക്കുന്ന പ്രതിസന്ധികളും/പരിഹാര നിർദ്ദേശങ്ങളും
6. അസ്സോസിയേഷന്റെ അംഗീകാരത്തെ പ്രതീക്ഷിച്ചുകൊണ്ട് ക്നാനായ കമ്മറ്റിഎടുത്ത തീരുമാനങ്ങളുടെ അംഗീകാരം
7. പ്രമേയങ്ങൾ, ചോദ്യോത്തരങ്ങൾ
8. 2019-2020, 2020-2021, 2021-2022 വർഷങ്ങളിലെ സമുദായ വാർഷിക റിപ്പോർട്ട്, വരവ്ചെലവ് കണക്കുകൾ, ബാക്കിപത്രം

(a) വൈദികശമ്പള നിധി 2019-2020, 2020-2021, 2021-2022 വർഷത്തെ വരവ്ചെലവ് കണക്ക്, ബാക്കിപത്രം
(b) വൈദികക്ഷേമ നിധി
(c) എഡേസ്സാ തോട്ടം ,,
(d) വാഴയിൽ റ്റി. ഏബ്രഹാം മെമ്മോറിയൽ കുല്പമല തോട്ടം,,
(e) കാനാതോമ്മാ ഹോസ്റ്റൽ ,,
(f) ക്നാനായ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കോട്ടയം ,,
(g) ക്നാനായ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, വടപുറം ,,
(h) ക്നാനായ നേഴ്സറി സ്ക്കൂൾ, ചിങ്ങവനം ,,
(i) ക്ലീമ്മീസ് സ്ക്കൂൾ, ചിങ്ങവനം ,,
(j) ക്ലീമ്മീസ് സ്ക്കൂൾ ഗവേണിംഗ് ബോർഡ് ചിങ്ങവനം ,,
(k) ക്നാനായദീപം ,,
(l) ക്ലീമ്മീസ് പ്രസ്സ് ,,
(m) വാഴയിൽ ചാച്ചിക്കുട്ടി ഏബ്രഹാം മെമ്മോറിയൽ ക്നാനായ സെന്റർ വെളിയനാട് ,,
(n) ഫാമിലി ഡയറക്ടറേറ്റ് ,,
(o) ക്നാനായ ബുക്ക് സെന്റർ ,,
(p) നസ്രേത്ത് കോളേജ് ഓഫ് ഫാർമസി ,,
(q) നസ്രേത്ത് ആശ്രമം ,,
(r) ക്നാനായ കോൺഗ്രസ് ,,
(s) ക്നാനായ സുവിശേഷ സമാജം ,,

9. പ്രസിഡന്റ് അനുവദിക്കുന്ന മറ്റ് ഇതരവിഷയങ്ങൾ




## വരനെ ആവശ്യമുണ്ട്

**M. 730**

B.Sc Dialysis Tech. ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (24/158 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (നേഴ്സുമാർക്ക് മുൻഗണന) Ph: 9746998477

**M. 731**

നാട്ടിൽ B.Tech (Civil) കഴിഞ്ഞ് U.K യിൽ Master Degree പാസ്സായ ക്നാനായ യുവതിയ്ക്ക് (25/155cm) ദൈവഭയവും, വിദ്യാഭ്യാസ യോഗ്യതയും, U.K, U.S, Australia, Ireland, എന്നീ രാജ്യങ്ങളിൽ എവിയെങ്കിലും P.R. ഉള്ളതുമായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9447103754

**M. 732**

Knanaya parents invite proposals for their daughter (29) MBBS, currently doing PG in Anesthesia final year. Born and brought up outside Kerala. Seeking suitable alliance from parents of professionally qualified and God fearing boys.

Mob : 9136163365, 9818111327

**M. 733**

Knanaya parents invite proposals for their daughter (25/155cm) working in UK as a doctor. Seeking suitable alliance from parents of professionally qualified God fearing boys in UK/Europe.

Mob : 00447886935695, 0091 8547888629

**M. 734**

Knanaya parents invite proposals for their daughter (26/165cm) who is currently working as an architect (Asst. Manager) in a reputed firm in Bangalore. She completed her B.Arch from CAT and M.Arch from Christ University. Looking for a suitable alliance from parents of well qualified and God-fearing boys. Mob : 9447770873

**M. 735**

B.Sc Nursing. കഴിഞ്ഞ് UK ൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (Medical Field ൽ ഉള്ളവർക്ക് മുൻഗണ) Ph: 9446015655

**M. 736**

Knanaya Jacobite girl born and brought up in US, BS in health sciences, completing MS in Nurse practitioner program at the end of this year. 24 years, height 5' 5" seeking alliance from well educated Knanaya Jacobite/ Knanaya Catholic God fearing boys raised in US, Canada or Europe. If interested please contact via phone or email.

email -wedding2024pt@gmail.com

Phone - 9253376075, US 8891821951, India

**M. 737**

Seeking alliance for knanaya Jacobite women (25/ year). She lives in New York where she works as a physiotherapist (Pt). Suitable grooms preferred (Medical field and IT) Contact No: ABI K Thomas **+91 949 583-3897**

## വധുവിനെ ആവശ്യമുണ്ട്

**M. 738**

കുവൈറ്റിൽ പ്രശസ്തമായ കമ്പനിയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/170 cm, MBA) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph. 9741951024

**M.739**

B.Sc MRIT പഠിച്ച് ഡൽഹിയിൽ ഒരു പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/ 5'5") യൂറോപ്യൻ രാജ്യത്തിലോട്ടുള്ള പ്രോസസിംഗ് നടന്നുകൊണ്ടിരിക്കുന്നു. അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (B.Sc നേഴ്സുമാർക്ക് മുൻഗണന) Ph. +91 7558945636

**M. 740**

B.Tech കഴിഞ്ഞ് ജർമ്മനിയിൽ M.Sc Mech. Engineering ന് പഠിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നതും, വീട്ടിൽ സാമ്പത്തിക ഭദ്രതയുള്ളതുമായ ക്നാനായ യുവാവ് (27) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (IT Field ൽ ഉള്ളവർക്കും, B.Sc നേഴ്സുമാർക്ക് മുൻഗണന. Ph: 7025598918, 9048383610

**M .741**

Proposals are invited from the parents of Knanaya girls for a Knanaya boy (38/5'8") born and bought up in US (BA, Pyschology. B.Sc-Bio Medical Engineering) employed and well settled in US (New Jersy). The boy is visiting Kerala during 2nd half of July 2023.

Ph: 7034136172, 7907995013

**M. 742**

MCA കഴിഞ്ഞ് Techno park ൽ Software Engineer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/169cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9446280774, 0481-2566117

**M. 743**

M.B.A കഴിഞ്ഞ് MS പഠിച്ചതും UK ൽ ജോലി ചെയ്യുന്നതുമായ ക്നാനായ യുവാവ് (28) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (B.Sc നേഴ്സുമാർക്ക് മുൻഗണന)

Ph:7012815214

**M. 744**

B.Tech Mechanical Engineering പാസ്സായി UK ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/166 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9544338431, 9207552923

**M. 745**

Knanaya parents invite proposals for their son (27, 5'11'') Currently working as Engineer in a U.S. Company, after completing Masters in Engineering from USA. He Migrated to US in 2018 on Green Card . Seeking alliance from parents of Engineers or well educated girls. Ph: + 91 9495122847

**M. 746**

M.Com കഴിഞ്ഞ് സ്വന്തമായി മ്യൂസിക് ബാൻഡ് ഉള്ള (പ്രൊഫഷണൽ മ്യൂസിഷ്യൻ) ക്നാനായ യുവാവ് (28/173 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9048098248, 9447821980

**M. 747**

B.Sc ഹോട്ടൽ മാനേജ്മെന്റ് പാസ്സായതും, മെക്കാനിക്കൽ ഡിപ്ലോമാ പഠിച്ചതും ഇപ്പോൾ ദുബായിൽ GTG German Company ൽ സൂപ്പർവൈസറായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (32/163cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Mob: 9562850067

Whatapp +971568409233

**M. 748**

നാട്ടിൽ ബിസിനസ്സ് നടത്തുന്ന ക്നാനായ യുവാവ് (36) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.ബാധ്യതകൾ ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും. Mob: 9961024869, 9061578712

**M. 755**

B.Tech Civil കഴിഞ്ഞ് അബുദാബിയിൽ പ്രശസ്തമായ കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Mob: 9446902797

**M. 749**

MBA പാസ്സായി അമേരിക്കൻ കമ്പനിയിൽ (EY) Tax analyst ആയി Bangalore ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/177cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Mob: 9847367399, 9995051644

**M. 750**

Safety Officer ആയി ഖത്തറിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/178cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.(നേഴ്സുമാർക്ക് മുൻഗണന). Mob: +91 9447223805, +91 8075736687

**M. 751**

അബുദാബിയിൽ Instrumentation Engineer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/167 cm) ഇടത്തരം കുടുംബം. അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (മെഡിക്കൽ മേഖലയിലുള്ളവർക്ക് മുൻഗണന) Ph: 9947477736, 9656177736

## പുനർവിവാഹം

### വധുവിനെ ആവശ്യമുണ്ട്

**M. 752**

തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയ US ൽ പ്രശസ്തമായ ഒരു സോഫ്റ്റ്വെയർ കമ്പനിയിൽ സോഫ്റ്റ്വെയർ എഞ്ചിനിയറായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (32/5'6'') അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9447598219, 9446243932

**M. 753**

സഭാപരമായും നിയമപരമായും വിവാഹബന്ധം വേർപ്പെടുത്തിയതും GNM Nursing കഴിഞ്ഞ് ഇപ്പോൾ ജർമ്മനിയിൽ ജോലി ചെയ്യുന്നതുമായ ക്നാനായ യുവാവിന് (40/173cm) അനുയോജ്യരായ ഇടത്തരം കുടുംബത്തിലെ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9746408181, 8129194766

**M. 754**

ഭാര്യ മരിച്ചുപോയ ക്നാനായ യുവാവിന് (60/168 cm) നാട്ടിൽ സ്വന്തമായി ബിസിനസ്സ് നടത്തുന്നു. അനുയോജ്യരായ ദൈവഭയമുള്ള ബാധ്യതയില്ലാത്ത യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9946921862, 9605465077

## സ്കൂൾ - കോളജ് വിദ്യാർത്ഥികൾക്കു വേണ്ടി മോർ സേവേറിയോസ് പ്രസംഗമത്സരം

ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ കാലം ചെയ്ത ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 96–ാമത് ശ്രാദ്ധപെരുന്നാൾ 2023 ജൂൺ 10, 11 തീയതികളിൽ അദ്ദേഹം കബറടങ്ങിയിട്ടുള്ള കോട്ടയം സെന്റ്മേരീസ് ക്നാനായ വലിയപള്ളിയിൽ വെച്ച് സമുചിതമായി ആഘോഷിക്കുന്നു.

**ഇതിനോടനുബന്ധിച്ച് സ്കൂൾ – കോളജ് വിദ്യാർത്ഥികൾക്കു വേണ്ടി 'മലങ്കര സഭക്ക് ക്നാനായ കുടിയേറ്റം നൽകിയ സംഭാവന' എന്ന വിഷയത്തെ ആധാരമാക്കി മോർ സേവോറിയോസ് പ്രസംഗമത്സരം**

പ്രഥമ റൗണ്ട് മത്സരങ്ങൾ മേഖലാടിസ്ഥാനത്തിൽ താഴെപ്പറയുന്ന പള്ളികളിൽ വെച്ച് 2023 മെയ് 21, ഞായറാഴ്ച വിശുദ്ധകുർബാനക്ക് ശേഷം നടത്തപ്പെടുന്നതാണ്.

**റാന്നിമേഖല – റാന്നി സെന്റ് തോമസ് വലിയപള്ളി**
**കല്ലിശ്ശേരി മേഖല – കുറ്റൂർ സെന്റ്മേരീസ് ഊർശിലേം പള്ളി**
**ചിങ്ങവനം മേഖല – ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളി**

ഫൈനൽ റൗണ്ട് മത്സരങ്ങൾ 2023 ജൂൺ 4–ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനയെത്തുടർന്ന് കോട്ടയം വലിയപള്ളിയിൽ വെച്ച് നടത്തുന്നതാണ്. മേഖലാ മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് മാത്രമേ ഫൈനൽ റൗണ്ട് മത്സരങ്ങൾ പങ്കെടുക്കുവാൻ യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ.



ഫൗനൽ റൗണ്ട് മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന വിജയിക്ക് 10000 രൂപ ക്യാഷ് അവാർഡും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം 5000 രൂപയും 3000 രൂപയും ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും, മേഖലാമത്സരങ്ങളിൽ വിജയികളാവുന്നവർക്ക് യഥാക്രമം 3000, 2000, 1000 രൂപ ക്രമത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും ലഭിക്കുന്നതാണ്. മേഖലാ മത്സരങ്ങളിൽ അതത് മേഖലകളിൽ നിന്നും ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 15 പേർക്ക് മാത്രമേ പങ്കെടുക്കുവാൻ അവസരം ലഭിക്കുകയുള്ളൂ.

***മത്സരങ്ങളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 2023 മെയ് 19 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.***

**ഫാ. തോമസ് ഏബ്രഹാം മലേശ്ശേരിൽ, വികാരി, കോട്ടയം വലിയപള്ളി 9447411554**

**ജേക്കബ് പണിക്കർ, ജനറൽ കൺവീനർ 9447008255**

## സ്നേഹസ്മരണയ്ക്ക്

| 58 –ാം ചരമവാർഷികം<br>**21-09-2023** | 25 –ാം ചരമവാർഷികം<br>**19-03-2023** | 04 –ാം ചരമവാർഷികം<br>**12- 05 -2023** |
|---|---|---|
|  |  |  |
| **ഏശാവ്** | **ഉതുപ്പാൻ** | **ചിന്നമ്മ ഉതുപ്പാൻ** |

**ചാലുങ്കൽ വലിയപറമ്പ്**
**കുന്നങ്കരി, വെളിയനാട്**

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ

**സന്തപ്ത കുടുംബാംഗങ്ങൾ**

## 1 –ാം ചരമവാർഷികം

07–06–2023



## അമ്മിണി ഏബ്രഹാം

**നടുവിലേപ്പറമ്പിൽ, വടവാതൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## Ist Death Anniversary

15–05–2023



## കുഞ്ഞമ്മ ഏബ്രഹാം

**മുണ്ടപ്ലാക്കൽ, വടശ്ശേരിക്കര**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



## 1 –ാം ചരമവാർഷികം

29–05–2023

## JINCY GEORGE

**പുത്തൻപുരയ്ക്കൽ**

**ചിങ്ങവനം**

നിന്റെ ഓർമ്മകൾ ഇല്ലാത്ത ഒരു പുലരിയും ഞങ്ങൾക്കില്ല.
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40 – ാം ചരമദിനം

13 – 05 – 2023



Advt - S

# M. T. Abraham

**Mangalaveettil**
**Aythala, Ranni**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 15TH HAPPY BIRTHDAY TO OUR ANGEL IN HEAVEN



Advt -S

# LIDIYA ELVIS NELLICKAL

**Nellickal House, Vallamkulam, Thiruvalla**
**(26-05-2008)**

"Those we have held in our arms for a little while,
we hold in our hearts forever"

With love and hope
Elvis & Binu
Lesly, Lifin & Hanok
Leen



## 40 – ാം ചരമദിനം

14 – 05 – 2023

# T. M. Thomas (Joymon)

**തേക്കുമൂട്ടിൽ, വള്ളംകുളം**
**തിരുവല്ല**

Retd. Engineer P.W.D Govt. of Sikkim
Managing Director :-
1. Malabar Granite Metals, Palakkad
2. TST Ply Industries, Kunnamthanam
3. TTS Tubo Industries Pvt Ltd, Kunnamthanam

പ്രാർത്ഥനയോടെ
ഭാര്യ : സുജ തോമസ്
മക്കൾ : റ്റിന്റു തോമസ്, ഡോ. തേജ തോമസ്, തരുൺ തോമസ്
മരുമക്കൾ : മാത്യു എം. സി, മുണ്ടുകോട്ടക്കൽ
കുരുവിള മാത്യു (കാളിശേരിൽ)
കൊച്ചുമക്കൾ: ജോഷ്വാ, അയ്റ, ജോ അന

Advt -S

'കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Birthday in Heaven

16-05-2023



**കെ.ഐ. എബ്രഹാം**

**(കുഞ്ഞുമോൻ)**

**തെങ്ങടയിൽ**

**ചെല്ലക്കാട്, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O



## 1 – ാം ചരമവാർഷികം

01 – 06 – 2023



**മറിയക്കുട്ടി ചെറിയാൻ &**
**ചെറിയാൻ എബ്രഹാം**

**ഊരാക്കമണ്ണിൽ, വള്ളംകുളം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



| 35th Death Anniversary 05-12-2023 | 35th Death Anniversary 09-04-2023 | 3rd Death Anniversary 03-04-2023 | 26th Death Anniversary 30-05-2023 |
|---|---|---|---|





| **Abraham Kuruvilla** (Kuttappan) | **Sosamma Kuruvilla** (Kunjamma) | **Kunjamma Kuruvilla** (Kunjamma) | **A. S. Kuruvilla** (Kunju Baby) |
|---|---|---|---|

**Alencheril, Mazhukeer, Kallissery**

"Those who are righteous will be long remembered".

By Sorrowing Family

Advt - S

## Mrs. Saramma Stephen

**10th Year of Ascendancy to Heaven From This Transitorial Earthly Life**

21-05-2023



## Prof. K. C. Kuriakose

**13th Year of Passing Away From This Mortal Life on**

10th June 2023



*Inserted by*

**Valanjanthuruthil Family**

**Ranny**

**Kunnirickal House**

Advt -S

---

16 –ാം ചരമവാർഷികം
09–05–2023

28 –ാം ചരമവാർഷികം
04–08–2023



**കെ. റ്റി. ജോസഫ്** **ചിന്നമ്മ ജോസഫ്**

കണ്ണന്താനത്ത്, റാന്നി, വടശ്ശേരിക്കര

5 –ാം ചരമവാർഷികം
07–08–2023



**കെ.ജെ. ഏബ്രഹാം (തമ്പി)**

കണ്ണന്താനത്ത്, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## എട്ടാം ചരമവാർഷികം
15–05–2023

## ഒന്നാം ചരമവാർഷികം
27–05–2023



# ഇ. കെ. ഏബ്രഹാം
(കുഞ്ഞവറാച്ചൻ)

# മറിയാമ്മ ഏബ്രഹാം

# ഇടവഴിക്കൽ,
## ചിങ്ങവനം

ബൈജു ഏബ്രഹാം & ഷീജ, ഇടവഴിക്കൽ,
കാഞ്ഞിരപ്പള്ളി
ഷേർലി & ഫിലിപ്പ് ഏബ്രഹാം വാളംപറമ്പിൽ,
മഴുക്കീർ
ഷീബാ & Late എം. മാത്യു (ബാബു കിഴക്കേതിൽ),
തുരുത്തിക്കാട്

സൂസൻ & ജെഫേഴ്സൺ ജോസഫ്, ആഞ്ഞിലിമൂട്ടിൽ,
റാന്നി
ഷാർലറ്റ് & ബെന്നി തോമസ്, വഞ്ചിപ്പറമ്പിൽ,
തിരുവനന്തപുരം
ബിന്ദു & തോമസുകുട്ടി, മുണ്ടുകോട്ടക്കൽ, മന്ദമരുതി,
റാന്നി

Advt - O

## 40th Day of Demise

**24-05-2023**



## Chinnamma Kuruvilla

**Thottathil House, Thuruthicad**

“നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ ”

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 40th DAY REMEMBRANCE

**12/05/2023**



## LEELAMMA THOMAS

Thekkumuriyil House, Edakulam

MIG-1/777, HUDCO, Bhilai

*I have fought the good fight, I have finished the race, I have kept the faith.*

By Sorrowing Family

Advt -O

| 20-ാം ചരമവാർഷികം | 40-ാം ചരമദിനം |
| --- | --- |
| 25-05-2023 | 15-05-2023 |



**M.T തോമസ്** **ശോശാമ്മ തോമസ്**

## മൂഴിപറമ്പിൽ

ചിങ്ങവനം

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ
സൃഷ്ടിയെ നീ പുതുതാക്കീടണമെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 40 – ാം ചരമദിനം

18 – 05 – 2023



## അമ്മിണി ജോസ്

കുന്നത്ത് ഹൗസ്,

മീനാങ്കൽ, തിരുവനന്തപുരം

*ഞാൻ തന്നെ പുനരുത്ഥാനവും ജീവനും.*
*എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.*

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

# 8th Anniversary in Heaven

23rd May 2023






# Reeve Mathew

## Ottaplammoottil, Chicago, USA

*Love you always Reeve kutta*
*Appa & Amma*



Advt - R

## 23 – ാം ചരമവാർഷികം

10 – 06 – 2000



## ചാച്ചിയമ്മ ഏബ്രഹാം

## 1 – ാം ചരമവാർഷികം

30 – 05 – 2023



## കെ. സി. ചെറിയാൻ

(കുഞ്ഞുമോൻ)

തോട്ടമൺ, റാന്നി

കല്ലുവെട്ടാംകുഴിയിൽ,

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 6 – ാം ചരമവാർഷികം

11 – 05 – 2023



## ലൈസാമ്മ മാത്യു

## 12 – ാം ചരമവാർഷികം

19 – 06 – 2023



## ഏലിയാമ്മ മാത്തുണ്ണി

മുളമൂട്ടിൽ, കുറ്റൂർ, തിരുവല്ല

## 12 – ാം ചരമവാർഷികം

26 – 06 – 2023



## അഡ്വ. ജൂലി സുനിൽ

കല്ലുവെട്ടാംകുഴിയിൽ,

താഴത്തങ്ങാടി, കോട്ടയം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

**08 –ാം ചരമവാർഷികം**
**22-05-2023**



**പി. കെ. ഏബ്രഹാം (കുഞ്ഞുമോൻ)**
**പടിഞ്ഞാറേമുറിയിൽ (കുര്യൻ മെഡിക്കൽസ്)**
**ഐത്തല, റാന്നി**
നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

**05 –ാം ചരമവാർഷികം**
**31-05-2023**



**അമ്മിണി മാമ്മൻ**
**കുറ്റിക്കാട്ടിൽ, മഴുക്കീർ**
കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
സന്തപ്ത കുടുംബാംഗങ്ങൾ

**12 –ാം ചരമവാർഷികം**
**24- 05-2023**

**29 –ാം ചരമവാർഷികം**
**05-08-2023**




**അന്നമ്മ സ്കറിയ** **റ്റി.റ്റി. സ്കറിയ**

**തോട്ടുപുറത്ത്**
**വെൺപാല, തിരുവല്ല**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
സന്തപ്ത കുടുംബാംഗങ്ങൾ

**37 –ാം ചരമവാർഷികം**
**31-05-2023**



**എ. കെ. ഏബ്രഹാം (Pony)**
**ആറൊന്നിൽ, റാന്നി**
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

**36th YEAR OF DEMISE**
**03-06-2023**




## P. A. JOSEPH
**PALLIYAMBIL, KUTTOOR, THIRUVALLA**
**Sorrowing family**

**18 – ാം ചരമവാർഷികം**
**04-06-2023**




## കുര്യൻ ജോസഫ് (ജയൻ)
**മാമ്മൂട്ടിൽ, കുറ്റൂർ**
**നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൻ വലഭാഗത്തിൽ**
**സന്തപ്ത കുടുംബാംഗങ്ങൾ**

**12th Death Anniversary**
**17-05-2023**



## എം. സി. പുന്നൂസ്
**മേപ്പാരത്തിൽ, തോട്ടമൺ, റാന്നി**
**കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ**
**സന്തപ്ത കുടുംബാംഗങ്ങൾ**

**16 – ാം ചരമവാർഷികം**
**03-06- 2023**



## മാത്തുകുട്ടി
**തേക്കുംമൂട്ടിൽ, വള്ളംകുളം**
**നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൻ വലഭാഗത്തിൽ**
**സന്തപ്ത കുടുംബാംഗങ്ങൾ**

**1 – ാം ചരമവാർഷികം**
**27-05-2023**




**റ്റി. ജെ. ജോസഫ്**
**തച്ചോറ വീട്, കുറിച്ചി**
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

**5th Death Anniversary**
**26-05-2023**



**Baiju Mathew**
**Toronto, Canada**
**(Kanapuzha, Ranny)**
You will live in our hearts forever
**Sorrowing family**
Sheeba (Wife), Lianna (Daughter) and Reubeh (Son)

**05 – ാം ചരമവാർഷികം**
**15-05-2023**




**ജോയി മാത്യു**
**ഇളപ്പുങ്കൽ, വെണ്ണിക്കുളം**
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

**06 – ാം ചരമവാർഷികം**
**15-05-2023**



**ലൈസി സണ്ണി**
**ആലൂംമൂട്ടിൽ കണ്ടത്തിൽ, വെസ്റ്റ് ഓതറ, തൈമറവുംകര**
കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
സന്തപ്ത കുടുംബാംഗങ്ങൾ

**02 – ാം ചരമവാർഷികം**
**06-06-2023**



**എം. എം. ജോസഫ് (കുഞ്ഞച്ചൻ)**
**മണച്ചുവട്ടിൽ, തിരുവൻവണ്ടൂർ**
തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായപള്ളി സീനിയർ
സുവിശേഷകനും പ്രധാന ശുശ്രൂഷകനും ആയിരുന്നു)
**പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ**

---

**20 – ാം ചരമവാർഷികം** **26-05-2023** | **18 – ാം ചരമവാർഷികം** **21-07-2023**



**വി.കെ. മത്തായി** | **മേരിക്കുട്ടി മത്തായി**

**വെച്ചൂപ്പറമ്പിൽ, വാകത്താനം**

**"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു. അവിടെ നിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു"**
**സന്തപ്ത കുടുംബാംഗങ്ങൾ**

---

**പാവനസ്മരണയ്ക്ക്**

**21 – ാം ചരമവാർഷികം** **08-05-2023** | **02 – ാം ചരമവാർഷികം** **02-05-2023**




**ഉതുപ്പ് ജോസഫ് (ഉണ്ണി)** | **അച്ചുകുട്ടി ജോസഫ്**
(Retd. Post Master)

**ഊലേത്ത്, ഇരവിപേരൂർ**

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ**
**സന്തപ്ത കുടുംബാംഗങ്ങൾ**

---

**04 – ാം ചരമവാർഷികം**
**16-05-2023**



**തമ്പി ഏബ്രഹാം**
**ആലുംമൂട്ടിൽ, കുഴിമറ്റം, കോട്ടയം**

**കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ**
**സന്തപ്ത കുടുംബാംഗങ്ങൾ**

**7th Death Anniversary**
**15-04-2023**



**P. PUNNOOSE**
**KUDAKANAL HOUSE**
**VALSAD, GUJARAT**

**"All of us are grateful for the fond memories!"**

**2nd Birthday in Heaven**
**06-05-2023**



**Aleyamma Joseph**
**Madathumkal, Eraviperoor**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

**സ്നേഹ സ്മരണയ്ക്ക്**

25 – ാം ചരമവാർഷികം
13-05-2023

17 – ാം ചരമവാർഷികം
10-02-2023





**ചാണ്ടി അന്ത്രയോസ്** **ഏലിയാമ്മ അന്ത്രയോസ്**

കളത്തിൽ, നീലംപേരൂർ

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

12 – ാം ചരമവാർഷികം
24 -05 -2023

30 – ാം ചരമവാർഷികം
29 -07 -2023





**കെ. സി. ഏബ്രഹാം**
(അവറാച്ചൻ)
(Ex-Service)

**കെ. ഒ. ഏലിയാമ്മ**
(തങ്കമ്മ)
(Rtd. Teacher)

കരിയിൽ, പാക്കിൽ, കോട്ടയം

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

18 – ാം ചരമവാർഷികം 06 – ാം ചരമവാർഷികം

03- 06 - 2023 26- 05 - 2023



**കെ. പി. കുറിയാക്കോസ്** **അച്ചാമ്മ കുറിയാക്കോസ്**


**ഈശ്വരൻപറമ്പിലായ കാട്ടുപറമ്പിൽ**
**കുറിച്ചി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ

സന്തപ്ത കുടുംബാംഗങ്ങൾ

## 23rd Birthday in Heaven

11-05-2023



## Anish Abraham Arackal

**Arackal, Chingavanam (Kavalam)**

**31-8-1981 to 11-5-2000**

"You are living in our hearts always"

*By Sorrowing Family*

02 – ാം ചരമവാർഷികം

28 - 04 - 2023



**കെ. എ. അനിയൻ**

**കുറുപ്പൻപറമ്പിൽ, ഇരവിപേരൂർ**

സന്തപ്ത കുടുംബാംഗങ്ങൾ

17 – ാം ചരമവാർഷികം 25 – ാം ചരമവാർഷികം

01-05 -2023 24 -05 -2023



**പി. എം. കുഞ്ഞച്ചൻ** **ശോശാമ്മ മാത്യു**

(ഉതുപ്പാൻ)

**പുല്ലംപറമ്പിൽ, ചിങ്ങവനം**

സന്തപ്ത കുടുംബാംഗങ്ങൾ

**40 – ാം ചരമദിനം**
**01-05-2023**



**മാത്യൂസ് കുറിയാക്കോസ്**
**കാവുങ്കൽ, നെല്ലിക്കമൺ, റാന്നി**

സന്തപ്ത കുടുംബാംഗങ്ങൾ

10-ാം ചരമവാർഷികം
20-5-2023



ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ
ആരും ഒരു നാളും മരിക്കയില്ല (1 യോഹന്നാൻ 11:26)

M.P. Kuriakose Rtd. Teacher Mettumkel(H)
Pulloopram P.O, Ranni.

സന്തപ്ത കുടുംബാംഗങ്ങൾ

2ND DEATH ANNIVERSARY
12-05-2023



**LEELAMMA THOMAS**

KONDAKASSERIL
MAMPUZHAKARY

BORN:13-03-1936 DIED:12-05-2021

**40 – ാം ചരമദിനം**
**09-05-2023**



**അന്നാമ്മ മാത്യു**
**പാലകുടിയിൽ, ചിങ്ങവനം**


**കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ**
മക്കൾ, കൊച്ചുമക്കൾ

05 – ാം ചരമവാർഷികം
16-05-2023




മറിയാമ്മ ഏബ്രഹാം
പടിപ്പുരയ്ക്കൽ
കല്ലിശ്ശേരി
*സന്തപ്ത കുടുംബാംഗങ്ങൾ*

19 – ാം ചരമവാർഷികം
07-05-2023




**T.I. Elias**
**Thuruthel House**
**Thymaravumkara**
**Thiruvalla**
**Sorrowing family**

13 – ാം ചരമവാർഷികം
08-05-2023




കെ.കെ. പുന്നൂസ് (തമ്പി)
കീളാത്ര, മഴുക്കീർ
കല്ലിശ്ശേരി
*സന്തപ്ത കുടുംബാംഗങ്ങൾ*

29 – ാം ചരമവാർഷികം
03- 05 - 2023



എം.റ്റി. ജോസഫ്
കടയ്ക്കേത്ത്
മുരിങ്ങകാലായിൽ
മന്ദിരം, റാന്നി
*സന്തപ്ത കുടുംബാംഗങ്ങൾ*

13 – ാം ചരമവാർഷികം
05-05-2023



കെ.ഐ. ഏബ്രഹാം
കാട്ടുവേലിൽ
കല്ലിശ്ശേരി, മഴുക്കീർ
*സന്തപ്ത കുടുംബാംഗങ്ങൾ*

21 – ാം ചരമവാർഷികം
12-05-2023




സാലമ്മ ചാണ്ടി
തുണ്ടിയിൽ
കറ്റോട്
*സന്തപ്ത കുടുംബാംഗങ്ങൾ*

01 – ാം ചരമവാർഷികം
09-04-2023



പി.കെ. തോമസ്
(കുഞ്ഞുമോൻ)
പറത്താനത്ത്
മള്ളൂശ്ശേരി, കോട്ടയം
*സന്തപ്ത കുടുംബാംഗങ്ങൾ*

16 – ാം ചരമവാർഷികം
10-05-2023




ഫിലിപ്പ് ജോസഫ് (രാജു)
വട്ടത്തകിടിയിൽ
ചിങ്ങവനം
*സന്തപ്ത കുടുംബാംഗങ്ങൾ*

1 – ാം ചരമവാർഷികം
08-05-2023




മറിയാമ്മ സ്ക്കറിയ
(അമ്മിണി)
പുത്തൻവീട്, കുറിച്ചി
*സന്തപ്ത കുടുംബാംഗങ്ങൾ*

21 – ാം ചരമവാർഷികം
26-05-2023



പി. കെ. കുര്യൻ
പാടകശ്ശേരിൽ, കുറിച്ചി
*സന്തപ്ത കുടുംബാംഗങ്ങൾ*

02 – ാം ചരമവാർഷികം
12-05-2023



ജോസഫ് ഏബ്രഹാം
(ബാവച്ചൻ)
മണലിൽ, കുറ്റൂർ
*സന്തപ്ത കുടുംബാംഗങ്ങൾ*

കരുണ
നിറഞ്ഞവനെ
പുനരുത്ഥാനത്തിൽ
നിന്നുടെ
സൃഷ്ടിയെ
നീ
പുതുതാക്കീടണമെ

# വേർപാടിന്റെ 10–ാം വാർഷികം

20–05–2023



Advt - S

## V. T. KURIAKOSE

**പഴയപീടികയിൽ, തുരുത്തിക്കാട്**

*സന്തപ്ത കുടുംബാംഗങ്ങൾ*

Registered No. KL/CHC/29/2021-23 **KNANAYA DEEPAM** RNI No. KERBIL/2006/19210
Published on 15 May 2023 Chingavanam Vol. 34, Issue: 5 ₹ 10

Third Death Anniversary
24-May-2023



# ELIAS P. JOSEPH

Palakudyil, Bangalore

31.08.1938 – 24.05.2020

*Treasured in our hearts you'll stay, until we meet again someday.*

**Deeply missed by Family & Friends**

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**